കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2018 ജൂലൈ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ



**ഉണ്ണിക്കുട്ടനും രാമൻപരുന്തും**
(നോവൽ)
**ഷാനവാസ് വള്ളികുന്നം**
വില 55




**ആനക്കാര്യം**
(ചിത്രപുസ്തകം)
**എൻ ടി രാജീവ്**
വില ₹70




**മീഡിയ**
(ഗദ്യപുനരാഖ്യാനം)
**ഡോ. ഡി രാജേന്ദ്രൻ**
വില ₹110




**ഞങ്ങൾ അമ്പിളിമാമന്റെ ഫാനാ ... നിങ്ങളോ?** (പ്രൈമറി വിഭാഗം)
**സൈജ എസ്**
വില ₹45




**മൂങ്ങാച്ചിക്കുഞ്ഞ്**
(പുനരാഖ്യാനം)
**എസ് ശാന്തി**
വില 35



**വല്ലം നിറ നിറ നിറയോ**
(നാടകം)
**ആലിന്തറ ജി കൃഷ്ണപിള്ള**
വില ₹90



**കുട്ടിമുത്തശ്ശി**
(കഥകൾ)
**തനൂജ ഭട്ടതിരി**
വില ₹40




**മുഹമ്മദ് അലി**
(ജീവചരിത്രം)
**സനിൽ പി തോമസ്**
വില ₹60


**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471-233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജൂലൈ 2018
വില ₹20
വാർഷികവരിസംഖ്യ ₹200

ഉള്ളടക്കം

## പോസ്റ്റ്മാസ്റ്റർ

6

**പുനരാഖ്യാനം : അബ്ദുൾ സലാം**

ഗ്രാമത്തിൽ പുതുതായെത്തിയ പോസ്റ്റ്മാസ്റ്ററുടെയും അയാളെ സഹായിക്കാനെത്തിയ രതൻ എന്ന അനാഥബാലികയുടെയും കഥ. ടാഗോറിന്റെ *പോസ്റ്റ്മാസ്റ്റർ* എന്ന മനോഹരമായ കഥയുടെ പുനരാഖ്യാനം.



## ഗാന്ധിജി സ്വപ്നം കണ്ട മാതൃകാവിദ്യാലയം

10

**ഷബിൽ കൃഷ്ണൻ**



മഹാരാഷ്ട്രയിലെ വാർധ ജില്ലയിലെ വിദ്യാലയമാണ് ആനന്ദ്നികേതൻ. ഗാന്ധിജിയുടെ വിദ്യാഭ്യാസചിന്തകളുടെ നേർക്കാഴ്ചയാണ് ഇവിടം. ഓരോ സ്പന്ദനത്തിലും ഗാന്ധിജി കൂടെയുണ്ടെന്ന് തോന്നിപ്പിക്കുന്ന ആനന്ദ്നികേതനെ കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിക്കൂ...

## ഇന്ത്യയുടെ ജലമനുഷ്യൻ

36

**കെ പി ലക്ഷ്മണൻ**

ജലസംരക്ഷണ പ്രവർത്തനത്തിലൂടെ ലോകത്തിനു മാതൃകയായ ഇന്ത്യയുടെ ജലമനുഷ്യൻ, രാജേന്ദ്രസിങ്ങിനെക്കുറിച്ച് കൂടുതൽ അറിയാൻ സഹായിക്കുന്ന ലേഖനം.



**മുൻമൊഴി** ........ 4
സുഗതകുമാരി
**ആനക്കാര്യം** ........ 5
രാജീവ് എൻ ടി
**അമ്മച്ചിറക്** ........ 9
ഹരീഷ് ആർ നമ്പൂതിരിപ്പാട്
**ഇഴയടുപ്പം** ........ 14
കെ എസ് പുരുഷോത്തമൻ
**ഗുണപാഠം** ........ 16
മുഹമ്മ ശശിധരപ്പണിക്കർ
**ആരോഗ്യം** ........ 18
ഡോ. ബി പത്മകുമാർ
**സുൽത്തു** ........ 20
എം എസ് കുമാർ
**കുഞ്ഞാറ്റ** ........ 23
മാത്യുജോൺ
**അരുണ ആസഫ് അലി** ........ 24
ജോർജ് തഴക്കര
**പഞ്ചതന്ത്രം** ........ 28
ബി സി ഖാദർ
**മൊഞ്ചുള്ള പഞ്ചമിത്തത്ത** ........ 31
സന്തോഷ് ജി പഴവീട്
**മുക്കുറ്റിക്കുഞ്ഞ്** ........ 32
രാജഗോപാലൻ നാട്ടുകൽ
**സ്വപ്നമാളിക** ........ 39
ജിതേഷ് വേങ്ങൂർ
**ബ്രാഡ്മാന്റെ തമാശ** ........ 40
സനിൽ പി തോമസ്
**സ്കൂളറിവ്** ........ 42
കെ ടി രാജഗോപാലൻ
**ശൈലി വന്ന വഴി** ........ 44
എം ഗീതാഞ്ജലി
**കൊമ്പൻ വരവുണ്ടേ** ........ 47
രാമചന്ദ്രൻ ആറ്റുവാശ്ശേരി
**വഴിയൊരുക്കാം മുന്നേറാം** ........ 48
പീറ്റർ കുരിശിങ്കൽ
**വരിക്കച്ചക്ക** ........ 49
ഇ പി ആർ വേശാല
**തിരിച്ചറിവ്** ........ 49
സുരേന്ദ്രൻ എഴുപുന്ന
**ഇളംതളിര്** ........ 52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ........ 54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**റോണി ദേവസ്യ**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org, director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# മിസ്ഡ്കോൾ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾ, പ്രത്യേകിച്ച് ഹൈസ്കൂൾ ക്ലാസ്സിലെത്തുന്നവരും എത്തിയവരും അവിടം കടന്നവരുമൊക്കെയായ മുതിർന്ന പെൺകുട്ടികൾ ഏറ്റവും അധികം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് എനിക്ക് പറയാനുള്ളത്. മൊബൈൽ ഫോണിനെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ പറഞ്ഞത് വായിച്ചല്ലോ.

ഈ ഉപയോഗപ്രദമായ ഉപകരണം ഇന്ന് ഏറ്റവും ദ്രോഹകരമായ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കപ്പെടുന്നു. എന്റെ മുന്നിൽ നിരവധി ദുഃഖമയമായ, ലജ്ജാവഹമായ കേസുകൾ എത്തിച്ചേരാറുണ്ട്. വീട്ടിൽ നിന്ന് ഇറങ്ങിപ്പോയ പെൺകുട്ടികൾ, ചതിക്കപ്പെട്ടവർ, കല്യാണം കഴിക്കാമെന്നു പറഞ്ഞ് മോഹിപ്പിച്ച് വിളിച്ചിറക്കിക്കൊണ്ടുപോയി വിറ്റഴിക്കപ്പെട്ടവർ, കുടുംബജീവിതം തകർന്നവർ, ഗർഭിണികളായ പെൺകുട്ടികൾ, ആത്മഹത്യയ്ക്കു ശ്രമിച്ചവർ ഇങ്ങനെയുള്ളവർ കണ്ണീരുമായി നേരിട്ടു വരാറുണ്ട്. കൂട്ടുകാരികളുമൊത്തു വരാറുണ്ട്. അമ്മയുമൊത്ത് അച്ഛനറിയാതെ രഹസ്യമായി എത്തിച്ചേരാറുണ്ട്. പോലീസിന്റെ പിടിയിൽപ്പെട്ട് കോടതിയിൽ ഹാജരാക്കപ്പെട്ട് ഞങ്ങളെ ഏൽപ്പിക്കപ്പെടുന്നവരുണ്ട്. ഇവരെക്കൂടാതെ കണ്ണീരുമായി വരുന്ന അച്ഛനമ്മമാരുണ്ട്. 'മകളെ ഇനി വീട്ടിൽ കൊണ്ടുപോകാനൊക്കൂല്ല. സ്കൂളിൽ എല്ലാവരും അറിഞ്ഞു. ഇനിയെന്ത് ചെയ്യണം?' കുട്ടികൾ ഉത്തരം പറയുന്നു. ''ഞാൻ അവനെ വിശ്വസിച്ചുപോയി. എന്നെ ചതിച്ചു.'' അവനെ എങ്ങനെ പരിചയപ്പെട്ടു? ''എന്റെ മൊബൈലിൽ ഒരു മിസ്ഡ് കോൾ കണ്ടു. ഇങ്ങോട്ടു വിളിച്ചു. അങ്ങനെ പരിചയമായി. ഞങ്ങൾ എന്നും മണിക്കൂറുകൾ സംസാരിക്കും ആരും അറിയുകയില്ല.''

''രാത്രിയിലാണ് കോൾ വരുന്നത്. അമ്മയുമച്ഛനുമറിയാതെ ഞാൻ തുണികൊണ്ട് മൂടി പതുക്കെ സംസാരിക്കും.'' ഇങ്ങനെ എത്രയോപേർ പറയുന്നു.

''മൊബൈലിൽ വിളിച്ച്.............. സ്ഥലത്ത് ചെല്ലാൻ പറഞ്ഞു. ചെന്നില്ലെങ്കിൽ അയാൾ മരിച്ചു കളയുമെന്നു പറഞ്ഞു. അങ്ങനെ ചെന്നതാണ്.''

''റെയിൽവേ സ്റ്റേഷനിൽ ചെല്ലാൻ പറഞ്ഞു.''

''സിനിമാതിയേറ്ററിൽ കാണാമെന്ന് പറഞ്ഞു.''

''ഹോട്ടലിന്റെ നടയിൽ നിൽക്കാൻ പറഞ്ഞു.''

''ഐസ്ക്രീം കഴിക്കാൻ പോയതാണ്.''

''ടാക്സിയെടുത്ത് കറങ്ങുകയായിരുന്നു. അവർ രണ്ടുപേരുണ്ടായിരുന്നു.''

''ഒടുവിൽ പോലീസ് പിടിച്ചു. കോടതിക്കൂട്ടിൽ കയറി മുഖം കുനിച്ചുനിന്നു. എല്ലാവരുമറിഞ്ഞു. ഇനി ഞാൻ മരിക്കും.''

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, കുറച്ചുകൂടി തലച്ചോർ പ്രവർത്തിപ്പിക്കൂ. തീരെ വിഡ്ഢികളാകാതിരിക്കൂ. സിനിമയിലും പരസ്യങ്ങളിലും കാണുന്നതല്ല ജീവിതം. യഥാർഥ ജീവിതം പലപ്പോഴും ക്രൂരവും ഭയപ്പെടുത്തുന്നതുമാണ്. ചതിക്കുഴിയിൽ വീഴാൻ



വര: സുധീർ പി വൈ

എത്ര എളുപ്പം! പക്ഷേ അതിൽ നിന്ന് കയറിവരാനോ?

തൊഴിലില്ലാത്ത കുറേ ചെറുപ്പക്കാരോ ക്രിമിനൽ മനോഭാവമുള്ള ചില മാന്യന്മാരോ മദ്യഷാപ്പിലോ ലോഡ്ജിലോ എവിടെയെങ്കിലും കൂടിയിരുന്ന് ആലോചിക്കും. ഇരകളെ കെണിയിൽപ്പെടുത്താൻ എന്തുവഴി? ഇരയെ തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ അവളോട് അടുപ്പം കാണിക്കലായി, വഴിയിൽ കാത്തുനിൽക്കലായി, കണ്ണുനിറഞ്ഞ് സ്നേഹം പ്രഖ്യാപിക്കലായി, മൊബൈൽ നമ്പരുകൾ കൈമാറലായി. പിന്നീട് നാടകം നേരത്തെ എഴുതപ്പെട്ടതുപോലെ.


വെറും മിസ്ഡ് കോൾസ് ഉണ്ട്. യദൃച്ഛയാ കിട്ടുന്ന ഒരു നമ്പർ– സ്ത്രീശബ്ദത്തിലാണ് മറുപടിയെങ്കിൽ 'ക്ഷമിക്കണേ, തെറ്റിപ്പോയതാണ്. ഞാൻ...' ഈ വിധത്തിൽ തുടക്കമിടുന്നു. മിക്കവാറും ഇത് വെറുതെയാകും. ചിലപ്പോൾ ഒരു ഇര ചൂണ്ടയിൽ കൊത്തുന്നു. പിന്നെ എളുപ്പമായി.

മൊബൈൽഫോൺ ബന്ധങ്ങൾക്ക് ഭീകരമായ മറ്റൊരു മുഖം കൂടിയുണ്ട്. ഫോട്ടോ എടുക്കൽ. പുതിയ കൂട്ടുകാരനുമൊത്ത് തോളോടു തോൾ ചേർന്നിരുന്ന് ഒരു ഫോട്ടോ എടുക്കുന്നത് കൂട്ടുകാരന്റെ കൂട്ടുകാരായിരിക്കും. അടുത്ത സന്ദർശനത്തിൽ കുറേക്കൂടി അടുപ്പമുള്ള ഒരു ഫോട്ടോ– പിന്നീട് പിന്നീട് ചതിക്കപ്പെടുമ്പോൾ അശ്ലീലചിത്രങ്ങൾ– അവ ഉപയോഗിച്ചുള്ള ഭീഷണി കൂടെയാവുമ്പോൾ പെൺകുട്ടി തികച്ചും നിസ്സഹായയാവുന്നു. കാണാതാവുന്ന കുട്ടികളുടെ കണക്ക് ഭയാനകമാണ്.

തൊട്ടടുത്തുതന്നെയുള്ളത്, ഈ നിമിഷം സംഭവിക്കാവുന്ന ആപത്താണ്. ഒരു മിസ്ഡ്കോൾ... ചിലപ്പോൾ അത് നിങ്ങളെ നയിക്കുന്നത് ഒരു തിരിച്ചുവരവില്ലാത്ത ദുഃഖത്തിലേക്കോ, അപമാനത്തിലേക്കോ പോലീസ് സ്റ്റേഷനിലേക്കോ, നാടുകടത്തലിലേക്കോ, മരണത്തിലേക്കോ, മരണത്തേക്കാൾ കഷ്ടതരമായ ചുവന്ന തെരുവിലേക്കോ ആയിരിക്കാം– ജാഗ്രത!

എന്റെ കുട്ടികൾക്ക് കൂടുതൽ ബുദ്ധിയും ശ്രദ്ധയും അഭിമാനവും സത്യവുമുണ്ടാകട്ടെ– ഇത് എന്റെ പ്രാർഥന.

സ്നേഹത്തോടെ,
**സുഗതകുമാരി**



# പോസ്റ്റ്മാസ്റ്റർ

**രവീന്ദ്രനാഥ ടാഗോർ**
**പുനരാഖ്യാനം: അബ്ദുൾ സലാം**

പോസ്റ്റ്മാസ്റ്റർക്ക് ആദ്യമായി ജോലി കിട്ടിയത് ഉലാപ്പൂർ എന്ന ഗ്രാമത്തിലായിരുന്നു. അവിടെ ഒരു നീലം ഫാക്ടറിയുണ്ട്. അതിന്റെ ഉടമസ്ഥൻ തൊട്ടടുത്തുതന്നെയായിരുന്നു താമസിച്ചിരുന്നത്.

കൊൽക്കത്തയായിരുന്നു ആ പോസ്റ്റ്മാസ്റ്ററുടെ സ്വദേശം. നഗരത്തിൽ ജനിച്ചുവളർന്ന അദ്ദേഹത്തിന് കുഗ്രാമത്തിലെ ജീവിതം അസഹ്യമായി. അദ്ദേഹത്തിന്റെ വാസസ്ഥലവും ഓഫീസും വൈക്കോൽക്കൊണ്ട് മേഞ്ഞ ഒരു കൂടാരത്തിലായിരുന്നു. തൊട്ടടുത്ത് ചെളിയും പുല്ലും നിറഞ്ഞ ഒരു കുളവും ഇടതൂർന്ന കുറ്റിക്കാടുമായിരുന്നു ഉണ്ടായിരുന്നത്.

കൂട്ടുകാരായി അദ്ദേഹത്തിന് ആരുമുണ്ടായിരുന്നില്ല. ഏകാന്തതയിലദ്ദേഹം കവിതകൾ കുറിച്ചിടുന്നതിലാനന്ദം കണ്ടെത്തി.

കിട്ടുന്ന ശമ്പളം വളരെ തുച്ഛമായിരുന്നു. ഭക്ഷണം അദ്ദേഹം സ്വയം പാകം ചെയ്യും. വീട്ടുജോലികളിൽ രതൻ എന്ന അനാഥപ്പെൺകുട്ടി അദ്ദേഹത്തെ സഹായിച്ചു. അയാൾ അവൾക്കു ഭക്ഷണം നൽകി.

ഒരു സന്ധ്യയ്ക്ക് പതിവുപോലെ കുറ്റിക്കാടുകൾക്കിടയിൽ ചീവീടുകൾ ഒച്ചവെച്ചു. പോസ്റ്റ്മാസ്റ്റർ തന്റെ വിളക്ക് കൊളുത്തി. പതിവുപോലെ ഉറക്കെ വിളിച്ചു. 'രതൻ...'

നിത്യവും രതൻ ഈ വിളിയും കാത്തിരിക്കും. വിളി കേട്ടയുടനെയവൾ തിരിച്ചു ചോദിക്കും.

''സാർ നിങ്ങളെന്നെ വിളിച്ചോ?''

''നീയെന്താണ് കുട്ടി ചെയ്യണത്?'' അദ്ദേഹം ചോദിക്കും

''ഞാനടുപ്പിൽ തീ കൂട്ടാനൊരുങ്ങുന്നു.''

പതിവുപോലെ ഉത്തരം വരും.

പോസ്റ്റ്മാസ്റ്റർ തിടുക്കത്തിൽ പറയും ''അതിനുമുമ്പ് എന്റെ സിഗററ്റ് കത്തിച്ച് തരൂ.''

അങ്ങനെ രതൻ തീക്കനലുകളിലേക്കൂതിക്കൊണ്ട് പ്രവേശിക്കും. കുട്ടിയോട് സംസാരിച്ചിരിക്കുമ്പോൾ തന്റെ ഏകാന്തതയിലൊരാശ്വാസം



വര: റോണി ദേവസ്യ

കൈവന്നപോലെ അയാൾക്ക് അനുഭവപ്പെടും.

"കുട്ടീ.... കുട്ടീടെ അമ്മയെ പ്പറ്റി എന്തെങ്കിലും ഓർമിക്കു ന്നുണ്ടോ?"

അവൾ ഓർമച്ചെപ്പ് തുറക്കും. ഓർമയിൽ തെളിയുന്ന കാര്യ ങ്ങൾ പറയുവാനാരംഭിക്കും. അമ്മയേക്കാൾ അച്ഛനായി രുന്നു അവളോടു കൂടുതലിഷ്ടം. അച്ഛന്റെ മുഖം അവളുടെ മനസ്സിൽ വ്യക്തമായി തെളി ഞ്ഞുവരും.

വൈകിട്ട് ജോലി കഴി ഞ്ഞെത്തുന്ന അച്ഛന്റെ മുഖം അവൾക്കോർമയുണ്ട്. ഒന്നുരണ്ട് ദിവസങ്ങളിലെ ചിത്രങ്ങൾ മന സ്സിൽ തെളിഞ്ഞുവന്നു.

ചിന്താമഗ്നയായ രതൻ പോസ്റ്റ്മാസ്റ്ററുടെ കാൽക്കീഴിൽ ഇരുന്നു. തന്റെ കൊച്ചനുജന്റെ മുഖം അവളുടെ മനസ്സിൽ തെളി ഞ്ഞുവന്നു. അവനോടൊപ്പം കുളക്കരയിലിരുന്ന് ചൂണ്ട കൊണ്ട് മീൻപിടിക്കുന്ന ഓർമ ച്ചിത്രം അവളാസ്വദിച്ചു.

ഒരുനിമിഷം പോസ്റ്റ്മാസ്റ്റ റുടെ മനസ്സും തന്റെ കുടുംബ ത്തെക്കുറിച്ചോർത്തുപോയി. തന്റെ അമ്മയും സഹോദരിയും വീടുമെല്ലാം മനസ്സിലോടി യെത്തി.

രതൻ എന്ന അനാഥക്കുട്ടി യുടെ സാന്നിധ്യം അയാളുടെ ഓർമകൾക്ക് വേഗതകൂട്ടി. അവൾ തന്റെ കുടുംബത്തെക്കു റിച്ചയാളോടു പറയും. തന്റെ അമ്മ, സഹോദരൻ, സഹോദരി കുടുംബത്തിലെ എല്ലാവരു ടെയും ചിത്രങ്ങൾ അവളുടെ മനസ്സിലുണ്ട്.

ഒരുദിവസം മഴപെയ്ത് തണുത്ത അന്തരീക്ഷം. വൈകു ന്നേരസമയം പോസ്റ്റ്മാസ്റ്റർ ഏകാന്തതയിലഭയം തേടി. ഒടുവിൽ അദ്ദേഹം ഉറക്കെ വിളിച്ചു. 'രതൻ...'

അവൾ പേരമരച്ചുവട്ടിൽ കിടന്ന പേരയ്ക്ക തിന്നുകയാ യിരുന്നു. വിളികേട്ടവൾ കുതി ച്ചെത്തി.

"നിങ്ങളെന്നെ വിളിച്ചോ ദാദാ...?" അവൾ ചോദിച്ചു.

"ഞാൻ നിന്നെ വായിക്കാൻ പഠിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയായിരുന്നു." അദ്ദേഹം അന്നവളെ വായി ക്കുവാൻ പഠിപ്പിച്ചു.

മഴ ശക്തിപ്പെട്ടു. ചാലുകൾ, കനാൽ, തുരങ്കങ്ങൾ എല്ലായി ടങ്ങളിലും വെള്ളം നിറഞ്ഞൊ ഴുകി. തിമിർത്തു പെയ്യുന്ന മഴയുടെ ശബ്ദവും തവളകൾ കരയുന്ന ശബ്ദവും രാപകലു കൾ നീണ്ടുനിന്നു. ഗ്രാമത്തിലെ വഴികളിലൂടെ നടക്കാൻ കഴിയാ തെയായി. കച്ചവടസാധനങ്ങൾ തോണികളിൽ കയറ്റി കച്ചവടം ചെയ്യേണ്ടിവന്നു.

**ചിന്താമഗ്നയായ രതൻ പോസ്റ്റ്മാസ്റ്ററുടെ കാൽക്കീഴിൽ ഇരുന്നു. തന്റെ കൊച്ചനുജന്റെ മുഖം അവളുടെ മനസ്സിൽ തെളിഞ്ഞു വന്നു. അവനോടൊപ്പം കുളക്കരയിലിരുന്ന് ചൂണ്ടകൊണ്ട് മീൻ പിടിക്കുന്ന ഓർമച്ചിത്രം അവളാസ്വദിച്ചു. ഒരുനിമിഷം പോസ്റ്റ് മാസ്റ്ററുടെ മനസ്സും തന്റെ കുടുംബത്തെക്കുറിച്ചോർത്തുപോയി.**

അടുത്തദിവസം. മേഘാവൃ തമായ സുപ്രഭാതം. പോസ്റ്റ്മാസ്റ്റ റുടെ വിളിക്കായി കാതോർത്ത് ആ പെൺകുട്ടി കുറേ സമയം ആകാംക്ഷാഭരിതയായി ഇരുന്നു. കാത്തു മടുത്തപ്പോൾ തന്റെ ബുക്കെടുത്ത് പതുക്കെ അയാ ളുടെ മുറിയിലെത്തി. തന്റെ ഗുരു നീണ്ടുനിവർന്നു കിടക്കു കയായിരുന്നു. വിശ്രമത്തിലാ യിരിക്കുമെന്ന് കരുതി മെല്ലെ തിരിച്ച് നടക്കാനിരിക്കെ പെട്ടെ ന്നയാൾ വിളിച്ചു.

"രതൻ"

"ദാദാ... ഉറങ്ങുകയായിരു ന്നോ?" അവൾ ചോദിച്ചു.

അദ്ദേഹം ദയനീയതയോടെ പറഞ്ഞു

"എനിക്ക് സുഖമില്ല."

രതൻ അദ്ദേഹത്തിന്റെ നെറ്റി യിൽ തൊട്ടു. പൊള്ളുന്ന ചൂട്. നന്നായി പനിക്കുന്നു. ഒരമ്മയെ പ്പോലെ അവൾ അദ്ദേഹത്തെ ശുശ്രൂഷിച്ചു. ഡോക്ടറെക്കണ്ട് മരുന്നുവാങ്ങി കൃത്യസമയത്ത് മരുന്നു നൽകി. രാത്രി മുഴു വൻ അദ്ദേഹത്തിന്റെ സമീപം ചെന്നിരുന്നു. കഞ്ഞി വേവിച്ചു നൽകി. ഇടയ്ക്കിടെ അദ്ദേഹ ത്തോടു ചോദിച്ചു.

"ദാദാ സുഖം തോന്നു ന്നുണ്ടോ?"

ദിവസങ്ങൾക്കുശേഷം അദ്ദേഹം സുഖംപ്രാപിച്ചു. 'ഇനിയും അനുഭവിക്കാൻ വയ്യ. എനിക്കൊരു ട്രാൻസ്ഫർ വേണം. ഇവിടത്തെ ജീവിതം ആരോഗ്യകരമല്ല.' അദ്ദേഹം മനസ്സിൽ ചിന്തിച്ചു.

അദ്ദേഹം കൊൽക്കത്ത യിലേക്ക് ട്രാൻസ്ഫറിനായി ഒരപേക്ഷ അയച്ചു.

അദ്ദേഹത്തിന്റെ അസുഖം മാറിയശേഷം രതൻ വീണ്ടും പഴയതുപോലെ അയാളുടെ വിളിക്കായി കാതോർത്തു. പക്ഷേ അതുണ്ടായില്ല. ചില പ്പോഴൊക്കെ അവൾ മുറിക്കു ള്ളിലേക്കു നോക്കും. അപ്പോ ഴൊക്കെ അയാൾ എന്തൊ ക്കെയോ ചിന്തിച്ച് അശ്രദ്ധ യോടെ ഇരിക്കുകയായിരിക്കും.

പോസ്റ്റ്മാസ്റ്റർ താനയച്ച അപേക്ഷയ്ക്കൊരു മറുപടി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അവളാകട്ടെ താൻ പഠിച്ച പാഠങ്ങൾ വീണ്ടും വീണ്ടും വായിച്ചുകൊണ്ടിരുന്നു. ഒരു വൈകുന്നേരം അയാൾ വീണ്ടും വിളിച്ചു.

അവൾ ആകാംക്ഷയോടെ അയാളുടെ മുറിയിലെത്തി.

''ദാദാ... നിങ്ങളെന്നെ വിളിച്ചോ?'' അവൾ ചോദിച്ചു.

''രതൻ, ഞാൻ നാളെ ഇവിടന്ന് പോവും.''

''ദാദാ നിങ്ങളെങ്ങോട്ടാണ് പോവണത്?''

അവൾ ദയനീയശബ്ദത്തിൽ ചോദിച്ചു.

''ഞാൻ വീട്ടിൽ പോവുന്നു.''

''നിങ്ങളെപ്പോൾ തിരിച്ചു വരും?''

അവൾക്ക് ആകാംക്ഷയായി.

''തിരിച്ചുവരില്ല.''

പിന്നെ രതൻ മറ്റൊന്നും ചോദിച്ചില്ല

''എന്റെ ട്രാൻസ്ഫറിന്റെ അപേക്ഷ നിരസിക്കപ്പെട്ടിരിക്കുന്നു. ഞാനെന്റെ ജോലി രാജിവച്ചു.''

**കുറേ സമയത്തേക്ക് രണ്ടുപേരും ഒന്നും പറഞ്ഞില്ല. അൽപ്പസമയം കഴിഞ്ഞ് രതൻ എഴുന്നേറ്റ് അടുക്കളയിലെത്തി ഭക്ഷണം തയ്യാറാക്കാൻ തുടങ്ങി. അവൾക്ക് മുമ്പത്തെപ്പോലെ ഉന്മേഷമുണ്ടായിരുന്നില്ല. അയാൾ ഭക്ഷണം കഴിച്ചെണീറ്റപ്പോഴവൾ അദ്ദേഹത്തെ നോക്കി ചോദിച്ചു.**

**"ദാദാ... എന്നെയും വീട്ടിലേക്കു കൊണ്ടുപോകാമോ?"**

കുറേ സമയത്തേക്ക് രണ്ടുപേരും ഒന്നും പറഞ്ഞില്ല. അൽപ്പസമയം കഴിഞ്ഞ് രതൻ എഴുന്നേറ്റ് അടുക്കളയിലെത്തി ഭക്ഷണം തയ്യാറാക്കാൻ തുടങ്ങി. അവൾക്ക് മുമ്പത്തെപ്പോലെ ഉന്മേഷമുണ്ടായിരുന്നില്ല. പലവിധ ചിന്തകളാൽ അവളുടെ മനസ്സ് അസ്വസ്ഥമായിരുന്നു. അയാൾ ഭക്ഷണം കഴിച്ചെണീറ്റപ്പോഴവൾ അദ്ദേഹത്തെ നോക്കി ചോദിച്ചു.

''ദാദാ... എന്നെയും വീട്ടിലേക്കു കൊണ്ടുപോകാമോ?'' അദ്ദേഹത്തിനു ചിരിവന്നു. ഒന്നുംമിണ്ടാതെ അയാൾ മുറിയിലെത്തി.



അടുത്തദിവസം നേരം പുലർന്നപ്പോൾ അയാൾക്ക് കുളിക്കാനുള്ള വെള്ളം അവൾ തയ്യാറാക്കിവച്ചിരുന്നു. അദ്ദേഹം വീട്ടിൽ പോവുന്ന സമയം ചോദിക്കാനവൾക്കു കഴിഞ്ഞിരുന്നില്ല. അവൾ നേരത്തെ ഉണർന്ന് വെള്ളം കോരിവയ്ക്കുകയായിരുന്നു. കുളികഴിഞ്ഞ് അയാൾ പതിവുപോലെ വിളിച്ചു

''രതൻ''

അവൾ ശോകമൂകയായി അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിനിന്നു.

''രതൻ, ഞാൻ പോവുന്നതിൽ ജിജ്ഞാസവേണ്ട. ഇനി വരുന്നയാൾ നിന്നെ സംരക്ഷിക്കും.''

അയാളുടെ വാക്കുകൾ അവൾക്കസഹ്യമായിരുന്നു. അയാൾ അവളെ ചീത്തവിളിച്ചപ്പോഴൊന്നും ഇത്രയും വിഷമമില്ലായിരുന്നു. അവൾ പൊട്ടിക്കരഞ്ഞുപറഞ്ഞു.

''വേണ്ട, നിങ്ങളെന്നെക്കുറിച്ചാരോടും പറയേണ്ടതില്ല. എനിക്കിവിടെ താമസിക്കണ്ട.''

പോസ്റ്റ്മാസ്റ്റർ മൂകനായി നിന്നു. രതനെ ഇത്രയും വിഷമത്തിൽ അയാൾ ഒരിക്കലും കണ്ടിട്ടില്ല.

അയാൾ യാത്രയ്ക്കൊരുങ്ങി. പുറപ്പെടുന്നതിനു മുമ്പയാൾ വിളിച്ചുപറഞ്ഞു.

''രതൻ... വരൂ... ഇത് വെച്ചോളൂ... കുറച്ച് കാലത്തേക്കുപകരിക്കും.''

അദ്ദേഹം പോക്കറ്റിലുണ്ടായിരുന്ന ശമ്പളം മുഴുവൻ പുറത്തെടുത്തു. യാത്രയ്ക്കാവശ്യമായ തുക മാറ്റിവച്ച് ബാക്കി തുക അവൾക്കുനേരെ നീട്ടി.

ദുഃഖിതയായ രതൻ അദ്ദേഹത്തിന്റെ കാൽക്കൽ വീണു പൊട്ടിക്കരഞ്ഞു.

''ദാദാ... എനിക്കൊന്നും തരരുത്. എന്നെക്കുറിച്ചോർത്ത് വിഷമിക്കരുത്.'' അവൾ ഓടിമറഞ്ഞു.

അയാൾ ദുഃഖത്താൽ നെടുവീർപ്പിട്ടു. തന്റെ ബാഗെടുത്തു. കുട തോളിൽ തൂക്കിയിട്ടു. അദ്ദേഹത്തിന്റെ സഹായി ബാഗെടുത്ത് പിന്തുടർന്നു. അവർ ബോട്ടിനു നേരെ നടന്നു.

അയാൾ ബോട്ടിൽ കയറി വെള്ളത്തിലേക്കു നോക്കിക്കൊണ്ടിരുന്നു. കണ്ണുനീരിന്റെ അരുവി ഭൂമിയിൽ നിന്നുയർന്ന് ചുഴികളായ് പൊന്തിയുയർന്ന് തേങ്ങിക്കരയുകയാണെന്നയാൾക്കു തോന്നി. അയാളുടെ മനസ്സ് വേദനിച്ചു. ദുഃഖിതയായ ഒരു ഗ്രാമീണ പെൺകുട്ടിയുടെ ദുഃഖത്തിൽ ഭൂമി തേങ്ങിക്കരയുന്നതായി അയാൾക്കനുഭവപ്പെട്ടു. ഭക്ഷണമില്ലാതെ ഏകാന്തയായിരിക്കുന്ന, ലോകം കൈയൊഴിഞ്ഞ പാവം പെൺകുട്ടിയെ തിരിച്ചുചെന്ന് കൂട്ടിക്കൊണ്ടുവരാൻ മനസ്സയാളെ പ്രേരിപ്പിച്ചു. പക്ഷേ, അടിച്ചുവീശുന്ന കാറ്റിന്റെ ദിശയിൽ പായ്ക്കപ്പൽ കുറേദൂരം പിന്നിട്ട് പ്രക്ഷുബ്ധമായ നടുക്കടലിലെത്തിയിരുന്നു. ഗ്രാമത്തിന്റെ അവ്യക്തമായ വിദൂരദൃശ്യം അദ്ദേഹത്തെ ചിന്താകുലനാക്കി.

സൗഹൃദങ്ങളും വേർപാടും ജീവിതത്തിന്റെ അനിവാര്യഘടകങ്ങളാണെന്ന തത്ത്വചിന്തയോർത്തദ്ദേഹം സ്വയം ആശ്വസിച്ചു. നിരക്ഷരയായ പെൺകുട്ടിക്ക് തത്ത്വചിന്തയോ മറ്റോ കൂട്ടിനുണ്ടായിരുന്നില്ല. നിസ്സഹായയായ അവൾ പോസ്റ്റാഫീസിനു ചുറ്റും അലഞ്ഞു നടന്നു. തന്റെ ദാദ തിരികെ വരുമെന്ന പ്രത്യാശയുടെ വെട്ടം അവളുടെ മനസ്സിലെവിടെയോ ഒളിച്ചിരുപ്പുണ്ടായിരുന്നു.

കവിത

# അമ്മച്ചിറക്

**ഹരീഷ് ആർ നമ്പൂതിരിപ്പാട്**



പുള്ളിപ്പിടക്കോഴി മുട്ടയിട്ടു
വെള്ളനിറമുള്ള നല്ലമുട്ട
നെഞ്ചിലെച്ചൂടുകൊടുത്തു വിരിയിച്ചു
തങ്കക്കുടങ്ങളെക്കോഴിയമ്മ.
കാക്ക, കഴുകൻ, പരുന്തും കുറുക്കനും
റാഞ്ചാതെ കാത്തു പരിപാലിച്ചു.
അമ്മച്ചിറകിൻ തണലിലാക്കുഞ്ഞുങ്ങൾ
അല്ലലൊഴിഞ്ഞു വളർന്നുവന്നു.
കുഞ്ഞിച്ചിറകു മുളച്ചപ്പോളമ്മച്ചി
കുഞ്ഞുങ്ങളെക്കൊത്തിയാട്ടിവിട്ടു
അമ്മതെളിച്ച വഴിയിലൂടിന്നവർ
മുന്നോട്ടു മുന്നോട്ടു പോയിടുന്നു...

വര: റോണി ദേവസ്യ





photo -www. proletarian.in

# ഗാന്ധിജി സ്വപ്നം കണ്ട മാതൃകാവിദ്യാലയം

**ഷബിൽ കൃഷ്ണൻ**

ഇത് ആനന്ദ്നികേതൻ. മഹാരാഷ്ട്രയിലെ വാർധ ജില്ലയിലാണ് ഈ വിദ്യാലയം. സേവാഗ്രാം റെയിൽവേ സ്റ്റേഷനിൽ നിന്നും പതിനഞ്ചു മിനിറ്റ് ഓട്ടോയിൽ സഞ്ചരിച്ചാൽ ഈ വിദ്യാലയത്തിലെത്താം.

എന്താണ് ആനന്ദ്നികേതിനെ മറ്റു വിദ്യാലയങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത്? മഹാത്മാഗാന്ധി സ്വപ്നം കണ്ട വിദ്യാഭ്യാസരീതികൾ അനുവർത്തിക്കുന്ന മാതൃകാ വിദ്യാലയം എന്ന നിലയ്ക്കാണ് ആനന്ദ്നികേതൻ വേറിട്ടു നിൽക്കുന്നത്.

കല്ലുപാകിയ നിലത്ത് സ്വയം നെയ്തെടുത്ത തുണിവിരിച്ച് ചമ്രംപടിഞ്ഞിരുന്ന് നിശ്ശബ്ദമായി കൈവേലകൾ ചെയ്യുന്ന ഒരുകൂട്ടം കുട്ടികൾ. അവരുടെ കരവിരുതിൽ വിരിയുന്ന കടലാസു കളിപ്പാട്ടങ്ങൾ, ജ്യാമിതീയരൂപങ്ങൾ, കളിമൺ രൂപങ്ങൾ.... പിന്നെ ഒരു പാത്രത്തിൽ വരുംകാലത്തേക്കുള്ള കരുതൽ എന്നവിധം വിത്തുകൾ സൂക്ഷിച്ചിരിക്കുന്നു. ഇങ്ങനെ നിരവധി കാഴ്ചകളാണ് നമുക്കിവിടെ കാണാൻ കഴിയുക. നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താവുന്ന അറിവു

കൾ നിർമിക്കുകയാണ് ഈ കുട്ടികൾ. ബാലവാടിമുതൽ പത്താം ക്ലാസുവരെയുള്ള കുട്ടികളാണ് ഇവിടെയുള്ളത്. കുട്ടികളെ പഠിപ്പിക്കുന്നതിനു പുറമേ കുട്ടികളിൽ നിന്നും പലതും പഠിക്കുകയാണ് ഇവിടത്തെ അധ്യാപകർ. കൃഷിഭൂമിയും ഗോശാലയും നെയ്ത്തുശാലയും പാചകമുറികളും കളിമുറ്റങ്ങളും ചേർന്ന ഈ കാമ്പസ് രാഷ്ട്രപിതാവിന്റെ വിദ്യാഭ്യാസചിന്തകളുടെ നേർക്കാഴ്ചയാണ്.

കുട്ടികൾക്കു ഹരിശ്രീ കുറിക്കാൻ, പ്രകൃതിക്കപ്പുറം മറ്റൊരു പാഠപുസ്തകമില്ല എന്ന് ഗാന്ധിജിക്കറിയാമായിരുന്നു. സത്യത്തിന്റെ മാർഗത്തിലേക്ക് സഞ്ചരിക്കാൻ ഓരോ കുട്ടിയുടെയും മനസ്സ് പാകപ്പെടുത്തുക എന്നതാണ് ഗാന്ധിയൻ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ജീവിതപരിസരങ്ങളിൽ നിന്നും പഠിച്ച വിവരങ്ങൾ കോറിയിടാൻ നോട്ടുപുസ്തകമോ, നിരീക്ഷിച്ചറിഞ്ഞ കാര്യങ്ങൾ പരിശോധിക്കാൻ മഹദ്ഗ്രന്ഥങ്ങളോ വേണമെന്ന് നിർബന്ധമില്ല. കാരണം ബാല്യകാലത്ത് പരീക്ഷിച്ചറിഞ്ഞതൊന്നും ഒരു കുട്ടിയും മറക്കില്ല. ദക്ഷിണാഫ്രിക്കയിലെ ടോൾസ്റ്റോയ്ഫാമിൽ ഗാന്ധിജി നടത്തിയ വിദ്യാഭ്യാസപരീക്ഷണങ്ങൾ തന്നെയാണ് ആനന്ദ്നികേതൻ ഡയറക്ടർ സുഷമശർമയും സംഘവും ഇന്ത്യയിൽ യാഥാർഥ്യമാക്കുന്നത്.

സ്വന്തം അഭിരുചിക്കൊത്ത തൊഴിൽ തെരഞ്ഞെടുക്കാൻ സഹായിക്കുന്ന ഇടമാവണം വിദ്യാലയം. ‘ബാഹ്യമായ ഇടപെടൽ’ പലപ്പോഴും കുട്ടികളുടെ ആന്തരിക ചോദനകളെ വികലമാക്കും. ചുമരിൽ സ്വന്തം അനുഭവങ്ങൾ കോറിയിട്ടും കണ്ണിൽ നിറയുന്ന കൗതുകങ്ങൾ വിരലുകൾകൊണ്ട് മണ്ണിൽ വരച്ചിട്ടും ജീവിതവുമായി ഇഴുകിച്ചേരുന്നവർക്കാകട്ടെ,





പ്രവൃത്തിപരിചയത്തിലൂടെയുള്ള പഠനം

photo -www. proletarian.in



സ്കൂൾമുറ്റത്ത് കുട്ടികൾ

photo -www. proletarian.in

അധ്യാപകരുടെ ശാസനകളോ, ശിക്ഷകളോ ഭയക്കേണ്ടതില്ല. ഇവർക്കു മത്സരിച്ചു മാർക്കുവാങ്ങാനോ റാങ്കു വാങ്ങാനോ സമ്മർദങ്ങളില്ല. അധ്യായനത്തിന്റെ വർഷങ്ങളിൽ സൗഹൃദവും സഹകരണവുമാണ് ജീവിതമൂല്യങ്ങളായി ഇതൾ വിരിയുന്നത്.

പാഠപുസ്തകങ്ങളും റഫറൻസ് ലൈബ്രറിയും ഇവിടെയുണ്ട്. എന്നാൽ പ്രവർത്തന പരിചയത്തിലൂടെയാണ് ഇവിടെ അധ്യയനം നടക്കുന്നത്. സ്വന്തം കഴിവുകൾ തിരിച്ചറിയാനും ആഹ്ലാദത്തോടെ ജോലി ചെയ്യാനും സഹജീവികളോടു കരുണയോടെ പെരുമാറാനും ഈ സിലബസ് കുട്ടികളെ പ്രേരിപ്പിക്കും.

ഇവിടെ പ്രാഥമികപാഠങ്ങളായി വരുന്നത് പരിസര ശുചിത്വവും വിഭവങ്ങളുടെ മിതമായ ഉപയോഗവുമാണ്. പരിസ്ഥിതിക്കും സഹജീവികൾക്കും ഹാനികരമായ വസ്തുക്കളൊന്നും തന്നെ ഉപയോഗിക്കാതിരിക്കാൻ ഇവർ ശ്രദ്ധിക്കാറുണ്ട്.

സ്വയം കൃഷിചെയ്യാനും അന്നംവിളയിക്കുന്ന കർഷകരെ ആദരിക്കാനും കുട്ടികൾക്ക് പരിസ്ഥിതിദിനം പ്രത്യേകമായി ആഘോഷിക്കേണ്ടതില്ല. മരംനടലും പരിപാലനവുമെല്ലാം അവർക്ക് ശുദ്ധവായുവും ജലവും ആഹാരവുമെല്ലാം ഉറപ്പുവരുത്തുന്ന ദിനചര്യയാണ്. അയൽഗ്രാമത്തിലെ കർഷകനാണ് കൃഷിമാസ്റ്ററായി കുട്ടികളെ വയലിലേക്കിറക്കുന്നത്. മണ്ണിൽ വീഴുന്ന വിത്തുകൾ മുളച്ച് കുഞ്ഞില



photo -www. proletarian.in

**"സമൂഹത്തിന് നന്മചെയ്യുന്നതിലെ ആഹ്ലാദം ഏറ്റവും വലിയ വിദ്യാഭ്യാസനേട്ടമാണ്. കൃഷിചെയ്തും വസ്ത്രങ്ങൾ നെയ്തും പരിസ്ഥിതിയോടു ചേർന്നുനിൽക്കുന്ന സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്തും ഈ കുട്ടികൾ സ്വയംപര്യാപ്തരാകും. ആനന്ദ്നികേതനിലെ കുട്ടികൾ സ്വന്തം ജീവിതത്തിലൂടെ രാജ്യത്തിന് മാതൃകയാവുമെന്ന് തീർച്ചയാണ്."**

**സുഷമ ശർമ**
**ഡയറക്ടർ, ആനന്ദ്നികേതൻ**

കൾ വിരിയുന്നതും പൂക്കൾ വിടരുന്നതും ശലഭങ്ങളും വണ്ടുകളും കൂട്ടുകൂടാനെത്തുന്നതും പാരസ്പര്യത്തിലൂടെ മാത്രമേ ജീവൻ നിലനിൽക്കുകയുള്ളൂവെന്ന നിതാന്തസത്യമാണ് കുട്ടികളെ ബോധ്യപ്പെടുത്തുന്നത്. ആനന്ദ് നികേതനിൽ വയൽ എന്നാൽ കുട്ടികൾക്ക് ഉന്നത ബിരുദം വാഗ്ദാനം ചെയ്യുന്ന സർവകലാശാലയാണ്.

**ശുചിത്വത്തിന് വലിയ പ്രാധാന്യമാണ് ഇവർ നൽകുന്നത്. ശാരീരികാരോഗ്യം മെച്ചപ്പെടുത്തുന്ന കളികളിൽ ആൺ-പെൺ വേർതിരിവുകളില്ല. റോപ് ക്ലൈംബിങ്ങിലും സൈക്കിൾ സവാരിയിലും ആൺകുട്ടികളെ വെല്ലുന്ന പെൺകുട്ടികളുണ്ട് ഇവിടെ. മാതൃഭാഷാപഠനത്തിന് അർഹമായ പ്രാധാന്യമാണ് ഇവിടെ നൽകിവരുന്നത്.**

ഉണങ്ങിയ പരുത്തിക്കായകൾ പറിച്ചെടുത്ത് പഞ്ഞിയാക്കിമാറ്റി നൂൽനൂറ്റ് വസ്ത്രം നെയ്തെടുക്കുന്നവർ സ്വാശ്രയഗ്രാമമെന്ന ഗാന്ധിയൻ സ്വപ്നം സാക്ഷാത്കരിക്കുകയാണ്. സ്വയം കൃഷിചെയ്യാൻ മാത്രമല്ല സീസണൽ വിളകളെടുത്ത് ആഹാരം പാകംചെയ്യാനും കൂട്ടം ചേർന്നിരുന്ന് പങ്കുവച്ച് കഴിക്കാനും ഈ കുട്ടികൾക്കു കഴിയുന്നു. ഒരുമണിധാന്യം പോലും പാഴാക്കാതിരിക്കാനും മിതമായി മാത്രം ജലം ഉപയോഗിക്കാനും മണ്ണിൽ ലയിച്ചുചേരാത്തതൊന്നും ഉപയോഗിക്കാതിരിക്കാനും ഇവർ ബദ്ധശ്രദ്ധരാണ്.

ശുചിത്വത്തിന് വലിയ പ്രാധാന്യമാണ് ഇവർ നൽകുന്നത്. ശാരീരികാരോഗ്യം മെച്ചപ്പെടുത്തുന്ന കളികളിൽ ആൺ-പെൺ വേർതിരിവുകളില്ല. റോപ് ക്ലൈംബിങ്ങിലും സൈക്കിൾ സവാരിയിലും ആൺകുട്ടികളെ വെല്ലുന്ന പെൺകുട്ടികളുണ്ട് ഇവിടെ.

മാതൃഭാഷാപഠനത്തിന് അർഹമായ പ്രാധാന്യമാണ് ഇവിടെ നൽകിവരുന്നത്. ഇംഗ്ലീഷ് ഭാഷയിൽ മാത്രമല്ല, ഏതുഭാഷയിലും പ്രാവീണ്യം നേടാൻ മാതൃഭാഷയോടുള്ള സ്നേഹം അനിവാര്യമാണെന്ന് ഗാന്ധിജി അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. മൃഗങ്ങളെ സ്നേഹിച്ച് പരിപാലിച്ച് വളർത്തുന്നതിലൂടെ സഹജീവിസ്നേഹത്തിന്റെ ഉന്നതമായ മൂല്യങ്ങളാണിവർ സ്വായത്തമാക്കുന്നത്.

മഞ്ഞുവീഴുന്ന പ്രഭാതങ്ങളിൽ ഒരു പ്രാർഥനയുടെ വിശുദ്ധിയിലേക്കുണരുകയാണ് ഈ വിദ്യാലയം. പുൽക്കൊടിയിലെ സൂര്യസ്പർശം പോലെ ഈ പാഠശാലയുടെ ഓരോ സ്പന്ദനത്തിലും ഗാന്ധിജിയുണ്ട്. നൂറുകണക്കിനു കുട്ടികൾ ഒരേ മനസ്സായി ചർക്കയിൽ കൈവിരലുകൾ ചലിപ്പിക്കുമ്പോൾ ഒരു ഗ്രാമം മുഴുവനും സ്വയംപര്യാപ്തതയിലേക്ക് ഒഴുകിനീങ്ങുകയാണെന്ന് ആർക്കും തോന്നിപ്പോകും.



photo -www. proletarian.in

(ആനന്ദ്നികേതനെക്കുറിച്ച് കൂടുതൽ അറിയാൻ 'Beyond the blackboard'എന്ന ഡോക്യുമെന്ററിയുടെ ലിങ്ക് ചേർക്കുന്നു. https://drive.google.com/file/d/1xwzG4GHtP0pBVYAhFhbzsg3cR0s9xoLo/view?usp=drivesdk)

# ഇഴയടുപ്പം

കെ എസ് പുരുഷോത്തമൻ

തന്നിഷ്ടത്തിന് ഓടീം ചാടീം നടക്കാൻ കിട്ടിയ സമയത്തിനു ഉണ്ണിഗണേശൻ ഒന്നു പുറത്തിറങ്ങീതാ. അപ്പോഴേക്കും അമ്മേടെ വിളി എത്തി.

''മോനേ ഗണേശാ...''

കളിക്കാൻ പോകുമ്പോൾ വിളിക്കുന്നത് മനപ്രയാസമുണ്ടാക്കും. അടുക്കളയിൽ അമ്മ നോക്കുമ്പോൾ എന്തെങ്കിലും അമ്മയ്ക്കു വേണ്ടതു കാണില്ല. മേടിക്കണേൽ കടയിൽ പോകണം. തന്റെ കളി തടസ്സപ്പെടും.

ഉണ്ണിഗണേശൻ വിളി കേൾക്കാത്തതിനാൽ അമ്മ വീണ്ടും വിളിച്ചു.

''മോനേ, ഗണേശാ..'' കളി ഇട്ടേച്ച് അമ്മയുടെ അടുത്തേക്കോടിയെത്തി ഉണ്ണിഗണേശൻ.

''മോനേ, അമ്മയ്ക്ക് ഒരു പാക്കറ്റ് പാലു മേടിച്ചുതാടാ.''

അമ്മയുടെ സ്നേഹവാത്സല്യങ്ങൾക്ക് അമ്മപറയുന്നതെന്തും അനുസരിപ്പിക്കാൻ സാധിക്കും. അമ്മ തന്ന നോട്ടും ചില്ലറയും വാങ്ങി അവൻ ഓടി.

ഇപ്പോഴാണ് ഒരു സൈക്കിൾ ഉണ്ടായിരുന്നെങ്കിലെന്ന് ഉണ്ണിഗണേശനു തോന്നിയത്. വീട്ടിൽ അതൊന്നുമില്ല. അച്ഛന് അതിലൊന്നും അത്ര താത്പര്യമില്ല. പോകുന്നിടത്തു നടന്നുപോകണം. അതാണ് അച്ഛന്റെ തത്ത്വം. ആരോഗ്യം നിലനിർത്താൻ അത്യാവശ്യമാണു നടത്തം എന്നാണ് അച്ഛൻ പറയുന്നത്. അച്ഛൻ പറയുന്നതേ വീട്ടിൽ നടക്കൂ.

വഴിയിലെ കടക്കാരൻ കടയും തുറന്നു വഴിയെ പോകുന്നവരെ നോക്കി നിൽക്കുകയാണ്.

''പാലുണ്ടോ ചേട്ടാ?''ഉണ്ണിഗണേശൻ കടക്കാരനോടു ചോദിച്ചു.

''ഇല്ല മോനേ'' കടക്കാരൻ സ്നേഹത്തോടെ പറഞ്ഞു

കടക്കാരന്റെ മറുപടിയിൽ ഉണ്ണിഗണേശന് ഇഷ്ടംതോന്നി.

''ചേട്ടനു പാലുകച്ചോടം തുടങ്ങിക്കൂടെ ചേട്ടാ?'' അവൻ കടക്കാരനോടു വളരെ സൗമ്യമായി ചോദിച്ചു.

''ങാ...'' കടക്കാരനു തമാശ തോന്നി.

''ഞാനതാലോചിക്കാം മോനേ...''

''ങാഹാ...'' ഉണ്ണിഗണേശനു കടക്കാരന്റെ മറുപടി കൂടുതൽ ഇഷ്ടമായി. അവൻ അയാളെ പ്രോത്സാഹിപ്പിച്ചു.

''തുടങ്ങൂ ചേട്ടാ..'' അവൻ തുടർന്നു: ''ഞാനിപ്പോൾ പാലു വാങ്ങാൻ പോകാ- ഇവിടെയുണ്ടെങ്കി എനിക്കു കവലവരെ ഓടണ്ടല്ലോ.''

''അതു നേരാ'' കുട്ടിയുടെ മറുപടി കേട്ട് കടക്കാരൻ ചിരിച്ചു.



വര: സുജിത് പി വി

ഉണ്ണിഗണേശൻ ഓട്ടം തുടങ്ങി. അമ്മയ്ക്കു വല്ല പാലും കിട്ട്യാപ്പോരാ. നീലകവറിൽ വരുന്ന മിൽമ പാലുതന്നെ വേണം. അതു കിട്ടുന്ന കട കണ്ടു വച്ചിട്ടുണ്ട്. ചില്ലറസഹിതം കൊടുത്തു പാൽകവറും എടുത്തു തിര്യെ ഓട്ടമായി.

ഇടയ്ക്കൊന്നും നിന്നില്ല. അമ്മയുടെ മുമ്പിൽ പാൽപാക്കറ്റു വച്ച് ഉണ്ണിഗണേശൻ കളിസ്ഥലത്തേക്കോടി.

ഉണ്ണിഗണേശന്റെ കളിക്ക് അത്ര ആയുസ്സില്ല. കളിക്കാൻ നേരം കിട്ടുന്നതുതന്നെ കഷ്ടി. കിട്ടുന്ന നേരം കൊണ്ടൊരു കളി. ആരെങ്കിലും കൂട്ടുകാരുണ്ടെങ്കിൽ അവരുടെകൂടെ. അല്ലെങ്കിൽ ഒറ്റയ്ക്ക്. അതിനിടെ അച്ഛന്റെ വിളി എത്തും. അല്ലെങ്കിൽ അമ്മയുടെ. പഠിക്കുന്ന സമയത്തിൽ വീഴ്ച വരുത്താൻ രണ്ടുപേരും സമ്മതിക്കില്ല. അതുകൊണ്ട് ഉണ്ണിഗണേശനു സമയം നോക്കേണ്ട ആവശ്യം ഇല്ല.

അച്ഛൻ എന്തെങ്കിലും ജോലി ചെയ്തുകൊണ്ടിരിക്കുന്നതിനിടെയാകും ആവശ്യം വരുക.

“മോൻ പഠിച്ചുകൊണ്ടിരിക്കേണല്ലേ?” അച്ഛൻ ക്ഷമാപണം പോലെയാണതു പറയുക. അച്ഛനു ചെയ്തുകൊണ്ടിരിക്കുന്ന പണി ഇട്ടേച്ച് എഴുന്നേൽക്കാനാവില്ല. സാധനം അത്യാവശ്യമാണ്. അതപ്പോൾ കിട്ടിയാൽ ചെയ്തുകൊണ്ടിരിക്കുന്ന ജോലി അങ്ങു തീരും. ഒരു സൂചിയായിരുന്നു വേണ്ടത്. അതില്ലാതെ മറ്റെന്തു ചെയ്താലും പറ്റില്ല. ആ അവസ്ഥയിൽ താൻ സഹായിക്കാതെ തരമില്ല.

ഉണ്ണിഗണേശൻ അച്ഛന്റെ അത്യാവശ്യം അറിഞ്ഞു സഹായിക്കും.

“സൂചി ഞാൻ വാങ്ങിക്കൊണ്ടുവരാം അച്ഛാ.”

പഠിക്കുന്ന മോനെ കടയിൽ പറഞ്ഞുവിടുന്നതിലുള്ള അച്ഛന്റെ വിഷമം, അത് അച്ഛന്റെ ശബ്ദത്തിൽ അറിയാം.

സൂചി എല്ലാക്കടയിലും കിട്ടും. കടവരെ പോകണം. ഒരോട്ടത്തിനു പോയി വരാവുന്നതേയുള്ളൂ.

“സൂചിയാണ്. സൂക്ഷിക്കണം.” അച്ഛൻ പറഞ്ഞു. കടക്കാരനോടു നന്നായി പൊതിഞ്ഞു തരാൻ പറയണം.

ഉണ്ണിഗണേശൻ സമ്മതിച്ചു.

**ഉണ്ണിഗണേശന്റെ കളിക്ക് അത്ര ആയുസ്സില്ല. കളിക്കാൻ നേരം കിട്ടുന്നതുതന്നെ കഷ്ടി. കിട്ടുന്ന നേരം കൊണ്ടൊരുകളി. ആരെങ്കിലും കൂട്ടുകാരുണ്ടെങ്കിൽ അവരുടെകൂടെ. അല്ലെങ്കിൽ ഒറ്റയ്ക്ക്. അതിനിടെ അച്ഛന്റെ വിളി എത്തും. അല്ലെങ്കിൽ അമ്മയുടെ. പഠിക്കുന്നസമയത്തിൽ വീഴ്ച വരുത്താൻ രണ്ടുപേരും സമ്മതിക്കില്ല. അതുകൊണ്ട് ഉണ്ണിഗണേശനു സമയം നോക്കേണ്ട ആവശ്യം ഇല്ല.**

കടയിലെത്തിയപ്പോൾ കടക്കാരൻ പുറത്തെങ്ങോ ആയിരുന്നു. അയാൾ വന്നു സൂചി എടുത്തു തരാൻ താമസിച്ചു. അച്ഛന്റെ ആവശ്യത്തിനു സൂചി എത്തില്ലല്ലോ എന്നായി മകന്റെ പേടി.

സാധനം വാങ്ങാൻ വന്ന ‘പയ്യന്റെ’ ക്ഷമയില്ലായ്മ കടക്കാരനു രസിച്ചില്ല.

“കൈയിൽ എടുത്തു വച്ചിരിക്കുന്ന സാധനമല്ലല്ലോ?”

കടക്കാരന്റെ ദേഷ്യം ഉണ്ണിഗണേശൻ കേട്ടില്ലെന്നു നടിച്ചു. സൂചി വാങ്ങി കാശു കൊടുത്തു. ഓടി അച്ഛന്റെ അടുത്തെത്തി. അച്ഛൻ സൂചിയുടെ ആവശ്യം മുൻകൂട്ടി കണ്ടു. അതുകൊണ്ട് ആവശ്യം വന്നപ്പോൾ സൂചി കൈയിലെത്തി. അച്ഛൻ ഉദ്ദേശിച്ച സമയത്തു പണി തീർന്നെഴുന്നേൽക്കാനായി.

സാധനങ്ങളുടെ ആവശ്യവും അതുകിട്ടുന്നതും അതിന്റെ ഉപയോഗവും വിചിത്രമെന്നപോലെ കടകളും കടസൂത്രങ്ങളും വ്യത്യസ്തമാണെന്ന് ഉണ്ണിഗണേശനു ബോധ്യമാകുകയായിരുന്നു. ചോക്കു വേണമെന്നു ടീച്ചർ പറഞ്ഞാൽ പള്ളിക്കൂടത്തിനടുത്തുള്ള ഏതെങ്കിലും കടയിൽ നിന്നു കിട്ടും. അല്ലാതെ തന്റെ വഴിയിലെ കടക്കാരനോടു ചോദിച്ചാൽ അയാൾ ഇല്ലെന്നേ പറയൂ.

കടക്കാരന് അയാൾ മുടക്കുന്ന മുതലും കച്ചവടവും അതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങളും നോക്കണമല്ലോ?

ഉണ്ണിഗണേശൻ പുസ്തകത്തിന്റെ മുമ്പിലിരുന്നു.

നമ്മുടെ ചുറ്റും കാണുന്നതും കേൾക്കുന്നതും ഒക്കെയാണു പുസ്തകങ്ങളിലുള്ളതെന്നും പഠിക്കുന്നതെന്നും അറിയുകയായിരുന്നു അവൻ. ചെറിയ അത്ഭുതത്തോടെയാണ് ഉണ്ണിഗണേശൻ അതോർത്തത്.

കവലയിൽ പാല് ചെലവാകുന്നതുപോലെ വഴിയിലെ ചേട്ടന്റെ കടയിൽ പാൽ ചെലവാകില്ല. ചോക്കു വിൽക്കില്ല. സൂചി എവിടെയും ചെലവാകും. എപ്പോഴും ചെലവാകില്ല. ഇതൊക്കെയാണ് കച്ചവടസൂത്രം.

പുസ്തകത്തിന്റെ മുമ്പിൽ മാത്രമിരുന്നാൽ ഇതൊന്നും പിടികിട്ടില്ല. കൊമേഴ്സെന്നും എക്കണോമിക്സെന്നുമൊക്കെ കേട്ടു കാര്യം മനസ്സിലാകാതെ വരും. കൺമുമ്പിൽ കാണുന്ന സാധാരണ കച്ചവടവും പണമിടപാടുകളുമാണിതൊക്കെയെന്നു മനസ്സിലായാൽ പഠനം എളുപ്പമാകും.

ഉണ്ണിഗണേശൻ പുസ്തകത്തിന്റെ മുമ്പിലിരുന്നു കൺമുമ്പിൽകാണുന്ന ജീവിതവും പഠനവും തമ്മിലുള്ള ഇഴയടുപ്പം നേരിൽ അറിയുകയായിരുന്നു.

# പോരാ പോരാ!

വള്ളത്തോൾ നാരായണമേനോൻ

പോരാ പോരാ, നാളിൽ നാളിൽ ദൂരദൂരമുയരട്ടേ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ,
ആകാശപ്പൊയ്കയിൽ പുതുതാകുമലയിളക്കട്ടേ
ലോകബന്ധു ഗതിക്കുറ്റ മാർഗം കാട്ടട്ടേ!

ഏകീഭവിച്ചൊരുങ്ങുകി,ങ്ങേകോദര ജാതർ നമ്മൾ
കൈകഴുകിത്തുടയ്ക്കുകീ കൊടിയെടുക്കാൻ
നമ്മൾ നൂറ്റ നൂലുകൊണ്ടു നമ്മൾ നെയ്ത വസ്ത്രംകൊണ്ടു
നിർമിതമിതനീതിക്കൊരന്ത്യാവരണം!

പച്ചനിറവും വെളുപ്പും നൽച്ചുകപ്പുമിണങ്ങുമീ
മെച്ചമേറും വൈജയന്തി വാനിൽത്തിളങ്ങി
ദേവർഷികൾക്കാനന്ദത്തെ കൈവളർത്തീടട്ടേ, വാസു-
ദേവവക്ഷസ്സിലെ വനമാലപോലവേ!

മാടപ്പുരമുതൽ മണിമേടവരെയ്ക്കെഴുമെല്ലാ
വീടിന്റെയും പടിക്കലീ വൈജയന്തികൾ
ആടിക്കളിച്ചുനിന്നൊളി കൂടും നാനാനിറം വീശി
മാടിവിളിക്കട്ടെ നമ്മൾതേടും മുക്തിയെ!

മംഗളപതാകേ, നിന്നിൽ തങ്ങിന തുടുപ്പോ, ഹാഹാ,
ഞങ്ങളുടെ സുദിനത്തിൻ പ്രാതസ്സന്ധ്യതാൻ
ഇതാ നിങ്കൽ സമർപ്പിച്ചു മുദാ ഞങ്ങൾ സ്വജീവിതം
ഇതിനെ നീ സ്വർഗത്തിലേക്കുയർത്തിയാലും!



വര: സുധീർ പി വൈ



# ഗുണപാഠം

മുഹമ്മ ശശിധരപ്പണിക്കർ

കൂകൂ.... കൂകൂ... കുയിലേ നിന്നുടെ
കൂവലിനുണ്ടൊരു താളലയം
ആരും കേട്ടുമയങ്ങും നിന്നുടെ
പാട്ടതിലോലം, ശ്രുതിമധുരം!
കാക്കക്കൂട്ടിൽ ജനിച്ചാലും, ചെറു
'കലപില' കേട്ടു വളർന്നാലും
സത്യം വെളിവായൊരുനാൾ കാക്ക-
ക്കൊത്തുകളേറ്റു പുറത്തായാലും
പാട്ടുകൾ നന്നായ്പാടും നിൻ പ്രിയ
മക്കൾ, നീയൊരു ഭാഗ്യവതി!
'നല്ല ഗുണങ്ങൾ നിലനിന്നീടും'
നിന്നിൽ നിന്നൊരു ഗുണപാഠം.

വര: സന്തോഷ് വെളിയന്നൂർ



# പനിയെ തടയാൻ പ്രതിരോധക്കുട ചൂടാം

ഡോ. ബി പത്മകുമാർ

സ്കൂൾ തുറന്നതിനുശേഷമുള്ള ആദ്യത്തെ ബയോളജി ക്ലാസ്സാണ്. അശോകൻ മാഷ് അൽപ്പം ഗൗരവത്തോടെയാണ് ക്ലാസ്സിലേക്കു വന്നത്. സാറിന്റെ കൈയിൽ അന്നത്തെ പത്രവുമുണ്ടായിരുന്നു. പത്രം നിവർത്തിപ്പിടിച്ച് സാർ തലക്കെട്ട് വായിച്ചു. നിപാ പനി ബാധിച്ച് കേരളത്തിൽ ഇതുവരെ പതിനാറു പേർ മരിച്ചു. കോഴിക്കോട്ടും മലപ്പുറത്തും അതീവ ജാഗ്രത.

കേരളം ഇതുവരെ നേരിട്ടതിൽവച്ച് ഏറ്റവും ഗുരുതരമായ ആരോഗ്യപ്രശ്നമായിരുന്നു നിപാ വൈറസ് ബാധ. പകർച്ചപ്പനികളുടെ കൂട്ടത്തിലെ ഏറ്റവും ഭീകരൻ. മാഷ് പത്രം മടക്കിക്കൊണ്ടു പറഞ്ഞു. ഇന്ന് നമുക്ക് നമ്മുടെ നാട്ടിൽ കണ്ടുവരുന്ന പ്രധാനപ്പെട്ട പനികളെക്കുറിച്ചും അവ തടയാനുള്ള മാർഗങ്ങളെക്കുറിച്ചും പഠിക്കാം. കൂട്ടത്തിൽ നിപാ രോഗത്തെക്കുറിച്ചു ചില കാര്യങ്ങൾ മനസ്സിലാക്കാം. കാലിക വിഷയമായതുകൊണ്ടായിരിക്കാം കുട്ടികൾക്കും പനി കാര്യങ്ങൾ അറിയാൻ താത്പര്യമായി.

''ശരീരതാപനില ഉയരുന്ന അവസ്ഥയാണ് പനി. ആട്ടെ നമ്മുടെ സാധാരണ ശരീര ഊഷ്മാവ് എത്രയാണ്?'' മുൻ ബഞ്ചിലിരിക്കുന്ന ഗോവിന്ദനോടാണ് മാഷ് ചോദ്യമെറിഞ്ഞത്.

''36.8 ഡിഗ്രി സെൽഷ്യസ് അല്ലെങ്കിൽ 98.2 ഡിഗ്രി ഫാരൻഹീറ്റ്.'' ഉടൻ തന്നെ ഉത്തരവും വന്നു. ക്ലാസ്സിലെ ഏറ്റവും മിടുക്കനായ വിദ്യാർഥിയാണ് ഗോവിന്ദ്.

''ശരിയാണ്.'' മാഷ് തുടർന്നു.

''രോഗാണുബാധയാണല്ലോ പനിയുണ്ടാകാനുള്ള ഏറ്റവും പ്രധാന കാരണം. രോഗാണുക്കൾ ഉൽപ്പാദിപ്പിക്കുന്ന പൈറോജനുകൾ എന്ന ഘടകങ്ങളാണ് പനി ഉണ്ടാക്കുന്നത്. ഇവ തലച്ചോറിലെ താപനിയന്ത്രണ സംവിധാനമായ ഹൈപ്പോത്തലാമസിനെ ഉദ്ദീപിപ്പിക്കുമ്പോഴാണ് ശരീര താപനില ഉയരുന്നത്.

നമ്മുടെ നാട്ടിൽ കണ്ടുവരുന്ന പനികളെ സുപ്രധാനമായും മൂന്നായി തരംതിരിക്കാം. കുടിവെള്ളം മലിനമാകുന്നതുകൊണ്ടുണ്ടാകുന്ന ടൈഫോയ്ഡ്. മഞ്ഞപ്പിത്തം, എലിപ്പനി തുടങ്ങിയവയാണ് പനിക്കുകാരണമായ ജലജന്യരോഗങ്ങൾ. കൊതുകുകൾ പരത്തുന്ന ഡെങ്കിപ്പനി, ചിക്കുൻഗുനിയ, ജപ്പാൻജ്വരം, മലേറിയ തുടങ്ങിയവയാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നത്. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്കു പകരുന്ന ജന്തുജന്യരോഗങ്ങളാണ് മൂന്നാമത്തേത്. ഇപ്പോൾ കേരളത്തിൽ പ്രത്യക്ഷപ്പെട്ട നിപാ പനി തന്നെ ഏറ്റവും പുതിയ ഉദാഹരണം. കൂടാതെ മുൻകാലങ്ങളിൽ നമ്മുടെ നാട്ടിൽ ഭീതി ഉണ്ടാക്കിയ കുരങ്ങുപനി, ചെള്ളുപനി, പന്നിപ്പനി തുടങ്ങിയവയും രോഗബാധിതരായ





വര: ടി ആർ രാജേഷ്

ജന്തുക്കളിൽ നിന്നും മനുഷ്യരിലേക്കു പകരുകയായിരുന്നു.'' മാഷ് വിശദീകരിച്ചു

''നമുക്ക് നിപാ വൈറസ് ബാധയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാം. 1998–99 കാലഘട്ടത്തിൽ മലേഷ്യയിലാണ് ആദ്യമായി ഈ വൈറസിനെ കണ്ടെത്തിയത്. മലേഷ്യയിലെ കാംപങ്ങ് സുംഗെ നിപ എന്ന സ്ഥലത്ത് ആദ്യമായി കണ്ടെത്തിയതുകൊണ്ടാണ് ഈ വൈറസിന് ഈ പേരുവന്നത്. തുടർന്ന് സിംഗപ്പൂരിലും ബംഗ്ലാദേശിലും ഇന്ത്യയിലെ സിലിഗുഡിയിലും വൈറസ്ബാധ ഉണ്ടായി. പഴംതീനി വവ്വാലുകളിൽ നിന്നു പന്നികളിലേക്കും തുടർന്ന് പന്നികളുമായി അടുത്തിടപഴകിയ മനുഷ്യരിലേക്കും വൈറസുകൾ കടക്കുകയായിരുന്നു. ബംഗ്ലാദേശിലും ഇന്ത്യയിലെ സിലിഗുഡിയിലും കണ്ടെത്തിയ വൈറസുകൾക്ക് രോഗബാധിതരായ മനുഷ്യരിൽ നിന്ന് മറ്റുള്ളവരിലേക്ക് നേരിട്ട് കടക്കുവാൻ കഴിവുണ്ടായിരുന്നു.

മാരകമായ മസ്തിഷ്കജ്വരമാണ് നിപാ വൈറസ്ബാധ മൂലമുണ്ടാകുന്നത്. സാധാരണ പനിപോലെ ആരംഭിക്കുന്ന അസുഖം പിന്നീട് സ്ഥലകാലവിഭ്രാന്തി, ആളുകളെ തിരിച്ചറിയാൻ കഴിയാതെ വരിക, അപസ്മാരചേഷ്ഠകൾ തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടാക്കുന്നു. രോഗം ഗുരുതരമാകുന്നതിനെ തുടർന്ന് രോഗി അബോധാവസ്ഥയിലാവുകയും ചിലപ്പോൾ മരണം സംഭവിക്കുകയും ചെയ്യുന്നു.

ഇനി നമുക്ക് നമ്മുടെ നാട്ടിൽ കണ്ടുവരുന്ന പനികളുടെ കൂട്ട ആക്രമണത്തെ എങ്ങനെ പ്രതിരോധിക്കാമെന്നു മനസ്സിലാക്കാം.''

മാഷ് തുടർന്നു. ''നമ്മുടെ പരിസരം വൃത്തിയായും ഈർപ്പരഹിതമായും സൂക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനം. ആഴ്ചയിൽ ഒരിക്കൽ നമ്മുടെ വീടിന്റെ പരിസരത്തുള്ള പാത്രങ്ങളും പ്ലാസ്റ്റിക്കുകളുമൊക്കെ കമഴ്ത്തി അതിൽ ശേഖരിച്ചിരിക്കുന്ന വെള്ളം ഒഴുക്കിക്കളയണം. വീടിന്റെ പാരപ്പറ്റിലും ഓടയിലുമൊക്കെയുള്ള വെള്ളക്കെട്ട് ഒഴുക്കിക്കളയണം. ഇതിനെയാണ് 'ഡ്രൈഡേ' എന്നു പറയുന്നത്. കൊതുകുകളെ നശിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗമാണിത്. വീടിന്റെ ജനാലയിലും കതകിലുമൊക്കെ കൊതുകുകൾ കടക്കാതെ നെറ്റു തറച്ച് ഭദ്രമാക്കണം. ഭക്ഷണശുചിത്വവും കുടിവെള്ളശുചിത്വവും വളരെ പ്രധാനമാണ്. കുടിവെള്ളം അഞ്ചുമിനിട്ടോളം നന്നായി തിളപ്പിച്ചശേഷം മാത്രമേ കുടിക്കാവൂ. തണുത്തതും തുറന്നുവച്ചിരിക്കുന്നതുമായ ഭക്ഷണസാധനങ്ങൾ കഴിക്കരുത്.''

ജലജന്യരോഗങ്ങൾ തടയാനുള്ള മാർഗങ്ങൾ വിശദീകരിക്കുകയായിരുന്നുമാഷ് .




**രോഗികളുമായി അടുത്തിടപഴകിയശേഷം കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകണം. അനാവശ്യ ആശുപത്രിസന്ദർശനങ്ങൾ ഒഴിവാക്കണം. വളർത്തുമൃഗങ്ങളുമായി അടുത്തിടപഴകേണ്ടി വരുമ്പോൾ ശരിയായ വ്യക്തിശുചിത്വം പാലിക്കണം. പനി ഉള്ളവർ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും ടൗവൽ കൊണ്ട് മുഖം, വായ ഇവ അടച്ചുപിടിക്കാനും ശ്രദ്ധിക്കണം.**

''ഇനി നിപാ വൈറസ്ബാധയുടെ വെളിച്ചത്തിൽ നാം സ്വീകരിക്കേണ്ട ചില മുൻകരുതലുകൾ പറയാം. രോഗികളുമായി അടുത്തിടപഴകിയശേഷം കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകണം. അനാവശ്യ ആശുപത്രിസന്ദർശനങ്ങൾ ഒഴിവാക്കണം. വളർത്തുമൃഗങ്ങളുമായി അടുത്തിടപഴകേണ്ടി വരുമ്പോൾ ശരിയായ വ്യക്തിശുചിത്വം പാലിക്കണം. പനി ഉള്ളവർ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും ടൗവൽ കൊണ്ട് മുഖം, വായ ഇവ അടച്ചുപിടിക്കാനും ശ്രദ്ധിക്കണം.''

പനിയെക്കുറിച്ചും പനി തടയാനുള്ള മാർഗങ്ങളെക്കുറിച്ചും നിരവധി പുതിയ കാര്യങ്ങൾ അറിയാൻ കഴിഞ്ഞതിന്റെ സംതൃപ്തിയോടെയാണ് കുട്ടികൾ വീട്ടിലേക്കു മടങ്ങിയത്.

കഥ

# സുൽത്തു

എം എസ് കുമാർ

തിളങ്ങുന്ന കണ്ണുകളും മടങ്ങിയ ചെവികളുമായി വാൽ വിറപ്പിച്ചുകൊണ്ട് എഴുന്നേറ്റിരിക്കുന്ന നായക്കുട്ടിയെക്കണ്ട് ചാർലിക്കുട്ടൻ അച്ഛനോടു പറഞ്ഞു.

''പപ്പാ ആ നായക്കുട്ട്യേ കണ്ടോ ഒരു സുൽത്താനെപ്പോലെയിരിക്കുന്നു. നമുക്കെടുത്തു വളർത്തിയാലോ.''

''വേണ്ട കുട്ടാ. അതു തെരുവുതെണ്ടി നടക്കുന്ന പട്ടിയുടെ കുട്ടിയാ. നല്ല ജനുസ്സായിരിക്കില്ല.''

''എനിക്കതിനെ വേണം പപ്പാ. കണ്ടാ നല്ല ഭംഗിയുണ്ട്. നമുക്ക് പാലും ചോറും കൊടുത്തുവളർത്താം.''

അവൻ വാശിയോടെ പറഞ്ഞു. അവരുടെ സംസാരം കേട്ട് വലിയമ്മാവൻ പുറത്തേക്കു വന്നു.

''എന്താ ഒരു പട്ടിക്കൂട്ടം. തെണ്ടിപ്പട്ടികളും കുറേ കുട്ടികളും ഇതിലെയൊക്കെ ഓടിനടക്കും. എല്ലാത്തിനേം തല്ലി ഓടിക്കണം. ഇവിടൊരു നായയും വേണ്ട.''

ചാർളിക്കുട്ടനും അച്ഛനും പട്ടിക്കുട്ടിയെ തല്ലിയോടിക്കാൻ തോന്നിയില്ല. അച്ഛൻ അതിന്റെ പിടലിപിടിച്ച് പൊക്കി. അത് കൈകാലിളക്കി 'ഹ്യൂ ഹ്യൂം' എന്നു ശബ്ദിക്കുകമാത്രം ചെയ്തു.

''എടോ നിന്റെ സുൽത്താനയ്ക്കു നല്ല ഉശിരും ധൈര്യവുമൊക്കെ ഉണ്ട്. ഉശിരില്ലെങ്കിൽ ഇങ്ങനെ കഴുത്തു പിടിച്ചുപൊക്കിയാൽ 'മൈ മൈ' എന്നു കരയും. വല്യമ്മാൻ വഴക്കു പറഞ്ഞാലും നമുക്ക് മുത്തശ്ശിയോടു പറയാം.''

ചാർലിക്കുട്ടനു സന്തോഷമായി. പപ്പായ്ക്ക് സുൽത്താനയെ ഇഷ്ടമായല്ലോ.

നിലത്ത് പിൻകാൽമടക്കി ഗമയിലിരിക്കുന്ന പട്ടിക്കുഞ്ഞിനെ അവൻ 'ശ്പും ശ്പും' ശബ്ദമുണ്ടാക്കി വിളിച്ചു. അത് വാലാട്ടി ചെവിയിളക്കി.

'സുൽത്താനേ, സുൽത്തൂ...'

ചാർളി പട്ടിക്കുഞ്ഞിനെ വാരിയെടുത്തു. സിറ്റൗട്ടിലെ



വര: സുധീർ പി വൈ

ത്തിയപ്പോൾ മുത്തശ്ശി നിൽക്കുന്നു. അവർ പറഞ്ഞു.

'' അയ്യയ്യേ... ന്റെ ചാർളിക്കുട്ടാ, ഇതേതാ ഈ പട്ടി? വല്ല പൊന്തയിലും ചളിയിലുമൊക്കെ കിടന്നുരുണ്ട പട്ടിയാവും. ഉമ്മറത്തേക്കൊന്നും കൊണ്ടുവരണ്ട. അത്ര കൂടിയേ കഴിയൂവെങ്കിൽ വല്ല കഞ്ഞിവെള്ളമോ ദോശയോ പുറത്തിട്ടുകൊടുത്താൽ മതി. വന്ന് തിന്നു പൊയ്ക്കൊള്ളും. അതിന്റെ തള്ള വന്ന് പാലുകൊടുത്തോളും. പോവുന്നെങ്കിൽ പൊയ്ക്കോട്ടെ.''

''എന്താ അമ്മമ്മേ ഇങ്ങനെ പറയണത്. സുൽത്തു ഒരു നല്ല കുട്ടിയല്ലേ?''

ചാർളിക്കുട്ടൻ സുൽത്തുവിനെ എടുത്തുപൊക്കി മുത്തശ്ശിയുടെ മുന്നിൽ വെച്ചു. അവർ അടുത്തുവന്നു സൂക്ഷിച്ചുനോക്കി.

''തരക്കേടൊന്നുംല്യാ ചാർളിക്കുട്ടാ. ഭംഗിയൊക്കെയുണ്ട്. എന്നാലും അതിനെ അകത്തൊന്നും കിടത്തണ്ട. രണ്ട് തവി പാലു കൊടുത്തോളൂ. രാത്രി പുറത്തു കിടന്നാൽ തള്ള വന്ന് പാലു കൊടുത്തോളും. കൂടെ കൊണ്ടുപോണെങ്കി പൊയ്ക്കോട്ടെ.''

ചാർളിക്ക് ആശ്വാസമായി. മുത്തശ്ശി സമ്മതിച്ചല്ലോ. ഇനി വല്യമ്മാവൻ കൂടി എതിരഭിപ്രായം പറയാതിരുന്നാൽ മതിയായിരുന്നു. അവൻ സുൽത്തുവിനെ തോളിലൊതുക്കി ഉമ്മറത്തു കയറി.

വലിയമ്മാവൻ ചാരുകസാലയിലിരുന്ന് വെറ്റില മുറുക്കുകയാണ്. അദ്ദേഹം തലയുയർത്തി ഉറക്കെ ചോദിച്ചു.

''എടാ മോനെ എന്തിനാടാ ആ പട്ടിക്കുട്ടിയെ ഉമ്മറത്തു കേറ്റണത്? കൊണ്ടുകളയ്....''

ചാർളിക്കുട്ടൻ ഭവ്യതയോടെ നിന്നു. വലിയമ്മാവൻ പറഞ്ഞാൽപ്പിന്നെ ആരും മറുത്തു പറയില്ല. ചാർളിക്കുട്ടൻ വിഷമിച്ചുനിന്നു.

ഗേറ്റിനപ്പുറത്തുനിന്ന്അമ്മപ്പട്ടിയുടെ ശബ്ദമുയർന്നു. 'ഹ്യും... ഹ്യൂം.....ഓ...ഓ...'

'മ്യൂം... മ്യൂം ...' സുൽത്തു പിടഞ്ഞ് ചാർളിക്കുട്ടന്റെ പിടിവിടുവിച്ച് മുറ്റത്തേക്കു ചാടി, അത് അമ്മയോടൊപ്പം തുള്ളിച്ചാടി. അമ്മിഞ്ഞ കുടിച്ചു. രണ്ടുപേരുംകൂടി റോഡരികിലൂടെ നടന്നു.

വലിയമ്മാവൻ മുറുക്കാൻ നിറഞ്ഞ വാ തുറന്ന് എല്ലാവരും കേൾക്കെപ്പറഞ്ഞു.

''ആ പോട്ടെ പോട്ടെ, ഇനി വിടെ കേറ്റേണ്ട. ആ ഗേറ്റട ച്ചേക്കിൻ.''

ചാർളിക്കുട്ടൻ മുത്തശ്ശിയോടു ചോദിച്ചു.

**" അയ്യയ്യേ... ന്റെ ചാർളിക്കുട്ടാ, ഇതേതാ ഈ പട്ടി? വല്ല പൊന്തയിലും ചളിയിലുമൊക്കെ കിടന്നുരുണ്ട പട്ടിയാവും. ഉമ്മറത്തേക്കൊന്നും കൊണ്ടുവരണ്ട. അത്ര കൂടിയേ കഴിയൂവെങ്കിൽ വല്ല കഞ്ഞിവെള്ളമോ ദോശയോ പുറത്തിട്ടുകൊടുത്താൽ മതി. വന്ന് തിന്നു പൊയ്ക്കൊള്ളും. അതിന്റെ തള്ള വന്ന് പാലുകൊടുത്തോളും. പോവുന്നെങ്കിൽ പൊയ്ക്കോട്ടെ."**

''സുൽത്തു ഇനി വരില്ലേ മുത്തശ്ശീ?''

''വരും കുട്ടാ. നീ പാലും ചോറുമൊക്കെ കൊടുത്തതല്ലേ. ആ സ്നേഹം അതിനില്ലാതിരിക്കില്ല.''

രാത്രി ചാർളിക്കുട്ടനുറങ്ങാൻ കഴിഞ്ഞില്ല. സുൽത്തു വരുമോ? അവൻ ചെവിയോർത്തുകിടന്നു. രാത്രി നായ്ക്കൾ ഓരിയിടുന്ന ശബ്ദം കേട്ടു. ഉമ്മറത്തുനിന്ന് 'മീ മീ ഹ്യൂം ഹ്യൂം' ശബ്ദവും കേട്ടു. ചാർളിക്കുട്ടൻ എഴുന്നേറ്റിരുന്നു. സുൽത്തു ഉമ്മറത്തെത്തിയിരിക്കുന്നുവെന്ന് കുട്ടനു മനസ്സിലായി. ഗേറ്റിനപ്പുറത്ത് അമ്മപ്പട്ടി അതിനെ വിളിക്കുന്നു.

വലിയമ്മാവന്റെ ഉച്ചത്തിലുള്ള ശബ്ദംകേട്ടാണ് കാലത്ത് ചാർളിക്കുട്ടനും മുത്തശ്ശിയും ഉണർന്നത്.

'അശ്രീകരം എന്റെ ചെരുപ്പ് ഒന്നു കാണുന്നില്ല. പട്ടിക്കുട്ടി കടിച്ചുകൊണ്ടോയി.'

മുത്തശ്ശി വാ പൊത്തിപ്പിടിച്ച് ചിരിച്ചുപറഞ്ഞു.

''അതെവിടെയെങ്കിലും കൊണ്ടുവെച്ചിട്ടുണ്ടാകും. ഈ മറവി ഇടയ്ക്കു പതിവുള്ളതാണല്ലോ. കണ്ണട, ഊന്നുവടി, ഇടയ്ക്ക് മുറുക്കാൻ ചെല്ലം. ഇപ്പോ ചെരിപ്പായീന്നു മാത്രം. കണ്ണടവച്ച് തെരഞ്ഞുനോക്കിൻ.''

വലിയമ്മാവനു ദേഷ്യം വന്നു. ''പിന്നെ ചെരിപ്പു വച്ച സ്ഥലം ഞാനങ്ങു മറക്വാ. ആ പട്ടി പണി പറ്റിച്ചതാ...''

അദ്ദേഹം ഒരു വടിയെടുത്ത് മുറ്റത്തിറങ്ങി.

''ദേ കെടക്കുന്നു...''

അദ്ദേഹം ഗേറ്റിനടുത്തുനിന്ന് പട്ടമുറിഞ്ഞ ചെരിപ്പു വടികൊണ്ടു തോണ്ടിയെടുത്തു.

''കണ്ടോ ആ തെണ്ടിപ്പട്ടി ഇതിന്റെ വാറു കടിച്ചുമുറിച്ചിരിക്കുന്നു. അതിനെ ഒറ്റത്തല്ലിനു കൊല്ലണം. എവിടെ ആ ചൊക്ലി...!''

അദ്ദേഹം നാലുപാടും തിരഞ്ഞു.

'ഹ്യൂം.... മൈ മൈ' എന്ന ശബ്ദമുണ്ടാക്കി സുൽത്തുവും അമ്മയും ഗേറ്റിനു പുറത്തു കടന്നു.

'സുൽത്തൂ....'

ചാർളിക്കുട്ടൻ വിളിച്ചു. സുൽത്തു വാലാട്ടി ഗേറ്റിനുള്ളിലേക്കു തിരിഞ്ഞു. വലിയമ്മാവൻ വടിയുയർത്തി.

''പോ പട്ടി ഇങ്ങട്ടു കട

**“മക്കളേ ആ അമ്മയുടെ വിളി കേട്ടോ.... ഏതു നരകത്തിൽ നിന്നായാലും ഒരമ്മയുടെ വിളി മക്കൾക്കു കേൾക്കാതിരിക്കാനാവില്ല. പട്ടിയായാലും അതൊരമ്മയാണ്. മറ്റേതൊരു കുട്ടിയും.”**
**വലിയമ്മാവൻ ഇതെല്ലാം കണ്ട് തലതാഴ്ത്തിയിരിക്കുകയായിരുന്നു.**

ന്നാൽ നിന്റെ കാലു ഞാനൊടിക്കും. വലിയമ്മാവൻ വടിയോങ്ങി. അപകടം മനസ്സിലാക്കിയ അമ്മപ്പട്ടി അപ്പുറത്തുനിന്ന് 'ഓ ഓ' ശബ്ദിച്ചു. സുൽത്തു അമ്മയ്ക്കടുത്തേക്കോടി.

വലിയമ്മാവൻ ക്രുദ്ധനായി വീട്ടിലെ പണിക്കാരനെ വിളിച്ചുപറഞ്ഞു.

''വേലായുധാ, ആ പട്ടിക്കുട്ടിയെ പിടിച്ചു ചാക്കിലാക്കി ദൂരെ കൊണ്ടുവിട്. പറ്റുമെങ്കിൽ പുഴ കടത്തിക്കോ....''

ചാർളിക്കുട്ടനു സങ്കടമായി. അവൻ കരഞ്ഞുകൊണ്ടു പറഞ്ഞു.

''വേണ്ടാന്നു പറയൂ മുത്തശ്ശീ. സുൽത്തൂനെ കളയേണ്ടെന്നു പറയൂ...''

''കുട്ടൻ സമാധാനിക്ക്.. നിന്റെ കുട്ടനെ എവിടെ കളഞ്ഞാലും ജീവനുണ്ടെങ്കിൽ അതു തിരിച്ചുവരും.''

അന്ന് ചാർളിക്കുട്ടനുറക്കം വന്നില്ല. അവൻ സുൽത്തുവെന്നു സങ്കൽപ്പിച്ച് തലയിണ കെട്ടിപ്പിടിച്ചു കിടന്നു. പുറത്തു സുൽത്തുവിന്റെ ശബ്ദം കേൾക്കുന്നുണ്ടോ എന്നു ചെവിയോർത്തു. ഗേറ്റിനുമുകളിൽ മതിലിൽ കയറി നിന്നു. അമ്മപ്പട്ടിനീട്ടി വിളിക്കുന്ന ശബ്ദം കേൾക്കുന്നുണ്ട്.

കാലത്തു വേലായുധന്റെ വലിയമ്മാമയോടുള്ള വിവരണം കേട്ടു.

''അതിനെ ഞാൻ ഒരു ചാക്കിലാക്കി പുലാറ്റന്തോൾ പാലത്തിന്റെ താഴെ അഴുക്കുകൂമ്പാരത്തിലിട്ടു. ഇനി അതിനു വരാൻ കഴിയില്ല.''

''നന്നായി.''

വല്യമ്മാവൻ പറഞ്ഞു. അരയിൽ നിന്ന് ഒരു നൂറു രൂപ നോട്ടു മടക്കി വേലായുധനു കൊടുക്കുന്നതു ചാർളിക്കുട്ടൻ കണ്ടു.

അമ്മപ്പട്ടിയുടെ ഓലിയിടൽ പകലും രാത്രിയും തൊടിയിലും മതിലിനു പുറത്തുമായി കേട്ടുകൊണ്ടേയിരുന്നു.

പിറ്റേന്ന് ചാർളിക്കുട്ടൻ നേരത്തെ എഴുന്നേറ്റു. വലിയമ്മാവൻ എന്തോ പിറുപിറുക്കുന്നു. ഗേറ്റിനുപുറത്ത് 'ഓ... ഓ...' ശബ്ദവും പട്ടിക്കുട്ടിയുടെ കരച്ചിലും കേട്ടു. വലിയമ്മാവൻ പറയുന്നു.

''ആ നാശംപിടിച്ചത് പിന്നേയും വന്നുവല്ലോ വേലായുധാ. എന്റെ ചെരിപ്പും പോയി നൂറുറുപ്പികയും പോയി.''

മുത്തശ്ശിപറഞ്ഞു.

''മക്കളേ ആ അമ്മയുടെ വിളികേട്ടോ.... ഏതു നരകത്തിൽ നിന്നായാലും ഒരമ്മയുടെ വിളി മക്കൾക്കു കേൾക്കാതിരിക്കാനാവില്ല. പട്ടിയായാലും അതൊരമ്മയാണ്. മറ്റേതൊരു കുട്ടിയും.''

വലിയമ്മാവൻ ഇതെല്ലാം കണ്ട് തലതാഴ്ത്തിയിരിക്കുകയായിരുന്നു. അദ്ദേഹം വിളിച്ചുപറഞ്ഞു.

''ചാർളിക്കുട്ടാ അതിനെ ഇങ്ങെടുത്തുകൊണ്ടുപോരെ. നിന്റെ സുൽത്തൂനെ... പാവം!''





# കുഞ്ഞാറ്റ

മാത്യു ജോൺ

ചൂളമരത്തിലെ കൂട്ടിലൊളിച്ചൊരെൻ
കുഞ്ഞാറ്റ പൈങ്കിളി ചാരെ വായോ,
താളത്തിലാടി പറന്നുവായോ ഓമൽ
കുഞ്ഞാറ്റ പൈങ്കിളി പാറിവായോ.

തത്തമ്മ ചേക്കേറും ചില്ലകളും നറു-
തേനൂറും പൂക്കളും കാട്ടിത്തരാം,
തൂമണം തൂകുന്ന തെന്നലിൽ തെന്നിനീ-
കുഞ്ഞാറ്റ പൈങ്കിളി പാറിവായോ.

കൊത്തിപ്പെറുക്കുവാൻ നെൻമണി ഞാൻ തരാം,
കൊക്കിലൊളിപ്പിക്കാൻ ചാമ തരാം,
അല്ലലിൽ തെല്ലുമുഴലാതെ പോറ്റിടാം,
കുഞ്ഞാറ്റ പൈങ്കിളി കൂടെ വായോ.

ശീലൊത്ത പാട്ടുകൾ പാടിത്തരാം, ആരും-
പാടാത്ത പല്ലവി ചൊല്ലിത്തരാം,
ചേലൊത്ത കൂടൊന്നു കെട്ടിത്തരാമെൻ-
കുഞ്ഞാറ്റ പൈങ്കിളി കൂടെ വായോ.

പട്ടുനൂൽ കൊണ്ടൊരു കൂടു ഞാൻ തീർത്തിടാം
കൂട്ടിനൊരുവളെ വിട്ടുനൽകാം,
എന്നാറ്റ പൈങ്കിളി പോകല്ലേ, പോകല്ലേ,
എൻമനം കാണാതെ പോകരുതേ.



വര: ആശ ആർ

# അരുണ ആസഫ് അലി

ജോർജ് തഴക്കര

ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന അരുണ ആസഫ് അലിയുടെ ജീവിതത്തെ കുറിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്. ക്വിറ്റ് ഇന്ത്യ സമരത്തിനിടയിൽ ബോംബെയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പതാക ഉയർത്തി ശ്രദ്ധേയയായിത്തീർന്ന അരുണ ആസഫ് അലിയുടെ കഥ വായിക്കൂ.



സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്കുള്ള ആദ്യ വെളിച്ചമായിരുന്നു 1942 ലെ ക്വിറ്റ് ഇന്ത്യാ സമരം. ആഗസ്റ്റ് 9 ലെ പ്രഖ്യാപനസമ്മേളനം ക്രമീകരിച്ചിരുന്നത് ബോംബെയിലെ ഗോവാലിയ ടാങ്ക് മൈതാനിയിലായിരുന്നു. അരുണ ആസഫ് അലി ഭർത്താവിനോടൊപ്പം ഓൾ ഇന്ത്യാ കോൺഗ്രസ് കമ്മറ്റിയുടെ മീറ്റിങ്ങിൽ പങ്കെടുക്കുവാനായി ബോംബെയിലെത്തി.

പ്രഖ്യാപനത്തിനു മുന്നോടിയായുള്ള തലേദിവസത്തെ സമ്മേളനത്തിൽ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, മൗലാനാ അബ്ദുൾ കലാം ആസാദ്, ഡോ. രാജേന്ദ്രപ്രസാദ് തുടങ്ങിയ ദേശീയ നേതാക്കൾക്കൊപ്പം അരുണ അരുണ ആസഫ് അലിയും പങ്കെടുത്തു.

യുവജനവിഭാഗത്തെ ആഹ്വാനം ചെയ്തു സംസാരിച്ചത് അരുണ ആസഫ് അലിയായിരുന്നു. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം മാത്രമല്ല ലക്ഷ്യമെന്നും, ഏതു തരത്തിലുള്ള ചൂഷണത്തിനും എതിരായുള്ളതായിരിക്കണം നമ്മുടെ സ്വാതന്ത്ര്യമെന്നും അവർ ഊന്നിപ്പറഞ്ഞു. പിറ്റേദിവസം നടക്കുവാനുള്ള ക്വിറ്റ് ഇന്ത്യാ പ്രഖ്യാപന സമ്മേളനം നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. അന്നു രാത്രിയിൽതന്നെ മിക്കവാറും എല്ലാ ദേശീയനേതാക്കളെയും അറസ്റ്റു ചെയ്ത് അജ്ഞാതകേന്ദ്രങ്ങളിലേക്കു മാറ്റിപ്പാർപ്പിച്ചു.

പൊലീസിന്റെ വൻ സന്നാഹത്തെ മറികടന്നുകൊണ്ട് അരുണ ആസഫ് അലിയുടെ അധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു.



അരുണ ആസഫ് അലി

സമ്മേളനനഗറിൽ ത്രിവർണപതാക അവർ ഉയർത്തി. 'വന്ദേമാതര'ത്തിന്റെ മന്ത്രധ്വനി സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനു നേരെ ഉയർന്ന വെല്ലുവിളിയായി. ലാത്തിച്ചാർജിനും ടിയർഗ്യാസിനും

സ്വാതന്ത്ര്യത്തിന്റെ അഭിനിവേശത്തെ തല്ലിക്കെടുത്തുവാൻ കഴിഞ്ഞില്ല. രാജ്യമൊട്ടാകെ ആ ആഹ്വാനം ചെവിക്കൊണ്ടു. വിദേശമേധാവിത്വം വിറളിപൂണ്ടു.

യാഥാസ്ഥിതിക ബ്രാഹ്മണകുടുംബത്തിൽ ജനിച്ച് മുസ്ലിം പണ്ഡിതനെ വരിച്ച്, മഹാത്മജിയെ ആദരിച്ച്, മാർക്സിസത്തെ താലോലിച്ച അരുണ ആസഫ് അലിക്കാണ് ക്വിറ്റ് ഇന്ത്യാ സമരപ്രഖ്യാപനത്തിനു മുന്നോടിയായുള്ള അഖണ്ഡഭാരതത്തിന്റെ പ്രതീകമായ ത്രിവർണ പതാക ഉയർത്തുവാനുള്ള മഹാഭാഗ്യം ലഭിച്ചത്.

**ജീവചരിത്രസംഗ്രഹം**

കൊൽക്കത്തയിലെ ഗംഗോളികുടുംബത്തിൽ 1909 ജൂലൈ 16 ന് അരുണ ഗംഗോളി ജനിച്ചു. ലാഹോറിലെ സേക്രട്ട് ഹാർട്ട് കോൺവെന്റിലായിരുന്നു ആദ്യകാല വിദ്യാഭ്യാസം. കത്തോലിക്ക വിശ്വാസത്തിൽ ആകൃഷ്ടയായ അരുണയ്ക്ക് കന്യാസ്ത്രീയാകണമെന്നതായിരുന്നു ആഗ്രഹം. ബ്രാഹ്മണകുടുംബത്തിന് അതു സഹിക്കുവാൻ കഴിയുമായിരുന്നില്ല. ഭക്ഷണശാല നടത്തിക്കൊണ്ടിരുന്ന പിതാവ് മകളെ നിർബന്ധിച്ച് നൈനിത്താളിലെ പ്രൊട്ടസ്റ്റന്റ് സ്കൂളിലേക്കു മാറ്റി. ഉയർന്ന വിജയത്തോടെ പഠനം പൂർത്തിയാക്കിയ അരുണ ഇംഗ്ലണ്ടിൽ പോയി പഠിക്കുവാനായി ധനസമ്പാദനാർഥം കൊൽക്കത്തയിലെ ഗോഖലെ മെമ്മോറിയൽ സ്കൂളിൽ അധ്യാപികയായി. 1972 ലെ ഡിസംബർ മാസത്തിൽ അലഹബാദിൽ സഹോദരിയുടെ ഭവനത്തിലെത്തിയ അരുണ, ആസഫ് അലിയുമായി പരിചയപ്പെട്ടു. അറിയപ്പെടുന്ന ബാരിസ്റ്ററും പേർഷ്യൻ പണ്ഡിതനുമായ ആസഫ് അലിയെ പത്തൊമ്പത് വയസ്സുമാത്രമുള്ള അരുണ സ്നേഹിച്ചുതുടങ്ങി. അരുണയെക്കാൾ ആസഫ് അലിക്ക് 22 വയസ്സ് കൂടുതലുണ്ടായിരുന്നു. സ്വസമുദായത്തിന്റെയും വീട്ടുകാരുടെയും എതിർപ്പിനെ അവഗണിച്ചുകൊണ്ട് 1928 സെപ്റ്റംബറിൽ അരുണ ഗംഗോളി കുത്സം സമാനി എന്ന പേരിൽ ഇസ്ലാം ആചാരപ്രകാരം വിവാഹിതയായി. പിതാവായ ഉപേന്ദ്രനാഥ് ഗാംഗുലി പിറ്റേമാസം അന്തരിച്ചു.

അതിപ്രഗത്ഭനായ വക്കീലായിരുന്നു ആസഫ് അലി. ഭഗത്സിങ്ങിന്റെ വധശിക്ഷയ്ക്കെതിരായി വാദിക്കാൻ പഞ്ചാബ് ഹൈക്കോടതിയിൽ ഹാജരായത് ആസഫ് അലിയായിരുന്നു. ആനിബസന്റിന്റെ ഹോം റൂൾ പ്രസ്ഥാനവുമായി ബന്ധപ്പെട്ടാണ് പൊതുപ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ചത്. 1921 ൽ ജയിൽമോചിതനായ ആസഫ് അലി ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. 1946 ലെ ഇടക്കാല കേന്ദ്രസർക്കാരിൽ ഗതാഗത റെയിൽവേമന്ത്രിയായി. ഭർത്താവിനോടൊപ്പം അരുണയും രാഷ്ട്രീയകാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചു തുടങ്ങി. 1930 ൽ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തതോടെ അരുണ ആസഫ് അലി ദേശവ്യാപകമായി അറിയപ്പെട്ടുതുടങ്ങി. ഉപ്പുസത്യഗ്രഹം ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പു മാത്രമായിരുന്നില്ല. സ്വന്തം പ്രകൃതിവിഭവങ്ങളെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം കൂടിയായിട്ടായിരുന്നു കണക്കാക്കിയത്. അറസ്റ്റു വരിച്ച് ഒരു വർഷം ജയിലിൽ കിടന്നു. ഗാന്ധിജി – ഇർവിൻ സംഭാഷണത്തെ തുടർന്ന് ജയിൽമോചിതരായവരിൽ അരുണയേയും ഉൾപ്പെടുത്താത്തതിൽ പ്രതിഷേധമുയർന്നതിനെത്തുടർന്ന് അവർ മോചിതയായി. സത്യഗ്രഹ പരിപാടിയിൽ പങ്കെടുത്തതിന്റെ പേരിൽ 1932 ൽ വീണ്ടും അറസ്റ്റു ചെയ്യപ്പെട്ടു. രാഷ്ട്രീയ തടവുകാർക്ക് ശരിയായ ഭക്ഷണം ലഭിക്കുന്നില്ലായെന്നതിന്റെ പേരിൽ ജയിലിൽ സമരപരിപാടികൾ അവർ ആവിഷ്കരിച്ചു. തുടർന്ന് ഏകാന്തതടവിനായി അംബാലയിലേക്കു കൊണ്ടുപോയി. ജയിൽമോചി



അരുണ ആസഫ് അലി നെഹ്റുവിനൊപ്പം

തയായശേഷവും അറസ്റ്റ്‌വാറന്റുണ്ടായി. സോഷ്യലിസ്റ്റ് നേതാക്കൾക്കൊപ്പം അരുണ ഒളിവിൽ പാർത്തു. അവരുടെ വസ്തുവകകൾ കണ്ടുകെട്ടി. കണ്ടുപിടിച്ചുകൊടുക്കുന്നവർക്ക് 5000 രൂപയും പ്രഖ്യാപിച്ചു. 1946 ജനുവരി 26 ന് അറസ്റ്റ് പിൻവലിച്ചതിനെ തുടർന്ന് അരുണ പൊതുവേദികളിലെത്തി.

ഇടക്കാല ഗവൺമെന്റ് നിലവിൽവന്നപ്പോൾ 1947 മുതൽ അമേരിക്കൻ സ്ഥാനപതിയായി ആസഫ് അലി നിയമിതനായി. ഭർത്താവിനോടൊപ്പം വിദേശരാജ്യങ്ങൾ സന്ദർശിക്കുവാനുള്ള അവസരം അരുണയ്ക്കു ലഭിച്ചു.

ഭാരതം സ്വതന്ത്രമാകുമ്പോൾ അരുണ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലെ അംഗമായിരുന്നു. 1948 ൽ സ്വന്തമായി ഒരു സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. 1955 ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ലയിച്ചു. തുടർന്ന് പാർട്ടിയുടെ സെൻട്രൽ കമ്മറ്റിയിലും ഓൾ ഇന്ത്യാ ട്രെയ്ഡ് യൂണിയൻ വൈസ് പ്രസിഡന്റായും പ്രവർത്തിക്കുവാൻ അരുണ ആസഫ് അലിക്ക് അവസരം ലഭിച്ചു. 1958 ൽ പാർട്ടിയിൽ നിന്നും പുറത്തുപോയി. ആ വർഷം നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ സഹകരണത്തോടെ മത്സരിച്ച് ഡൽഹിയിലെ ആദ്യത്തെ മേയറായി. 1959 ഏപ്രിലിൽ ആ സ്ഥാനം രാജിവച്ചു. ഇടതുപക്ഷ വീക്ഷണമുള്ള ലിങ്ക് വാരികയും പേട്രിയറ്റ് ദിനപത്രവും അവരുടെ ശ്രമഫലമായിട്ട് ആരംഭിച്ചതാണ്. നെഹ്റുവിന്റെ മരണത്തെ തുടർന്ന് 1964 ൽ വീണ്ടും കോൺഗ്രസിലേക്കു ചേക്കേറിയെങ്കിലും പിന്നീട് അരുണ ആസഫ് അലിയുടെ നേതൃത്വവൈഭവം പ്രകടിപ്പിക്കുവാൻ കഴിയാത്ത സാഹചര്യവുമായി.

സമാധാനത്തിനുള്ള ലെനിൻ പ്രൈസ് (1975), ജവഹർലാൽ ഇന്റർ നാഷണൽ അവാർഡ് (1991) എന്നീ ബഹുമതികൾ ലഭിച്ചു. 1996 ജൂലൈ 29 ന് ആ ധീരദേശാഭിമാനി അന്തരിച്ചു. 1998 ൽ മരണാനന്തര ബഹുമതിയായി ഭാരതരത്നം നൽകിയതോടൊപ്പം ആ വർഷം തന്നെ ഇന്ത്യൻപോസ്റ്റൽ സ്റ്റാമ്പും പ്രസിദ്ധീകരിച്ച് അരുണ ആസഫ് അലിയെ രാഷ്ട്രം ആദരിച്ചു.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു



സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറു ലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തവുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

എഡിറ്റർ
തളിര്
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം,
സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# പഞ്ചതന്ത്രം: ജീവിതവിജയത്തിനായുള്ള അഞ്ച് അടവുകൾ

**ബി സി ഖാദർ**

'മഹിളാരോപ്യം' എന്നൊരു രാജ്യം. അമരശക്തി എന്ന രാജാവ്. രാജാവിന് മൂന്ന് മക്കൾ. മൂന്നുപേരും മഹാമടിയന്മാർ. ആരാണ് കൂടുതൽ മടിയൻ എന്ന കാര്യത്തിലേ സംശയമുള്ളൂ. ഒന്നും ചെയ്യാതെ ആരെയും കൂസാതെ അവരങ്ങനെ ജീവിച്ചുപോന്നു.

മഹാ മടിയന്മാരും മണ്ടശിരോമണികളുമായ രാജകുമാരന്മാരെക്കൊണ്ട് രാജാവ് ബുദ്ധിമുട്ടി. നാട്ടുകാരുടെ പരിഹാസം ഒരു





വര: സചീന്ദ്രൻ കാറഡുക്ക

ഭാഗത്ത്. മക്കളുടെ മണ്ടത്തരങ്ങൾ മറുഭാഗത്ത്.

രാജാവിന് ആധിയായി. ഇങ്ങനെ പോയാൽ തന്റെ കാലശേഷം ആരാണ് രാജ്യം ഭരിക്കുക? രാജ്യം അനാഥമാവില്ലേ. മക്കളെ നന്നാക്കിയെടുക്കാൻ രാജാവ് ഗുരുക്കന്മാരെ തേടി. പലരും വന്നു. വന്നപോലെതന്നെ മടങ്ങി. കുമാരന്മാരെ ശരിയാക്കാൻ അവരെ പഠിപ്പിക്കാൻ ആർക്കുമാവില്ല. എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു.

ഒരിക്കൽ രാജസദസ്സിൽ രാജാവ് തന്റെ സങ്കടം അവതരിപ്പിച്ചു. ''മഹാപണ്ഡിതർ ഇരിക്കുന്ന സദസ്സാണിത്. എന്റെ മണ്ടന്മാരായ മക്കളെ വിദ്യയഭ്യസിപ്പിക്കണം. അവർ ഗുരുക്കന്മാർക്കൊന്നും വഴങ്ങുന്ന പ്രകൃതക്കാരല്ല. ആർക്കാണ് അവരെ നേരെയാക്കാൻ കഴിയുക?''

ആരും ഒന്നും പറഞ്ഞില്ല. എല്ലാവരും തല താഴ്ത്തിയിരുന്നു. അവസാനം സദസ്സിന് പുറകിൽ നിന്നും ഒരു വയസ്സായ പണ്ഡിതൻ എഴുന്നേറ്റു നിന്നു. ''മഹാരാജൻ, ഞാനൊന്നു ശ്രമിച്ചുനോക്കാം. ഒരു പാഠശാലയ്ക്കു വേണ്ട സൗകര്യങ്ങൾ വേണം.''

രാജാവിന് സമാധാനമായി.

രാജകുമാരൻമാരെ പഠിപ്പിക്കാൻ തയ്യാറായ ഗുരുവിന്റെ പേര് ''വിഷ്ണുശർമ' എന്നായിരുന്നു. മഹാപണ്ഡിതനായിരുന്നു വിഷ്ണുശർമ. നാടാകെ സഞ്ചരിച്ച് അനുഭവങ്ങൾ സ്വായത്തമാക്കിയ മഹാഗുരു.

മനോഹരമായ ഒരു കെട്ടിടം തന്നെ വിഷ്ണുശർമയ്ക്കും രാജകുമാരൻമാർക്കുമായി ഒരുക്കി. ധാരാളം ചെടികളും പൂക്കളും മരങ്ങളും നിറഞ്ഞ ചുറ്റുപാട്. കിളികളും ചെറിയ ജന്തുക്കളും നിറഞ്ഞ പ്രദേശം. മഹർഷി എന്നും കുട്ടികളെയും കൂടെ കൂട്ടി നടക്കാനിറങ്ങും. മരത്തണലിൽ ചെന്നിരിക്കും. മഹർഷി വാ തുറക്കുമ്പോഴേക്കും കുമാരന്മാർ പറയും.

''വേണ്ട, ഞങ്ങൾക്കു പഠിക്കേണ്ട. പഠിപ്പ് മുഷിപ്പാണ്.''

''വേണ്ട... നിങ്ങൾ ഒന്നും പഠിക്കേണ്ട... നമ്മൾക്കീ മരച്ചുവട്ടിൽ ഇരിക്കാം. ഞാൻ ചില കഥകൾ പറയാം. എന്താ കഥകളിഷ്ടമല്ലേ...'' ഗുരു ചോദിച്ചു.

കഥകൾ എത്ര കേട്ടാലും മതിയാവില്ല. മഹർഷി പറഞ്ഞോളൂ... എന്നായി കുമാരന്മാർ.

വിഷ്ണുശർമ കഥ പറഞ്ഞുതുടങ്ങി

വളരെ മുമ്പ്. ഗോദാവരിയുടെ തീരത്ത് വലിയൊരു മരത്തിൽ പലതരം പക്ഷികൾ കൂടുകെട്ടി പാർത്തിരുന്നു.

എവിടെയാണ് ഗോദാവരി... ഏത് തരം പക്ഷികളാണ് മരത്തിൽ കൂടുകെട്ടിയത്?

**ഒരു ദിവസം ഒരു കഥ... ഓരോ കഥയിൽ നിന്നും മറ്റൊരു കഥയിലേക്ക്. ഒരു കഥയ്ക്കുള്ളിൽ തന്നെ മറ്റൊരുകഥ. ഓരോ കഥയിലും മനുഷ്യർ നേരിടുന്ന പ്രശ്നങ്ങളും. അതിനുള്ള പ്രതിവിധികളും ഒളിപ്പിച്ചുവച്ചിരുന്നു.**

എങ്ങനെയാണ് പക്ഷികൾ കൂടുണ്ടാക്കുന്നത്. കുട്ടികൾ ചോദിച്ചുകൊണ്ടിരുന്നു.

വിഷ്ണുശർമ ഉത്തരവും പറഞ്ഞുകൊണ്ടിരുന്നു.

പല ഉത്തരങ്ങളും അദ്ദേഹം കുട്ടികളെക്കൊണ്ട് വീണ്ടും വീണ്ടും പറയിച്ചു. ഒരു ദിവസം ഒരു കഥ... ഓരോ കഥയിൽ നിന്നും മറ്റൊരു കഥയിലേക്ക്. ഒരു കഥയ്ക്കുള്ളിൽ തന്നെ മറ്റൊരുകഥ.

ഓരോ കഥയിലും മനുഷ്യർ നേരിടുന്ന പ്രശ്നങ്ങളും. അതിനുള്ള പ്രതിവിധികളും ഒളിപ്പിച്ചുവച്ചിരുന്നു. ആരാണ് നല്ല കൂട്ടുകാരൻ? ഒരു കഥയിൽ നിന്ന് കുട്ടികൾ പഠിച്ചത് ഇതാണ്.

സിംഹത്തെ കിണറ്റിൽ ചാടിച്ച മുയലിന്റെ കഥ. ഹംസങ്ങൾ കൊത്തിപ്പറക്കുന്ന വടിയിൽ കടിച്ചുതൂങ്ങിയ ആമയുടെ കഥ. കുരങ്ങന്റെ ഹൃദയം തിന്നാൻ കൊതിച്ച മുതലയുടെ കഥ... പാമ്പിന്റെ പൊത്തിൽ മാലയിട്ട കാക്കയുടെ.... തുടങ്ങി എത്രയെത്ര കഥകളാണ് വിഷ്ണുശർമ പറഞ്ഞതെന്നോ...

മരമണ്ടൻമാരായ മക്കൾ അറിയാതെ എല്ലാം പഠിച്ചു. വിഷ്ണുശർമ കഥകളിലൂടെ അവരെ എല്ലാം പഠിപ്പിച്ചു.

പിന്നെയും പിന്നെയും ആരെല്ലാമോ ഈ കഥകൾ പറഞ്ഞുകൊണ്ടിരുന്നു. ബി സി രണ്ടാം നൂറ്റാണ്ടിൽ ഈ കഥകൾ ക്രോഡീകരിക്കപ്പെട്ടു. അഞ്ചുതന്ത്രങ്ങൾ, അഥവാ ജീവിതവിജയത്തിനാവശ്യമായ അഞ്ച് അടവുകൾ അടങ്ങിയ ഈ കഥകൾ പഞ്ചതന്ത്രം കഥകൾ എന്ന പേരിലറിയപ്പെട്ടു.

മിത്രഭേദം (കൂട്ടുകാരെ ഭിന്നിപ്പിക്കൽ) മിത്രലാഭം (കൂട്ടുകാരെ ലഭിക്കൽ), കാകോലൂകീയം (കാക്കകളും മൂങ്ങകളും തമ്മിലുള്ളത്), ലബ്ധപ്രണാശം (കൈയിലുള്ളത് നഷ്ടപ്പെട്ടാൽ), അപരീക്ഷിതകാരിതം (വിവേകശൂന്യമായ പ്രവൃത്തി) എന്നീ അഞ്ചു തന്ത്രങ്ങൾ.

പക്ഷികൾ, മൃഗങ്ങൾ, മനുഷ്യർ, ദൈവങ്ങൾ, സന്ന്യാസിമാർ, ധീരനായകന്മാർ എന്നീ കഥാപാത്രങ്ങളിലൂടെ ലോകജീവിതവിജയത്തിനായുള്ള ബാലപാഠങ്ങൾ കഥക

ളിലൂടെ കുട്ടികളിലെത്തിക്കുന്ന പഞ്ചതന്ത്രത്തിന്റെ രീതി വളരെയേറെ പ്രശംസിക്കപ്പെട്ടു. എ ഡി ആറാം നൂറ്റാണ്ടിൽ പഞ്ചതന്ത്രം പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. തുടർന്ന് അറബി, ഗ്രീക്ക്, ലാറ്റിൻ ഭാഷകളിലേക്ക്. 1570 ൽ സർ തോമസ് നോർത്ത് പഞ്ചതന്ത്രം ഇംഗ്ലീഷിലാക്കി.

പഞ്ചതന്ത്രം പേർഷ്യയിലെത്തിയതിന്റെ പിന്നിലുമുണ്ടൊരു രസകരമായ കഥ. പഞ്ചതന്ത്രത്തിന്റെ മാഹാത്മ്യം വ്യക്തമാക്കുന്ന ഒരു കഥ....

ഒരിക്കൽ പേർഷ്യയിലെ രാജാവിന് ഏതോ ഒരു കച്ചവടക്കാരൻ ഒരു പുസ്തകം സമ്മാനമായി കൊടുത്തു. പുസ്തകത്തിലൊരിടത്ത് മരിച്ചവരെ ജീവിപ്പിക്കുന്ന ഒരു രസായനത്തെക്കുറിച്ച് പറയുന്നുണ്ടായിരുന്നു. ഭാരതദേശത്ത് ഏതോ മലനിരകളിലാണ് ഈ രസായനമുണ്ടാക്കാനുള്ള ചെടികൾ വളരുന്നതെന്നും പുസ്തകത്തിലുണ്ട്. പുസ്തകം വായിച്ച രാജാവ് മരിച്ചവരെ ജീവിപ്പിക്കുന്ന ഈ രസായനത്തെക്കുറിച്ച് അന്വേഷണമാരംഭിച്ചു. തന്റെ ഏറ്റവും വിശ്വസ്തനായ മന്ത്രിമാരിൽ ഒരാളെ അദ്ദേഹം ഇന്ത്യയിലേക്കയച്ചു. മരിക്കുന്നവരെ ജീവിപ്പിക്കുന്ന രസായനം തേടിയുള്ള ഈ യാത്രയിൽ സഹായമഭ്യർഥിച്ചുകൊണ്ടുള്ള എഴുത്തും രാജാവ് കൊടുത്തയച്ചു. ഇന്ത്യയിലെത്തിയ മന്ത്രി നാട്ടുരാജ്യങ്ങളൊക്കെ ചുറ്റിയടിച്ചു. രാജാക്കന്മാരെയും മഹാപണ്ഡിതന്മാരെയും കണ്ടു. നിരാശയായിരുന്നു ഫലം.

അവസാനം അദ്ദേഹം ഒരു വൃദ്ധസന്ന്യാസിയുടെ

**പഞ്ചതന്ത്രത്തിന്റെ പ്രത്യേകത അതിന്റെ കഥപറയുന്ന പ്രത്യേകതരത്തിലുള്ള രീതിയാണ്. കഥപറയാനുള്ള സാഹചര്യത്തിന് ആദ്യം പശ്ചാത്തലമൊരുക്കുന്നു. കഥ പറഞ്ഞുവരുമ്പോൾ ഏത് ആശയമാണോ പറയേണ്ടത് അതിനായി ഒരു ഉപകഥ. ഇങ്ങനെ കഥയ്ക്കുള്ളിൽ കഥ. പിൽക്കാലത്ത് അറബിക്കഥകളും, ഈസോപ്പുകഥകളുമൊക്കെ പഞ്ചതന്ത്രത്തിന്റെ ഈ രീതി പിന്തുടരുന്നതായി കാണാം... നാടോടിക്കഥകളുടെ സഞ്ചാരപ്രിയതയെയാണ് ഇത് കാണിക്കുന്നത്.**

അടുത്തെത്തി. സന്ന്യാസി ചിരിച്ചുകൊണ്ടു പറഞ്ഞു. നിങ്ങളുടെ രാജാവ് വായിച്ചത് ശരിയാണ്. ഞാനും ഇതു വായിച്ച് ഒരുപാട് അലഞ്ഞതാണ്. അവസാനം എനിക്കൊരു കാര്യം മനസ്സിലായി. ''മരിച്ചവർ എന്നാൽ ജീവൻ പോയവർ എന്നല്ല. ബുദ്ധിശക്തി ക്ഷയിച്ചവർ എന്നാണ് വിവക്ഷ. ജീവിച്ചിട്ടും ബുദ്ധി പ്രയോഗിക്കാത്തതിനാൽ മരിച്ച് ജീവിക്കുന്നവർ. അവർക്കുള്ള രസായനമാണ് വിദ്യ. വിദ്യ ലഭിച്ചാൽ അവർ അമരൻമാരാകും.

മലനിരകളിൽ വളരുന്ന ചെടികൾ എന്നാൽ വിവിധ ഗ്രന്ഥങ്ങളിൽ ഒളിച്ചിരിക്കുന്ന ജ്ഞാനം എന്നാണ് അർഥം. ഈ ജ്ഞാനമത്രയും ഭംഗിയായി ഒളിപ്പിച്ചുവച്ച ഒരു പുസ്തകമുണ്ട്... പഞ്ചതന്ത്രത്തിന്റെ ഒരു കോപ്പിയെടുത്ത് കൊടുത്തു മഹർഷി പറഞ്ഞു. ''ഇതാണ് ആ പുസ്തകം.'' പഞ്ചതന്ത്ര കഥകൾ!

പഞ്ചതന്ത്രത്തിന്റെ പ്രത്യേകത അതിന്റെ കഥപറയുന്ന പ്രത്യേകതരത്തിലുള്ള രീതിയാണ്. കഥപറയാനുള്ള സാഹചര്യത്തിന് ആദ്യം പശ്ചാത്തലമൊരുക്കുന്നു. കഥ പറഞ്ഞുവരുമ്പോൾ ഏത് ആശയമാണോ പറയേണ്ടത് അതിനായി ഒരു ഉപകഥ....'' ഇങ്ങനെ കഥയ്ക്കുള്ളിൽ കഥ.

പിൽക്കാലത്ത് അറബിക്കഥകളും, ഈസോപ്പുകഥകളുമൊക്കെ പഞ്ചതന്ത്രത്തിന്റെ ഈ രീതി പിന്തുടരുന്നതായി കാണാം... രീതി മാത്രമല്ല. പഞ്ചതന്ത്രത്തിലെ പല കഥകളും അതേപോലെതന്നെയോ, ചില്ലറ മാറ്റം വരുത്തിയോ ഇത്തരം കഥകളിൽ ആവർത്തിച്ച് വരുന്നുമുണ്ട്. നാടോടിക്കഥകളുടെ സഞ്ചാരപ്രിയതയെയാണ് ഇത് കാണിക്കുന്നത്. ചുണ്ടുകളിൽ നിന്നും ചുണ്ടുകളിലേക്കായിരുന്നു ഈ യാത്ര എന്നുമാത്രം!

പക്ഷികൾ, മൃഗങ്ങൾ, മനുഷ്യർ, ദൈവങ്ങൾ, സന്ന്യാസിമാർ, ധീര നായകന്മാർ തുടങ്ങി പേനും മൂട്ടയും വരെ കഥാപാത്രങ്ങളായി വരുന്ന പഞ്ചതന്ത്രംകഥകൾക്ക് മലയാളത്തിൽ ആദ്യം മൊഴിമാറ്റം നടത്തിയത് മഹാകവി കുഞ്ചൻനമ്പ്യാരാണ്. ലളിതസുന്ദരമായ പഞ്ചതന്ത്രം കിളിപ്പാട്ട് നമ്പ്യാരുടേതാണ്. പിന്നീട് ധാരാളം ഗദ്യവിവർത്തനങ്ങൾ വന്നു. പഞ്ചതന്ത്രത്തിലെ കഥകൾ പാഠപുസ്തകങ്ങളിൽ ചേർക്കപ്പെട്ടു.

ഇന്ന് പഞ്ചതന്ത്രത്തെ അധികരിച്ച് അനിമേഷൻ സി ഡികൾ വരെ വ്യാപകം. നമ്മുടെ വായനയുടെ തുടക്കത്തിൽ തന്നെ വായിച്ചിരിക്കേണ്ട ഈ മഹത് കഥകൾ കൂട്ടുകാർ തീർച്ചയായും വായിച്ചിരിക്കണം.

# മൊഞ്ചുള്ള പഞ്ചമിത്തത്ത

സന്തോഷ് ജി പഴവീട്

പാറിപ്പറക്കുന്ന തത്തേ - നല്ല
മൊഞ്ചുള്ള പഞ്ചമിത്തത്തേ,
പാലും പഴവും ഞാൻ നൽകാം- കൂടെ
പോരുന്നോ പുന്നാരത്തത്തേ?

ഇല്ല വരില്ല ഞാനുണ്ണീ- എന്റെ
കൂട്ടുകാർ പാറുന്ന കണ്ടോ?
കൂട്ടരോടൊത്ത് ഞാൻ പോകും- നല്ല
കാഴ്ചകൾ കണ്ട് പറക്കും.
കാത്തിരിപ്പുണ്ടെന്റെ കൂട്ടിൽ- നല്ല
ചേലൊത്ത കുഞ്ഞുങ്ങൾ രണ്ട്.
കുഞ്ഞിന് തീറ്റ കൊടുക്കും - പിന്നെ
താരാട്ട് പാടിയുറക്കും.

വര: ആശ ആർ





## കേരള സാഹിത്യ അക്കാദമി

### ലൈബ്രറി സയൻസ് ബിരുദധാരികൾക്ക് അക്കാദമിയിൽ അപ്രന്റീസ്ഷിപ്പിന് അവസരം

ലൈബ്രറി സയൻസ് ബിരുദധാരികൾക്കുള്ള അപ്രന്റീസ്ഷിപ്പ് ട്രെയിനിങ് സെന്ററായി കേന്ദ്ര മാനവശേഷി വികസന വകുപ്പ് കേരള സാഹിത്യ അക്കാദമി ലൈബ്രറിയെ അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് തിരഞ്ഞെടുക്കുന്ന ലൈബ്രറി സയൻസ് ബിരുദധാരികൾക്ക് ഒരു വർഷത്തേക്ക് കേരള സാഹിത്യ അക്കാദമി ലൈബ്രറിയിൽ ട്രെയിനിങ് നൽകുന്നതാണ്. നാലുപേർക്കാണ് ഒരു വർഷം ട്രെയിനിങ് നൽകുന്നത്. ട്രെയിനിങ് കാലഘട്ടത്തിൽ വിദ്യാർഥികൾക്ക് പ്രതിമാസം മൊത്തം 8984/– രൂപ സ്റ്റൈപെന്റും അലവൻസുമായി നൽകും. ലൈബ്രറി സയൻസ് ബിരുദധാരികൾക്ക് മാത്രമാണ് ട്രെയിനിങ് നൽകുന്നത്. ബിരുദം നേടിയ ശേഷം മൂന്നുവർഷം കഴിഞ്ഞവരെ ട്രെയിനിങിന് പരിഗണിക്കുന്നതല്ല. *മലയാളം അറിയാത്തവരെയും പരിഗണിക്കില്ല.*

താത്പര്യമുള്ള ലൈബ്രറി സയൻസ് ബിരുദധാരികൾ അപേക്ഷ തയ്യാറാക്കി ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉൾപ്പെടെ സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ–20 എന്ന വിലാസത്തിൽ അയച്ചുതരിക. അപേക്ഷകൾ 2018 ജൂലൈ 30 വരെ സ്വീകരിക്കുന്നതാണ്. കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലാണ് യോഗ്യരായവരെ തിരഞ്ഞെടുക്കുക. അപേക്ഷഫോം വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് അഡ്രസ്സ് www.keralasahityaakademi.org

ഡോ. കെ പി മോഹനൻ
സെക്രട്ടറി

# മുക്കുറ്റിക്കുഞ്ഞ്

രാജഗോപാലൻ നാട്ടുകൽ

മൂന്നുദിവസമായി ജാബിർ മോനെപ്പറ്റിയായിരുന്നു മുക്കുറ്റിക്കുഞ്ഞിന്റെ ചിന്ത. ഭക്ഷണം പോലും കഴിക്കാൻ തോന്നാറില്ല അവൾക്ക്. ഉറക്കവും കുറവ്. സുഖംപ്രാപിച്ചപ്പോൾ ജാബിർ

മോനേയും ഒക്കത്തുവച്ച് സുഹറാബി മുക്കുറ്റിക്കുഞ്ഞിനെ കാണാനായി വന്നു.

ജാബിർമോനെ കണ്ടപ്പോൾ മുക്കുറ്റിക്കുഞ്ഞിന്റെ മുഖത്തു വെളിച്ചം പരന്നു.

''മുക്കുത്തിച്ചേച്ചീ...'' ജാബിർമോൻ വിളിച്ചു.

മുക്കുറ്റിക്കുഞ്ഞ് ജാബിർമോന്റെ കൈ പിടിച്ച് മുറ്റത്തൂടെ നടന്നു.

''ചേച്ചിക്ക് മണ്ണപ്പമുണ്ടാക്കാനറിയോ?'' ജാബിർമോൻ ചോദിച്ചു.

''അറിയും.'' മുക്കുറ്റിക്കുഞ്ഞു പറഞ്ഞു

''ചേച്ചിക്ക് ചോറ് ബെയ്ക്കാനറിയോ?''

''അറിയും.''

''ചേച്ചിക്ക് ഓണസദ്യേമുണ്ടാക്കാനറിയോ?''

''അറിയും.''

''എന്നാലേ നമുക്ക് ഓണസ്സദ്യുണ്ടാക്കി കളിക്കാം!'' മുക്കുറ്റിക്കുഞ്ഞ് സമ്മതിച്ചു

'' ഓണസദ്യ കയിക്കാൻ കൊറേ ആളുകൾ ബേണ്ടേ?''

''എല്ലാവരും ഇവിടെയുണ്ടല്ലോ?'' മുക്കുറ്റിക്കുഞ്ഞ് പറഞ്ഞു. ജാബിർമോന്റെ ഉമ്മയും അമ്മാളുവമ്മയും ഇരുന്നു. മുക്കുറ്റിക്കുഞ്ഞിന്റെ ചേച്ചിമാർ ഓടിവന്ന് വരിവരിയായി ഇരുന്നു. ബാലൻമാഷും ഭാഗ്യലക്ഷ്മി ടീച്ചറും അവരുടെ കൂടെയിരുന്നു.

മ്യാവൂ... മ്യാവൂ.... വീട്ടിൽ വല്ലപ്പോഴും വരാറുള്ള, കഴുത്തിൽ കറുത്ത പാണ്ടുള്ള കുറിഞ്ഞിപ്പൂച്ചയും ഒരു ഭാഗത്തുണ്ട്.



വര: സചീന്ദ്രൻ കാറഡുക്ക

**താഴ്ന്നുപറന്നിറങ്ങിയ ഒരു തുമ്പിയെപ്പിടിക്കാൻ മുക്കുറ്റിക്കുഞ്ഞ് തിടുക്കം കൂട്ടി. അവൾക്കു പിടികൊടുക്കാതെ തുമ്പി പറന്നുപോയി. എങ്ങോട്ടായിരിക്കും അതു പറന്നു പോയത്? മുക്കുറ്റിക്കുഞ്ഞ് ഒന്ന് എത്തിനോക്കി. പെട്ടെന്നാണ് അവൾ അതു കണ്ടത്. ലിസിച്ചേച്ചി വീട്ടിനകത്തു നിന്ന് ഓടിയിറങ്ങുന്നു. അപ്പൂപ്പൻതാടിപോലെ ചേച്ചി മുറ്റത്തു കറങ്ങിക്കറങ്ങി വീഴുന്നു.**

എല്ലാവർക്കും ഇലയിട്ട് വിളമ്പി. ചെമ്പരത്തിയില നനുക്കെ കീറിയുണ്ടാക്കിയ അച്ചാറ്, കാട്ടപ്പയിലയുടെ പുളിയിഞ്ചിക്കറി, കുഞ്ഞു ചരൽക്കല്ലുകളുടെ വറുത്ത ഉപ്പേരി, പുളിയിലകൊണ്ടുള്ള തോരൻ, വട്ടനിലകൊണ്ട് പപ്പടം, തെങ്ങോലക്കീറുകളുടെ, പുഴുങ്ങിയ നേന്ത്രപ്പഴത്തിന്റെ കഷ്ണങ്ങൾ, ഒടിച്ചുറ്റിയില കൊണ്ട് കാളൻ, ഈർക്കിലിക്കഷ്ണങ്ങളുടെ ഓലൻ, കപ്പയിലകൊണ്ട് കൂട്ടുകറി, നനുത്ത പൂഴിയുടെ കുത്തരിച്ചോറ്, കാശിത്തുമ്പയുടെ സാമ്പാറ്. അവസാനം മച്ചിങ്ങ ചെത്തിയരച്ചുണ്ടാക്കിയ പ്രഥമൻ.

''മ്യാവൂ... മ്യാവൂ...''

കുറിഞ്ഞിപ്പൂച്ച വീണ്ടും ശബ്ദമുണ്ടാക്കി.

''മത്യായീ... മത്യായീ ന്നാ കുറുഞ്ഞി പറയ്ണ്!''

അമ്മാളുവമ്മ പറഞ്ഞപ്പോൾ എല്ലാവരും ചിരിച്ചു. ഓണസദ്യ കഴിച്ച് എല്ലാവരും സന്തോഷം പങ്കുവച്ചു.

താഴ്ന്നുപറന്നിറങ്ങിയ ഒരു തുമ്പിയെപ്പിടിക്കാൻ മുക്കുറ്റിക്കുഞ്ഞ് തിടുക്കം കൂട്ടി. അവൾക്കു പിടികൊടുക്കാതെ തുമ്പി പറന്നുപോയി. എങ്ങോട്ടായിരിക്കും അതു പറന്നുപോയത്? മുക്കുറ്റിക്കുഞ്ഞ് ഒന്ന് എത്തിനോക്കി. പെട്ടെന്നാണ് അവൾ അതു കണ്ടത്. ലിസിച്ചേച്ചി വീട്ടിനകത്തു നിന്ന് ഓടിയിറങ്ങുന്നു. അപ്പൂപ്പൻതാടി പോലെ ചേച്ചി മുറ്റത്തു കറങ്ങിക്കറങ്ങി വീഴുന്നു. ലിസിച്ചേച്ചി തന്റെ നെഞ്ചുപൊത്തിപ്പിടിച്ചാണ് മുറ്റത്തു വന്നു വീണത്. ലിസിച്ചേച്ചിയുടെ വീട്ടിൽനിന്നും ഏതോ ഒരു ചപ്രത്തലയൻ മുറ്റത്തേക്കിറങ്ങുന്നു. ചപ്രത്തലയന്റെ കൈയിൽ നിവർത്തിപ്പിടിച്ച കത്തി...

മുക്കുറ്റിക്കുഞ്ഞ് നിലവിളിച്ചു

''അയ്യോ...........''

നിലവിളി ഒരു കൂവലായി മാറിയോ? എന്തോ,അവൾക്കതറിഞ്ഞുകൂടാ.

മുക്കുറ്റിക്കുഞ്ഞ് ചൂണ്ടിക്കാണിച്ച സ്ഥലത്തേക്ക് കേട്ടവർ കേട്ടവർ ഓടി. അപ്പോഴേക്കും ചപ്രത്തലയൻ സ്ഥലം വിട്ടിരുന്നു.

കടയിൽ സാധനങ്ങൾ വാങ്ങാൻപോയ ക്ലാരച്ചേച്ചി അപ്പോൾ ഓടിവന്നു.

അവർ അലമുറയിട്ടു കരഞ്ഞു. പിന്നെ മുറ്റത്ത് തളർന്നുവീണു.

ആരോ ഒരാൾ വാഹനത്തിനു ഫോൺ ചെയ്തു. പെട്ടെന്ന് ഒരു കാർ വന്ന് അവരുടെ വീടിന്റെ പടിക്കൽ നിന്നു. രക്തത്തിൽ കുളിച്ച ലിസിച്ചേച്ചിയെ താങ്ങിയെടുത്ത് കാറിൽക്കയറ്റി. ലിസിച്ചേച്ചിയോടൊപ്പം അവരുടെ അമ്മയേയും. ആളുകളെല്ലാം ആശുപത്രിയിലേക്കു കുതിച്ചു.

''ചപ്രത്തലയൻ! ദ്രോഹി! പിശാച്! അവനെവിടെ? ഇതുപോലെ അവന്റെയും കുടൽമാല കുത്തിച്ചോർത്തണം.''

ഏതാനും ചെറുപ്പക്കാർ മുറവിളി കൂട്ടി. പിന്നെ തലങ്ങും വിലങ്ങും ഓടി.

എന്താണ് നടന്നത്? മുൻപ് ഇവിടെയൊന്നും കാണാത്ത ചപ്രത്തലയനോട് പാവം ലിസിച്ചേച്ചി എന്തു തെറ്റാണു ചെയ്തിട്ടുണ്ടാവുക?

കൂടി നിന്ന സ്ത്രീകളിലൊരാൾ പറയുന്നതു കേട്ടു.

''നമ്മുടെ മുക്കുറ്റിക്കുഞ്ഞ് ഇതുകണ്ടില്ലായിരുന്നെങ്കിൽ... ലിസിയെ അവൻ കൊല്ലുമായിരുന്നു.''

മുക്കുറ്റിക്കുഞ്ഞിന് ഒന്നും മനസ്സിലായില്ല. അവൾക്ക് ഒന്നും ചിന്തിക്കാനും കഴിയുന്നില്ല.

പിറ്റേദിവസം ക്ലാസിലിരിക്കുമ്പോഴും അവൾ ലിസിച്ചേച്ചിയുടെ കാര്യമോർത്ത് സങ്കടപ്പെട്ടു. അവൾ കുനിഞ്ഞിരുന്നു. ക്ലാസിൽ നിന്ന് ടീച്ചർ പോയ തക്കം നോക്കി, മുഖത്ത് കറുത്ത വലിയ മറുകുള്ള ആൺകുട്ടി അവളുടെ അടുത്തേക്ക് ഓടിവന്നു എന്നിട്ടു ചോദിച്ചു.

''പേരെന്താ?''

''മുക്കുറ്റി.''

പെട്ടെന്ന് പേരു പറഞ്ഞപ്പോഴുണ്ടായ അബദ്ധം മനസ്സിലാക്കിയ അവൾ തിരുത്തിപ്പറയാൻ ശ്രമിച്ചു. പക്ഷേ, മുറിപ്പാന്റുകാരൻ അതു കേൾക്കാൻ നിൽക്കാതെ ഓടിപ്പോയി. എന്നിട്ട് നീട്ടിപ്പാടാൻ തുടങ്ങി.

''പേരെന്താ? പേരയ്ക്ക!
നാളേതാ? നാരങ്ങ!
പേരെന്താ? മുക്കുറ്റി!
നാളേതാ? പൂക്കുറ്റി!''

മുക്കുറ്റിക്കുഞ്ഞിനു ദേഷ്യം വന്നു. അവൾ ആ ആൺകുട്ടിയെ തുറിച്ചുനോക്കി.

സ്കൂൾ വിട്ടുവന്നപ്പോൾ അച്ഛൻ അമ്മയോടു പറയുന്നതുകേട്ടു.

''ആശുപത്രിയിൽ കിടക്കുന്ന ലിസിമോളെ ഒന്നു കാണാൻ പോയാലോ?''

''അച്ഛാ, ഞാനും വരു

ന്നുണ്ട്. ലിസിച്ചേച്ചിയെ എനിക്കും കാണണം.'' മുക്കുറ്റിക്കുഞ്ഞു പറഞ്ഞു

ലിസിച്ചേച്ചിക്ക് വലിയ ഒരു ശസ്ത്രക്രിയ വേണ്ടിവന്നു വെന്ന് അച്ഛൻ കഴിഞ്ഞദി വസം പറഞ്ഞിരുന്നു.

ആശുപത്രിയുടെ എട്ടാ മത്തെ നിലയിൽ 325-ാമത്തെ മുറിയിലാണത്രേ ലിസിച്ചേച്ചി കിടക്കുന്നത്.

ഏറെ പ്രയാസപ്പെട്ടാണ് അവർക്ക് മുറി കണ്ടുപിടി ക്കാൻ കഴിഞ്ഞത്.

അച്ഛൻ മുറിയുടെ വാതി ലിൽ മുട്ടി. ബെന്നിച്ചേട്ട നാണ് വാതിൽ തുറന്നത്.

ലിസിച്ചേച്ചിക്ക് ഡ്രിപ്പ് കയറ്റിക്കൊണ്ടിരിക്കുകയാണ്. ബെന്നിച്ചേട്ടനെയും ക്ലാര ച്ചേച്ചിയേയും കണ്ടപ്പോൾ മുക്കുറ്റിക്കുഞ്ഞിന്റെ കണ്ണിൽ വെള്ളം നിറഞ്ഞു.

**മുക്കുറ്റിക്കുഞ്ഞ് അമ്മയുടെ തോളിൽ നിന്നും ബാഗ് എടുത്ത് അതിൽനിന്നും ഇല കൊണ്ടുള്ള ഒരു പൊതി പുറത്തെടുത്തു. പൊതിയഴിച്ച് അവൾ ലിസിച്ചേച്ചിയുടെ നേർക്കു നീട്ടി.ബാഗിൽ പൊതിയുണ്ടെന്നുള്ള കാര്യം അപ്പോഴാണ് മുക്കുറ്റിക്കുഞ്ഞിന്റെ അച്ഛനും അമ്മയും അറിയുന്നത്.**

''എന്റെ മോൾ ഇതുവരെ കണ്ണു തുറന്നിട്ടേയില്ല.'' ബെന്നിച്ചേട്ടന്റെ ശബ്ദം ഇടറി.

ക്ലാരച്ചേച്ചി കണ്ണീരൊപ്പി.

''ചേച്ചീ.... ലിസിച്ചേച്ചീ... ഞാൻ...ഞാൻ.... മുക്കുറ്റി ക്കുഞ്ഞ്..'' മുക്കുറ്റിക്കുഞ്ഞ് അടുത്തേക്കുച്ചെന്നു പറഞ്ഞു.

അടഞ്ഞുകിടന്ന കൺ പോളകൾ പതുക്കെ ഇളകാൻ തുടങ്ങി. പതുക്കെപ്പതുക്കെ ആ കണ്ണുകൾ വിടരാൻ തുടങ്ങി.

എല്ലാവരുടെയും മുഖത്ത് നേർമയുള്ള ഒരു വെളിച്ചം പരന്നു.

മുക്കുറ്റിക്കുഞ്ഞ് അമ്മ യുടെ തോളിൽ നിന്നും ബാഗ് എടുത്ത് അതിൽനിന്നും ഇല കൊണ്ടുള്ള ഒരു പൊതി പുറ ത്തെടുത്തു. പൊതിയഴിച്ച് അവൾ ലിസിച്ചേച്ചിയുടെ നേർക്കു നീട്ടി.

ബാഗിൽ പൊതിയുണ്ടെ ന്നുള്ള കാര്യം അപ്പോഴാണ് മുക്കുറ്റിക്കുഞ്ഞിന്റെ അച്ഛനും അമ്മയും അറിയുന്നത്.

ഇലയിൽ വെളുത്തപൂക്കൾ കണ്ടപ്പോൾ ലിസിമോളുടെ ചുണ്ടിൽ പുഞ്ചിരി വിരി യാൻതുടങ്ങി.

മുക്കുറ്റിക്കുഞ്ഞ് ഒരു പൂവെടുത്ത് ലിസിമോളുടെ അടുത്തുചെന്ന് ബെഡ്ഡിൽ ഉലഞ്ഞു കിടന്ന മുടിയിൽ വച്ചുകൊടുത്തു. അപ്പോൾ എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞു.

ആശുപത്രിയിൽ നിന്ന് വീട്ടിലെത്തിയപ്പോഴേക്കും മുക്കുറ്റിക്കുഞ്ഞിന് ഉറക്കം വന്നു തുടങ്ങിയിരുന്നു.

സ്കൂൾ തുറന്ന് ഇപ്പോൾ ഏകദേശം ഒരു മാസം പിന്നി ട്ടിരിക്കുന്നു. മുക്കുറ്റിക്കുഞ്ഞ് പഠിക്കാൻ മിടുക്കിയാണ്. അവൾക്ക് നന്നായി പാട്ടു പാടാനും കഥപറയാനും ചിത്രം വരയ്ക്കാനുമറിയാം. പക്ഷേ, ഒരു കാര്യത്തിൽ മാത്രമേ അവൾക്ക് വിഷമ മുള്ളൂ. അച്ഛന് ജോലിയില്ല. തന്റെയും ചേച്ചിമാരുടെയും പഠനച്ചെലവ് താങ്ങാൻ അച്ഛനു കഴിയുന്നില്ല.

ലിസിച്ചേച്ചി ആശുപത്രി യിൽ കിടന്നപ്പോൾ ക്ലാര ച്ചേച്ചിക്കു കൊടുക്കാനുള്ള രൂപ അച്ഛൻ എവിടെനിന്നോ



കടംവാങ്ങിക്കൊടുത്തു.

''സുധേട്ടാ, നാളെ മുക്കുറ്റിക്കുഞ്ഞിന്റെ പിറന്നാളാണ്.''

അമ്മ അച്ഛനോടു പറയുന്നതു കേട്ടു. അച്ഛൻ ഒന്നു മൂളുകമാത്രം ചെയ്തു.

അച്ഛമ്മ മുക്കുറ്റിക്കുഞ്ഞിനെത്തന്നെ നോക്കി കുറച്ചുനേരം ഇരുന്നു. പിന്നെ അച്ഛമ്മ അവരുടെ കട്ടിലിൽ പോയി കിടന്നു.

''മുക്കുറ്റിക്കുഞ്ഞേ...''

ബാലൻമാസ്റ്ററാണ്. കൂടെ ഭാഗ്യലക്ഷ്മി ടീച്ചറുമുണ്ട്. വിളികേട്ട് മുക്കുറ്റിക്കുഞ്ഞിന്റെ അച്ഛനും അമ്മയും വീടിന്റെ മുൻവശത്തേക്കു വന്നു.

''നാളെ മുക്കുറ്റിക്കുഞ്ഞിന്റെ പിറന്നാളല്ലേ? നമുക്ക് പിറന്നാൾ സദ്യയൊരുക്കണം.''

ഭാഗ്യലക്ഷ്മിടീച്ചർ പറഞ്ഞു.

അച്ഛനും അമ്മയും ഒന്നും പറഞ്ഞില്ല.

''ഈ വീട്ടിൽത്തന്നെയാണ് സദ്യയൊരുക്കുന്നത്. നാട്ടുകാരെയെല്ലാം ക്ഷണിക്കണം.''

ഇപ്പോഴും അച്ഛനും അമ്മയും ഒന്നും പറഞ്ഞില്ല. അവർക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല.

ബാലൻമാസ്റ്ററും ഭാഗ്യലക്ഷ്മി ടീച്ചറും പടിയിറങ്ങി. അവർ തൊട്ടടുത്തുള്ള വീടുകളിൽനിന്ന് കുറച്ചുപേരെ വിളിച്ചുവരുത്തി.

പിന്നെയെല്ലാം വേഗത്തിലായിരുന്നു. ചിലർ വീടുകളിൽക്കയറി ക്ഷണിക്കുന്നു. ചിലർ പന്തലും പാത്രങ്ങളും ഏൽപ്പിക്കാൻ പോകുന്നു.

മറ്റുചിലർ സദ്യയ്ക്കുള്ള സാധനങ്ങൾ വാഹനത്തിൽ കയറ്റിക്കൊണ്ടുവരുന്നു.

മുറ്റം നിറയെ പന്തലായി.

ഭക്ഷണം കഴിക്കാനുള്ള ഇരിപ്പിടങ്ങളൊരുങ്ങി. പാചകക്കാരെത്തി സദ്യയ്ക്കുള്ള ഒരുക്കം തുടങ്ങി. മുക്കുറ്റിക്കുഞ്ഞിനും ചേച്ചിമാർക്കും പുത്തനുടുപ്പുകൾ കൊണ്ടുവന്നു.

പന്തലിൽ തോരണങ്ങൾ തൂങ്ങി.

''മുക്കുറ്റിക്കുഞ്ഞിന്റെ പിറന്നാൾ ഒരു മഹോത്സവമാക്കണം.''

മുറ്റത്തുകൂടി നിന്ന അയൽക്കാർ പറഞ്ഞു. അവർ രാത്രി ഉറങ്ങിയില്ല.

കാലത്ത് എഴുന്നേറ്റ് കുളിച്ച് മുക്കുറ്റിക്കുഞ്ഞ് ഒരുങ്ങി.

മുക്കുറ്റിക്കുഞ്ഞിന്റെ കൂട്ടുകാരെല്ലാം നേരത്തെയെത്തി.

ബെന്നിച്ചേട്ടനും ക്ലാരച്ചേച്ചിയും ലിസിച്ചേച്ചിയെ പതുക്കെപ്പതുക്കെ നടത്തിക്കൊണ്ടുവന്നു.

എല്ലാവരും ഇരുന്നു.

മുക്കുറ്റിക്കുഞ്ഞിന്റെ ഇടതുഭാഗത്ത് ജാബിർമോൻ വലതുഭാഗത്ത് ലിസിച്ചേച്ചി.

എല്ലാവർക്കും ഇല വച്ചു സദ്യ വിളമ്പി. ഒന്നാം തരം സദ്യ. എല്ലാവരും സദ്യ കഴിച്ച് എഴുന്നേറ്റു.

''ഇന്ന് മുക്കുറ്റിക്കുഞ്ഞിന്റെ പിറന്നാളാണ്. നാടിന്റെ ഉത്സവമാണ്.''

മുതിർന്നവർ പറഞ്ഞുനിർത്തിയപ്പോൾ കുട്ടികൾ സന്തോഷംകൊണ്ട് ആർപ്പുവിളിച്ചു. പിന്നെ തുള്ളിച്ചാടി.

ബാലൻമാസ്റ്റർ മുക്കുറ്റിക്കുഞ്ഞിനെയെടുത്ത് തോളിൽ വച്ചു. എന്നിട്ടു പറഞ്ഞു. ''ഇവൾ എന്റെ കുഞ്ഞാണ്. എന്റെ മുക്കുറ്റിക്കുഞ്ഞ്.''

ബാലൻമാസ്റ്ററിൽ നിന്നും കൈകാട്ടി വാങ്ങിയ മുക്കുറ്റിക്കുഞ്ഞിനെ ഷെരീഫ് തോളിൽ എടുത്തുവച്ചു. എന്നിട്ടു പറഞ്ഞു.

''ഇവൾ എന്റെ കുഞ്ഞാണ്. എന്റെ ജാബിർമോനെ രക്ഷിച്ച പൊൻകുഞ്ഞ്.''

ബെന്നിച്ചേട്ടൻ മുക്കുറ്റിക്കുഞ്ഞിനെ തോളിൽ കയറ്റിവച്ചിട്ടു പറഞ്ഞു: ''ഇവൾ ദൈവമാണ്. എന്റെ ലിസിമോളെ രക്ഷിച്ച സാക്ഷാൽ ദൈവം.''

മുക്കുറ്റിക്കുഞ്ഞിനു ചുറ്റും കൂടിനിന്നവർ ഉറക്കെ വിളിച്ചുപറഞ്ഞു

''അതേ, ഇവൾ ദൈവത്തിന്റെ കുഞ്ഞാണ്. പെൺകുഞ്ഞിന്റെ രൂപത്തിൽ പിറന്ന ദൈവം. ഇവൾ രക്ഷകയാണ്. നമ്മുടെയെല്ലാവരുടെയും രക്ഷക! ഈ നാടിന്റെ രക്ഷക!''

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

**എഡിറ്റർ**
**തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34**



Author - Abhinav619



# ഇന്ത്യയുടെ ജലമനുഷ്യൻ

**കെ പി ലക്ഷ്മണൻ**

ജലസംരക്ഷണ പ്രവർത്തനത്തിലൂടെ ലോകത്തിന് മാതൃക സൃഷ്ടിച്ച ഭാരതീയനാണ് രാജേന്ദ്രസിങ്. ദശാബ്ദങ്ങളോളം വറ്റിവരണ്ട നദികളിൽ വെള്ളത്തിന്റെ കുത്തൊഴുക്ക് സൃഷ്ടിച്ച ജലമനുഷ്യൻ. രാജസ്ഥാനിലെ ആയിരത്തോളം ഗ്രാമങ്ങളിൽ കുടിനീർ ലഭ്യമാക്കിയ രാജേന്ദ്രസിങ്ങിന്റെ ജീവിതം നാം മാതൃകയാക്കേണ്ടതാണ്. വർഷത്തിൽ ആറുമാസം നിറഞ്ഞൊഴുകുന്ന പുഴകളുള്ള കേരളത്തിൽ ആറുമാസക്കാലം വരൾച്ചയുടെ കെടുതികൾ നാം അനുഭവിക്കാറുണ്ട്. ഈ കാലത്ത് രാജേന്ദ്രസിങ്ങിന്റെ പ്രവർത്തനങ്ങൾ കേരളത്തിലെ ജനങ്ങൾക്ക് പാഠമാണ്.

1985 ഒക്ടോബർ രണ്ടിന് തുടക്കം കുറിച്ച ജലസംരക്ഷണ പ്രവർത്തനങ്ങൾ രാജേന്ദ്രസിങ്ങ് നിർബാധം തുടരുകയാണ്. രാജസ്ഥാനിലെ ആൽവാർ ജില്ലയാണ് അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം. ഒരു കാലത്ത് ആൽവാർ ജില്ല ധാന്യക്കലവറയായിരുന്നു. നിറഞ്ഞൊഴുകിയ പുഴകൾ, കൃഷിയിലൂടെ ജീവിതം മുന്നോട്ടു നയിച്ച കർഷകർ. എന്നാൽ അനിയന്ത്രിതമായ വനനശീകരണവും ഖനനവും ജില്ലയെ വരണ്ട ഭൂമിയാക്കിമാറ്റി. കുടിവെള്ളം കിട്ടാതായപ്പോൾ ജനങ്ങൾ കുഴൽക്കിണറുകളെ ആശ്രയിച്ചു. ഒരു കിണറ്റിലെ വെള്ളം വറ്റുമ്പോൾ മറ്റൊരു കുഴൽക്കിണർ കുഴിച്ചു. ക്രമേണ ജലക്ഷാമം രൂക്ഷമായി. ഭൂഗർഭ ജലവിതാനം താഴ്ന്നുപോയി. പുഴകൾ വറ്റിവരണ്ടു. കൃഷി അപ്രത്യക്ഷമായി. കർഷകർ ഗ്രാമങ്ങൾ തന്നെ ഉപേക്ഷിച്ചുപോയി. പരമ്പരാഗതമായ ജലസംരക്ഷണ മാർഗങ്ങൾ ഉപേക്ഷിക്കുക വഴി ദശാബ്ദങ്ങളോളം പ്രദേശം ഇരുണ്ട മേഖലയായി കരുതിപ്പോന്നു.

1985 ൽ ആണ് രാജേന്ദ്രസിങ് തന്റെ ജോലിയും വീടും ഉപേക്ഷിച്ച് രാജസ്ഥാനിലെ കുഗ്രാമമായ കിഷോരിയിൽ എത്തിച്ചേരുന്നത്. അദ്ദേഹത്തോടൊപ്പം അദ്ദേഹം നേരത്തെ പ്രവർത്തിച്ചിരുന്ന തരുൺ ഭാരത് സംഘം എന്ന സന്നദ്ധസംഘടനയുടെ നാലു പ്രവർത്തകർ മാത്രമാണുണ്ടായിരുന്നത്. ഗ്രാമീണർക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് രാജേന്ദ്രസിങ്ങും കൂട്ടരും കിഷോരിയിൽ എത്തുന്നത്. എന്നാൽ കിഷോരിയിൽ മാത്രമല്ല രാജസ്ഥാനിലെ നിരവധി ഗ്രാമങ്ങളിൽ അനുഭവപ്പെട്ട രൂക്ഷമായ കുടിവെള്ളക്ഷാമം നേരിൽക്കണ്ട രാജേന്ദ്രസിങ്ങിന് ബോധ്യമായി വിദ്യാഭ്യാസത്തെക്കാളേറെ മുഖ്യം കുടിവെള്ളം ലഭ്യമാക്കുക എന്നതാണെന്ന്.

കിഷോരിയിലെ ഗ്രാമീണരിൽ നിന്നും ജലസംരക്ഷണത്തിന്റെ ബാലപാഠങ്ങൾ പഠിച്ചറിഞ്ഞ അദ്ദേഹം മണ്ണുകൊണ്ടുള്ള തടയണകൾ നിർമിച്ചു. പുഴയിലും പുഴയുടെ വൃഷ്ടിപ്രദേശത്തും നിരവധി മൺതടയ

ണകൾ നിർമിക്കാൻ ഗ്രാമീണരും അദ്ദേഹത്തോടൊപ്പം കൂടി. തുടർന്നു വന്ന മഴക്കാലത്ത് തന്നെ തടയണനിർമാണത്തിന്റെ ഗുണം ജനങ്ങൾക്കു ബോധ്യപ്പെട്ടു. പുഴകളിൽ ജലനിരപ്പ് ഉയർന്നു. സമീപപ്രദേശങ്ങളിലെ കിണറുകളിലെയും അരുവികളിലെയും ജലവിതാനം ഉയർന്നു. ഇത് ഗ്രാമീണരിൽ പ്രതീക്ഷയുടെ പുതുനാമ്പുകൾ സൃഷ്ടിച്ചു.

ഗ്രാമീണർക്ക് ജലസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനായി 1986 ൽ രാജേന്ദ്രസിങ് ഒരു പദയാത്ര തന്നെ സംഘടിപ്പിച്ചു. പരമ്പരാഗത ജലസംരക്ഷണമാർഗങ്ങൾ ഗ്രാമീണരെ ബോധ്യപ്പെടുത്തി. പദയാത്രയിൽ പ്രചോദിതരായ ഗ്രാമീണ യുവാക്കൾ ശ്രമദാനത്തിലൂടെ അർവാരി നദിയിലും അതിന്റെ വൃഷ്ടി പ്രദേശങ്ങളിലുമായി 375 ൽപ്പരം തടയണകൾ നിർമിച്ചു. അതിന്റെ ഫലമായി

**നിരവധി തടയണകൾ നിർമിച്ചിട്ടും സരിസ്ക വന്യജീവി സങ്കേതത്തിന് സമീപമുള്ള പ്രദേശങ്ങളിൽ കിണറുകളിലെയും പുഴകളിലെയും ജലനിരപ്പ് ഉയരാത്തതിന്റെ കാരണം തേടിയ തരുൺ ഭാരത് സംഘത്തിനും രാജേന്ദ്രസിങ്ങിനും നേരിടേണ്ടിവന്നത് സരിസ്ക വന്യജീവി സങ്കേതത്തിലും ആരവല്ലി പർവതമേഖലയിലും നടക്കുന്ന അനധികൃത ഖനനങ്ങളെയാണ്.**

ആറു ദശാബ്ദത്തോളം വറ്റിവരണ്ട അർവാരി നദി 1990 ൽ വീണ്ടും ഒഴുകുവാനാരംഭിച്ചു.

നിരവധി തടയണകൾ നിർമിച്ചിട്ടും സരിസ്ക വന്യജീവി സങ്കേതത്തിന് സമീപമുള്ള പ്രദേശങ്ങളിൽ കിണറുകളിലെയും പുഴകളിലെയും ജലനിരപ്പ് ഉയരാത്തതിന്റെ കാരണം തേടിയ തരുൺ ഭാരത് സംഘത്തിനും രാജേന്ദ്രസിങ്ങിനും നേരിടേണ്ടിവന്നത് സരിസ്ക വന്യജീവി സങ്കേതത്തിലും ആരവല്ലി പർവതമേഖലയിലും നടക്കുന്ന അനധികൃത ഖനനങ്ങളെയാണ്. സുപ്രീംകോടതിയിൽ നടന്ന നിയമപോരാട്ടത്തിലൂടെ ആരവല്ലിപ്രദേശത്തെ അനധികൃതഖനനങ്ങൾ നിരോധിച്ചു. സുപ്രീംകോടതി വിധിയെ തുടർന്ന് അഞ്ഞൂറോളം ക്വാറികൾ കേന്ദ്രസർക്കാർ അടച്ചുപൂട്ടി. അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ അടച്ചുപൂട്ടിയതോടെ ആരവല്ലിപ്രദേശത്തും സരിസ്ക വന്യജീവി സങ്കേതത്തിലെയും ജലസംരക്ഷണപ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടത്തുവാൻ തരുൺ ഭാരത് സംഘത്തിന് സാധിച്ചു. എഴുന്നൂറോളം തടയണകൾ നിർമിച്ച് അത്ഭുതം സൃഷ്ടിച്ചു. നാലുവർഷത്തെ കഠിനപരിശ്രമത്തിനൊടുവിൽ





Author - Abhinav619

രാജേന്ദ്രസിങ് വിദ്യാർഥികളുമായുള്ള സംവാദത്തിനിടയിൽ



അർവാരി നദി നിറഞ്ഞുകവിഞ്ഞൊഴുകി. രണ്ടായിരത്തിലെ 'അന്താരാഷ്ട്രനദി പുരസ്കാരം' ഈ നദിക്കാണ് ലഭിച്ചത്. ആരവല്ലിയിൽ നിന്നും ഉത്ഭവിക്കുന്ന നദികളായ രൂപാരൽ, സർസ, ഭഗാന, ജഹാജ്വലി എന്നിവയും ജലസമ്പുഷ്ടമായി. ദശാബ്ദങ്ങളോളം വരണ്ടുണങ്ങിയ ഈ നദികളിൽ ജലം നിറഞ്ഞൊഴുകുവാൻ തുടങ്ങിയതോടെ ഒരിക്കൽ ഉപേക്ഷിച്ചുപോയ ഗ്രാമങ്ങളിലേക്ക് കർഷകർ തിരികെ വന്നു. രാജസ്ഥാനിലെ നൂറുകണക്കിന് ഗ്രാമങ്ങളിൽ പരമ്പരാഗത ജലസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയ രാജേന്ദ്രസിങ്ങും തരുൺ ഭാരത് സംഘവും മധ്യപ്രദേശ്, ഗുജറാത്ത്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ 6500 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് തങ്ങളുടെ പ്രവർത്തനം വ്യാപിപ്പിച്ചു. 2001 ൽ അദ്ദേഹത്തിന് 'മഗ്സാസെ' പുരസ്കാരം ലഭിച്ചു.

**ആരവല്ലിയിൽ നിന്നും ഉത്ഭവിക്കുന്ന നദികളായ രൂപാരൽ, സർസ, ഭഗാന, ജഹാജ്വലി എന്നിവയും ജലസമ്പുഷ്ടമായി. ദശാബ്ദങ്ങളോളം വരണ്ടുണങ്ങിയ ഈ നദികളിൽ ജലം നിറഞ്ഞൊഴുകുവാൻ തുടങ്ങിയതോടെ ഒരിക്കൽ ഉപേക്ഷിച്ചുപോയ ഗ്രാമങ്ങളിലേക്ക് കർഷകർ തിരികെ വന്നു.**



Author - Mullookkaaran

വനവത്കരണവും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിലൂടെ തരുൺ ഭാരത് സംഘത്തിന്റെ പ്രവർത്തനങ്ങൾ വിജയപഥത്തിലെത്തി. നിരവധി പുരസ്കാരങ്ങൾ ഈ ജലമനുഷ്യനെ തേടിയെത്തിയിട്ടുണ്ട്. 2005 ൽ 'ജംനലാൽ ബജാജ്' അവാർഡും 2015 ൽ 'സ്റ്റോക്ക് ഹോം ജല പുരസ്കാരം' 2016 ൽ അഹിംസാ അവാർഡും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി.

ഉത്തർപ്രദേശിലെ മീററ്റിനടുത്ത ഡോള ഗ്രാമത്തിൽ 1959 ആഗസ്റ്റ് 6 നാണ് രാജേന്ദ്രസിങ് ജനിച്ചത്.

# സ്വപ്നമാളിക

ജിതേഷ് വേങ്ങൂർ



വര: ടി ആർ രാജേഷ്

പണ്ടെന്റെ വീടിന്റെ
മുറ്റത്തു തീർത്തു ഞാൻ
കളിമണ്ണു കൊണ്ടൊരു
സ്വപ്നസൗധം

കരിയുമിലച്ചാറു
മൊന്നിച്ചു ചേർത്തുഞാൻ
നിറമേറെത്തേച്ചതി-
ന്നഴകു നൽകീ

തുമ്പയും തെച്ചി-
ക്കുലകളും കൊണ്ടതിൻ
മുമ്പിലായ് പൂവാടി
യൊന്നൊരുക്കീ

കണ്ണൻ ചിരട്ടയിൽ
പായസം വച്ചന്നു
കാക്കയ്ക്കും പൂച്ചയ്ക്കും
സദ്യ നൽകാൻ

പിറ്റേ പുലർച്ചയ്ക്കു
പാലു കാച്ചാമെന്നു
സ്വപ്നവും കണ്ടു
കിടന്നുറങ്ങി

പുലരുവാൻ നാഴിക
ബാക്കി നിൽക്കേ- രാത്രി
മഴയിലെൻ സ്വപ്നം
കുതിർന്നുപോയീ.



# ബ്രാഡ്മാന്റെ തമാശ

**സനിൽ പി തോമസ്**

ലോകത്തെ എക്കാലത്തെയും മികച്ച ബാറ്റ്സ്മാൻമാരിൽ ഒരാളായിരുന്നു ഡൊണാൾഡ് ബ്രാഡ്മാൻ. ടെസ്റ്റ്ക്രിക്കറ്റ് മാത്രം കളിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ബാറ്റിംഗ് ശരാശരി 99.94 ആയിരുന്നു. ഈ അതുല്യ ബാറ്റിംഗ് ശരാശരിയാണ് ടെസ്റ്റ് ക്രിക്കറ്റിലെ ഏറ്റവും മികച്ച ബാറ്റ്സ്മാനായി ക്രിക്കറ്റ് ലോകം അദ്ദേഹത്തെ വിലയിരുത്താൻ കാരണമായത്.


ലോകം കണ്ട ഏറ്റവും മികച്ച ക്രിക്കറ്റ് കളിക്കാരൻ ആരെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ. ഓസ്ട്രേലിയയുടെ സർ ഡൊണാൾഡ് ബ്രാഡ്മാൻ. ക്രിക്കറ്റ് കളിക്കാരൻ ആയില്ലായിരുന്നുവെങ്കിൽ അദ്ദേഹം നല്ലൊരു നർത്തകൻ ആകുമായിരുന്നുവെന്ന് പറയാറുണ്ട്. കാരണം ക്രീസിൽ വിക്കറ്റിനു മുന്നിൽ ബാറ്റുമായി നൃത്തം ചവിട്ടുന്ന ബ്രാഡ്മാനെയാണു ലോകം കണ്ടിട്ടുള്ളത്. എത്ര വേഗമേറിയ പന്തിനെയും ഹെൽമറ്റുപോലും ധരിക്കാതെ അനായാസം അദ്ദേഹം നേരിടും.

ഷർട്ടിന്റെ കോളർ ഉയർത്തിവച്ചാണ് അദ്ദേഹത്തിന്റെ നടപ്പ്. ബാറ്റ് ചെയ്യാൻ എത്തുന്നതും അങ്ങനെതന്നെ. ഗൗരവക്കാരനായ, അധികം സംസാരിക്കാത്ത ബ്രാഡ്മാനെക്കുറിച്ചാണ് കൂടുതലും കേട്ടിട്ടുള്ളത്. പക്ഷേ ബ്രാഡ്മാൻ ക്രിക്കറ്റ് കളിക്കാത്ത സമയങ്ങളിൽ ആളൊരു രസികനായിരുന്നു. രണ്ടു സംഭവങ്ങൾ പറയാം.

1970 കളുടെ തുടക്കത്തിൽ ഓസ്ട്രേലിയയും റെസ്റ്റ് ഓഫ് ദ് വേൾഡും തമ്മിലൊരു ക്രിക്കറ്റ് പരമ്പര നടന്നു. ലോകടീമിൽ അംഗങ്ങളായ ഇംഗ്ലണ്ടിന്റെ ടോണി ഗ്രെയ്ഗും ദക്ഷിണാഫ്രിക്കയുടെ ഹിൽട്ടൻ ആക്കർമാനും അഡ്ലെയ്ഡിൽ വിമാനമിറങ്ങിയപ്പോൾ സ്വീകരിക്കാൻ വെസ്റ്റ് ഇൻഡീസിന്റെ ഗാരി സോബേഴ്സിനൊപ്പം ഒരു ഓസ്ട്രേലിയക്കാരനും ഉണ്ടായിരുന്നു. ക്രിക്കറ്റ് ഇതിഹാസം ബ്രാഡ്മാന്റെ നാട്ടിലാണു കളി. കളികാണാൻ അദ്ദേഹം വന്നേക്കും എന്നൊക്കെ ആക്കർമാൻ വിമാനത്തിൽവച്ച് ഗ്രെയ്ഗിനോടു പറഞ്ഞു. ഹോട്ടലിലേക്കുള്ള വാഹനം വരാൻ അൽപ്പം വൈകും. അതുവരെ വിമാനത്താവളത്തിൽ ഇരിക്കണം.

ടോയ്ലെറ്റിൽ പോകാൻ നേരം ആക്കർമാൻ ഓസ്ട്രേലിയക്കാരനോട് അൽപ്പം ഗൗരവത്തിൽ പറഞ്ഞു. ‘‘ഞാൻ വരുന്നതുവരെ എന്റെ ബാഗേജ് സൂക്ഷിച്ചുകൊള്ളണം.’’ വളരെ വിനയത്തോടെ ഓസ്ട്രേലിയക്കാരൻ സമ്മതിച്ചു.

മടങ്ങിയെത്തിയ ആക്കർമാന് ശ്രദ്ധാപൂർവം തന്റെ ബാഗേജ് സൂക്ഷിച്ചയാളോടു സ്നേഹം തോന്നി. അദ്ദേഹം ചോദിച്ചു. ‘‘താങ്കൾക്ക് ഓസ്ട്രേലിയൻ



ബ്രാഡ്മാന്റെ ഒരു ഉജ്ജ്വല ബാറ്റിംഗ് പ്രകടനം

ക്രിക്കറ്റുമായി എന്തെങ്കിലും ബന്ധം കാണും അല്ലേ?''

''കുറച്ചൊക്കെ.''



**ലോകടീമിൽ അംഗങ്ങളായ ഇംഗ്ലണ്ടിന്റെ ടോണി ഗ്രെയ്ഗും ദക്ഷിണാഫ്രിക്കയുടെ ഹിൽട്ടൻ ആക്കർ മാനും അഡ്‌ലെയ്ഡിൽ വിമാനമിറങ്ങിയപ്പോൾ സ്വീക രിക്കാൻ വെസ്റ്റ് ഇൻഡീസിന്റെ ഗാരി സോബേഴ്സി നൊപ്പം ഒരു ഓസ്ട്രേലിയക്കാരനും ഉണ്ടായിരുന്നു. ക്രിക്കറ്റ് ഇതിഹാസം ബ്രാഡ്മാന്റെ നാട്ടിലാണു കളി.**



ആക്കർമാന്റെ അടുത്ത ചോദ്യം. ''താങ്കൾ എപ്പോഴെങ്കിലും ക്രിക്കറ്റ് കളിച്ചിട്ടുണ്ടോ?''

''ഉണ്ട്.''

ആക്കർമാന് ആവേശമായി. അദ്ദേഹം ദക്ഷിണാഫ്രിക്കൻ ദേശീയ ടീമിൽ കളിച്ചിട്ടില്ല. പക്ഷേ, തന്നെ പരിചയപ്പെടുത്തിയിട്ട് ചോദിച്ചു.

''ആട്ടെ, താങ്കളുടെ പേരെന്താണെന്നാണു പറഞ്ഞത്?''

''ഡോൺ ബ്രാഡ്മാൻ.''

ഇതു കേട്ട ആക്കർമാന്റെ അവസ്ഥ ഒന്നു ചിന്തിച്ചുനോക്കൂ. രസകരമായ മറ്റൊരു സംഭവം കൂടി കേട്ടോളൂ.

ക്രിക്കറ്റുകളിയിൽ നിന്നു വിരമിച്ച ബ്രാഡ്മാൻ ഗോൾഫ് കളിക്കുമായിരുന്നു. ഒരുദിവസം ഗോൾഫ് കോഴ്സിൽ ഒരു ചെറുപ്പക്കാരൻ രണ്ടു മരങ്ങൾക്കിടയിലൂടെ പന്ത് അടിക്കാൻ ശ്രമിക്കുന്നതു കണ്ട് ബ്രാഡ്മാൻ പറഞ്ഞു.

''ഞാനൊക്കെ ചെറുപ്പമായിരുന്നപ്പോൾ ഈ മരങ്ങളുടെയൊക്കെ മുകളിലൂടെ പന്തടിച്ച് അപ്പുറത്തിടുമായിരുന്നു.''

ഇതുകേട്ട ചെറുപ്പക്കാരൻ പന്ത് അതിനുമുകളിലൂടെ അടിച്ച് അപ്പുറം കടത്താൻ ശ്രമിച്ചു. പന്ത് മരച്ചില്ലയിൽ കുടുങ്ങി. നിരാശനായി അയാൾ ബ്രാഡ്മാനെ നോക്കി.

ബ്രാഡ്മാൻ ആശ്വസിപ്പിച്ചു.

''സാരമില്ല. ഒരു കാര്യംപറയാൻ ഞാൻ മറന്നുപോയി. ഞങ്ങളുടെ ചെറുപ്പത്തിൽ ഈ മരങ്ങൾക്ക് ഇതിന്റെ പകുതി ഉയരമേ ഉണ്ടായിരുന്നുള്ളൂ.''

# നിങ്ങൾക്കും രാമാനുജനാവാം

കെ ടി രാജഗോപാലൻ

ശ്രീനിവാസ രാമാനുജൻ എന്ന ഗണിതശാത്രജ്ഞനെക്കുറിച്ച് നിങ്ങളെല്ലാവരും കേട്ടിരിക്കും. വളരെ പരിമിതമായ സാഹചര്യങ്ങളിൽ ജനിച്ചുജീവിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിൽ കേംബ്രിഡ്ജ് സർവകലാശാലയിലെ പ്രൊഫസറായിരുന്ന ജി എച്ച് ഹാർഡിക്കുണ്ടായിരുന്ന പങ്ക് നിസീമമാണ്. വളരെ ചെറുപ്പത്തിൽ തന്റെ 33-ാം വയസ്സിലാണ് രാമാനുജൻ മരണത്തിനു കീഴടങ്ങിയത്

രാമാനുജന് സംഖ്യകളുമായുണ്ടായിരുന്ന ആത്മബന്ധം വെളിവാക്കുന്ന പല കഥകളും പ്രചാരത്തിലുണ്ട്. ഒരിക്കൽ രോഗം ബാധിച്ച് ശയ്യാവലംബിയായ രാമാനുജനെ സന്ദർശിക്കാൻ വന്ന ഹാർഡി പറഞ്ഞു. ''ഞാൻ വന്ന ടാക്സി കാറിന്റെ നമ്പർ ഒരു അറുബോറൻ സംഖ്യയാണ്. 1729.''

ഉടൻ വന്നു പ്രിയശിഷ്യന്റെ മറുപടി. ''ഒട്ടുമല്ല സർ 1,729 നെ $9^3+10^3$ എന്നും $1^3+12^3$ എന്നീ രണ്ടുരീതിയിൽ എഴുതാം. ഒരുജോടി സംഖ്യകളുടെ മൂന്നാം വർഗങ്ങളുടെ തുകയായി രണ്ടുരീതിയിൽ എഴുതാവുന്ന സംഖ്യകൾ വിരളമാണ്. അത്തരത്തിലുള്ള ഏറ്റവും ചെറിയ സംഖ്യയാണ് 1,729.''

മാത്രമല്ല (1729 ന്റെ ഗുണിതങ്ങളെ മാറ്റിനിർത്തിയാൽ) അത്തരത്തിലുള്ള അടുത്ത സംഖ്യ 885,623,890,831 എന്ന ഭീമനാണ്. ഈ സംഖ്യയെ $7511^3+7730^3$ എന്നും $8759^3+5978^3$ എന്നും എഴുതാം. 1,729 നും 885,623,890,831 നും ഇടയിൽ ഇത്തരം എണ്ണൂറോളം സംഖ്യകളേയുള്ളൂ. അവയെല്ലാം 1729 ന്റെ ഗുണിതങ്ങളാണുതാനും.

മാന്ത്രികചതുരങ്ങളെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടില്ലേ? എല്ലാ വരികളുടെയും നിരകളുടെയും കോണോടുകോൺ വരുന്ന സംഖ്യകളുടെയും തുകകൾ ഒന്നായിരിക്കുമെന്നതാണ് 'സാധാരണ' മാന്ത്രിക ചതുരങ്ങളുടെ സവിശേഷത. ഉദാഹരണത്തിന് ഈ ചതുരം ചിത്രം (1) നോക്കുക

| | | | |
|---|---|---|---|
| 8 | 11 | 14 | 1 |
| 13 | 2 | 7 | 12 |
| 3 | 16 | 9 | 6 |
| 10 | 5 | 4 | 15 |

ചിത്രം (1)

ഏതു വരിയിലെ സംഖ്യകൾ കൂട്ടിയാലും ഒരേ ഉത്തരം (34)കിട്ടും. നാലു കോളങ്ങളിലെ സംഖ്യകളുടെ തുകയും 34 തന്നെ.

അതുപോലെ 34 തന്നെയാണ് കോണോടുകോണുള്ള സംഖ്യകൾ കൂട്ടിയാലും കിട്ടുക.

ഇനി രാമാനുജന്റെ മാന്ത്രികചതുരം (ചിത്രം 2) പരിശോധിക്കാം. 1887 ഡിസംബർ 22 ന് ജനിച്ച അദ്ദേഹം തന്റെ ജനനത്തീയതി ആധാരമാക്കി സൃഷ്ടിച്ചതാണ് ഈ മാന്ത്രിക ചതുരം. മുകളിലത്തെ നിര അദ്ദേഹത്തിന്റെ ജന്മദിനം കുറിക്കുന്നു. (22/12/1887). ഇതിലെ സംഖ്യകളുടെ തുക 22+12+18+87=139. ഈ മാന്ത്രിക ചതുരത്തിലെ ഏതു വരിയിലേയോ നിരയിലേയോ കോണോടുകോണോ ഉള്ള സംഖ്യ

| | | | |
|---|---|---|---|
| 22 | 12 | 18 | 87 |
| 88 | 17 | 9 | 25 |
| 10 | 24 | 89 | 16 |
| 19 | 86 | 23 | 11 |

ചിത്രം (2)

കൾ എടുത്താലും അവയുടെ തുക 139 തന്നെ.

ഏതു വരിയിലെ സംഖ്യകൾ കൂട്ടിയാലും ഒരേ ഉത്തരം (139) കിട്ടും. നാലു നിരയിലെ സംഖ്യകളുടെ തുകയും 139 തന്നെ

അതുപോലെ 139 തന്നെയാണ് കോണോടുകോണുള്ള സംഖ്യകൾ കൂട്ടിയാലും കിട്ടുക.

തീർന്നില്ല. നാലു മൂലയ്ക്കുള്ള സംഖ്യകൾ കൂട്ടിനോക്കൂ; 22+ 87+ +11+19=139. മധ്യത്തിലുള്ള നാലെണ്ണമെടുത്താലും 17+9+89+24= 139 തന്നെ. ചതുരത്തെ നാലാക്കി വിഭജിച്ച് ഓരോന്നിന്റെയും തുക പരിശോധിക്കൂ:

22+12+17+88=18+87+25+9=89+16+11+23= 10+24+86+19=139.

ഇനി ഇടതുവശത്തെ രണ്ടുകോളം എടുക്കാം. അതിന്റെ നടുവിലത്തെ രണ്ടുവരിയിലുമുള്ള സംഖ്യകളുടെ തുക 88+17+24+10=139. തൊട്ടടുത്തുള്ള നാലു സംഖ്യകളുടേതും (9+25+16+89=139).

ഇനിയുമുണ്ട് സമാനസ്ഥാനത്തുള്ള 88,12,16,23 എന്നിവയുടെ തുക 139. അതുപോലെ 18,25,86,10 എന്നിവയുടേതും. 88+10+25+16=139 എന്നതും 12+18+86+23=139 എന്നതും ശ്രദ്ധിക്കുക

രാമാനുജൻ നിർമിച്ചതുപോലെയുള്ള ഒരു മാന്ത്രികചതുരം നിങ്ങളുടെ ജനനത്തീയതി ആധാരമാക്കി ഉണ്ടാക്കേണ്ടേ? ജനനത്തീയതി DDMMYYYY എന്ന രൂപത്തിൽ എഴുതുക. തീയതി D എന്നും മാസം M എന്നും വർഷത്തിന്റെ ആദ്യത്തെ രണ്ടക്കങ്ങൾ C എന്നും അവസാനത്തെ രണ്ടക്കങ്ങൾ Y എന്നും സങ്കൽപ്പിക്കുക എന്നിട്ട് ഒരു 4X4 ചതുരം താഴെക്കാണിച്ച രീതിയിൽ (ചിത്രം 3) പൂരിപ്പിക്കുക

ഇനി ഇതിനെ രാമാനുജന്റെ മാന്ത്രികചതുരവുമായി താരതമ്യം ചെയ്യുക. അതിനുണ്ടെന്നു നാം കണ്ട എല്ലാ ഗുണങ്ങളും നിങ്ങളുടെ മാന്ത്രിക ചതുരത്തിനുമുണ്ടെന്നു കാണാം.

| | | | |
|---|---|---|---|
| D | M | C | Y |
| Y+1 | C-1 | M-3 | D+3 |
| M-2 | D+2 | Y+2 | C-2 |
| C+1 | Y-1 | D+1 | M-1 |

ചിത്രം (3)

(2000, 2001 എന്നീ വർഷങ്ങളിലോ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലോ ജനിച്ചവരുടെ ചതുരങ്ങളിൽ ന്യൂനസംഖ്യകൾ ഉണ്ടാകുമെന്ന് കാണാൻ വിഷമമില്ലല്ലോ)

നിങ്ങൾക്കറിയാവുന്നവരുടെ ജനനത്തീയതി ഉപയോഗിച്ച് മാന്ത്രികചതുരങ്ങളുണ്ടാക്കി അവർക്ക് സമ്മാനിക്കുക.

ktremail@gmail.com

# പ്രൊക്രസ്റ്റസിന്റെ കട്ടിൽ

എം ഗീതാഞ്ജലി

പ്രൊക്രസ്റ്റസിന്റെ കട്ടിലിന്റെ കഥ പറയണമെങ്കിൽ തിസ്യൂസിന്റെ കഥ ആദ്യം പറയണം. ആതൻസിലെ രാജാവായിരുന്നു ഈജിയൂസ്. വീരപരാക്രമിയും പ്രബലനുമായിരുന്നു രാജാവ്. എന്നാൽ വിവാഹം കഴിഞ്ഞ് ഏറെ വർഷങ്ങൾ കഴിഞ്ഞിട്ടും അദ്ദേഹത്തിന് സന്താനങ്ങളൊന്നുമുണ്ടായില്ല. ഇതിൽ മനംനൊന്ത് രാജാവ് ഒരുനാൾ ഡെൽഫിയിലെ പ്രവചനകേന്ദ്രത്തിലേക്ക് പ്രാർഥിക്കാൻ പോയി. ആതൻസിൽ നിന്ന് ഏറെ അകലെയായ സ്പാർട്ടയിലാണ് ഡെൽഫി.

ഡെൽഫിയിൽനിന്നും മടങ്ങും വഴി ഈജിയൂസ് സുഹൃത്തായ പിത്തേവൂസിന്റെ രാജ്യത്തിലെത്തുകയും അവിടെ സുഹൃത്തിന്റെ കൂടെ കുറേ നാളുകൾ താമസിക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ പിത്തേവൂസിന്റെ പുത്രിയായ ഈത്രായോട് ഈജിയൂസിന് പ്രണയമാവുകയും അവരൊരുമിച്ച് ഭാര്യാഭർത്താക്കന്മാരായി കഴിയുകയും ചെയ്തു. നാളുകൾക്കുശേഷം ആതൻസിലേക്കു മടങ്ങാനുള്ള ഒരുക്കങ്ങൾ നടത്തുമ്പോഴാണ് ഈത്രാ ഗർഭിണിയാണെന്ന് ഈജിയൂസ് അറിയുന്നത്. ഈത്രായെ ആതൻസിലേക്ക് കൊണ്ടുപോകാൻ രാജാവ് ഭയന്നു. തനിക്ക് സന്താനങ്ങളുണ്ടാവില്ലെന്ന് കരുതി സിംഹാസനത്തിനുവേണ്ടി കണ്ണിലെണ്ണയും ഒഴിച്ചിരിക്കുന്ന മരുമക്കൾ ഈത്രായേയും കുഞ്ഞിനെയും വധിച്ചെങ്കിലോ എന്ന് രാജാവ് പരിഭ്രമിച്ചു. ഈജിയൂസ് ഈത്രായോട് പറഞ്ഞു.

“ഒരു പുത്രനാണ് നമുക്കുണ്ടാവുന്നതെങ്കിൽ അവനെ വീരയോദ്ധാവായി വളർത്തണം. ഒരു യുവാവായിക്കഴിഞ്ഞാൽ വീരനും ശൂരനുമാണ് താനെന്ന് സ്വയം തെളിയിച്ചാൽ നീ



വര: ടി ആർ രാജേഷ്

അവനെ ആതൻസിലേക്ക് പറ ഞ്ഞയയ്ക്കുക. ഞാനവനെ സ്വീകരിച്ച് രാജാവായി വാഴിക്കാം.''

ഈജിയൂസ് ആതൻസിലേക്ക് യാത്ര തിരിച്ചു. സമയമായപ്പോൾ ഈത്രാ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. തിസ്യൂസ് എന്ന് അവന് പേരും ഇട്ടു. ചെറുപ്പം മുതലേ കായികവും മാനസികവുമായ നല്ല പരിശീലനം അവന് നൽകുന്നതിന് ഹെർക്കുലീസിന്റെ ബന്ധുകൂടിയായ ഈത്രാ പ്രത്യേകം



ശ്രദ്ധിച്ചു. ധീരനും വീരസാഹസികനുമാകാൻ വേണ്ട പഠനവും പരിശീലനവും അവനു ലഭിച്ചു.

തിസ്യൂസ് വളർന്ന് ഒരു യുവാവായപ്പോൾ ഈത്രാ അവനെ ആതൻസിലേക്ക് ഈജിയൂസിന്റെ അരികിലേക്കു പറഞ്ഞയച്ചു. ആതൻസിലേക്കുള്ള ആ യാത്രയിൽ ഒരുപാട് പ്രതിബന്ധങ്ങളും തിസ്യൂസിന് നേരിടേണ്ടിവന്നു. പല ദുഷ്ടരാക്ഷസന്മാരേയും സാഹസികമായി നേരിട്ട് വധിച്ചു. പല ക്രൂരമൃഗങ്ങളെയും വധിച്ച് ജനങ്ങൾക്ക് സമാധാനം നിറഞ്ഞ ജീവിതസാഹചര്യങ്ങൾ നൽകി.

ആ യാത്രയിലാണ് തിസ്യൂസ് പ്രൊക്രസ്റ്റസ് എന്ന രാക്ഷസനെയും നേരിട്ടത്. പ്രൊക്രസ്റ്റസിന്റെ ഇഷ്ടവിനോദം മനുഷ്യരെ കൊല്ലലായിരുന്നു. അതും നേരിട്ട് യുദ്ധം ചെയ്തല്ല. ആളുകൾ സഞ്ചരിക്കുന്ന വഴിയിൽ വന്നുനിൽക്കും. എന്നിട്ട് യാത്രക്കാരാരെങ്കിലും ആ വഴിവന്നാൽ അവരെ വളരെ സ്നേഹപൂർവം തന്റെ വീട്ടിലേക്ക് ക്ഷണിക്കും. സത്കാരം കൊണ്ട് വീർപ്പുമുട്ടിക്കും. ഭക്ഷണമെല്ലാം കഴിഞ്ഞാൽ രാത്രി തന്റെ വീട്ടിൽ താമസിച്ച് ക്ഷീണമെല്ലാം തീർത്ത് പിറ്റേന്ന് രാവിലെ പോവാമെന്ന് നിർബന്ധിക്കും. ഇത്രയെല്ലാം കഴിയുമ്പോഴേക്കും എല്ലാവരും അയാളുടെ സ്നേഹക്കുരുക്കിൽ വീഴും.

രാത്രിയിൽ അവരെ ഉറക്കറയിലേക്കു കിടത്താനുംകൂടി പ്രൊക്രസ്റ്റസ് തന്നെയാവും പോവുക. ഉറക്കറയിൽ കിടക്കാനുള്ള ഒരു കട്ടിൽ ഒരുങ്ങിയിരിപ്പുണ്ടാവും. അതിഥിയെ പ്രൊക്രസ്റ്റസ് കട്ടിൽ പിടിച്ചുകിടത്തും. എന്നിട്ട് ഒരു കയർകൊണ്ട് കട്ടിലിനോട് ചേർത്ത് കെട്ടും. അതിഥി നല്ല ഉയരമുള്ള ആളാണെങ്കിൽ കട്ടിലിൽ നിന്ന് പുറത്തേക്ക് നീണ്ടുനിൽക്കുന്ന കാലുകൾ പ്രൊക്രസ്റ്റസ് കട്ടിലിന്റെ നീളത്തിത്തിനനുസരിച്ച് മുറിച്ചുകളയും. ഉയരംകുറഞ്ഞ

ആളാണെങ്കിൽ അയാളുടെ തലയും കാലും വലിച്ചുനീട്ടി കട്ടിലിന്റെ നീളത്തിനൊപ്പിക്കുക എന്നതാണ് പ്രൊക്രസ്റ്റസിന്റെ രീതി. എന്തായാലും ആ രാക്ഷസന്റെ കട്ടിലിൽ ഉറങ്ങാൻ കിടക്കുന്ന ഒരു അതിഥിയും ജീവനോടെ അതിൽനിന്ന് എഴുന്നേൽക്കില്ല എന്നു ചുരുക്കം.

പതിവുപോലെ വഴിമധ്യേ പരിചയപ്പെട്ട തിസ്യൂസിനെയും പ്രൊക്രസ്റ്റസ് സ്നേഹപൂർവം ക്ഷണിച്ച് വീട്ടിലേക്കു കൊണ്ടുപോയി.

അത്താഴത്തിനുശേഷം ഉറക്കറയിലേക്കു പ്രൊക്രസ്റ്റസ് തിസ്യൂസിനെ നയിച്ചു. എന്നാൽ പ്രൊക്രസ്റ്റസിന്റെ ആതിഥേയത്വത്തിന്റെ കഥ അറിയാമായിരുന്ന തിസ്യൂസ് ആതിഥേയൻ തന്നെ കട്ടിലിലേക്ക് എടുത്തു കിടത്തും മുമ്പേ അയാളെ എടുത്ത് കട്ടിലിൽ കിടത്തി. രാക്ഷസൻ ഈ നീക്കം പ്രതീക്ഷിച്ചിരുന്നില്ല. എന്തിനി ചെയ്യണമെന്ന് ചിന്തിക്കുമ്പോഴേക്കും നൊടിയിടയ്ക്കുള്ളിൽ തിസ്യൂസ് കട്ടിൽത്തലയ്ക്കൽ തന്നെ ഉണ്ടായിരുന്ന കയറെടുത്ത് പ്രൊക്രസ്റ്റസിനെ ബന്ധിച്ചു. പേടിച്ചരണ്ട രാക്ഷസൻ ആർത്തലറി.

''എടാ ദുഷ്ടരാക്ഷസാ, എത്രയോ നിരപരാധികളെ നീ നിന്റെ കട്ടിലിന്റെ നീളത്തിനൊപ്പിച്ച് മുറിച്ചുകൊന്നു. ഇനി നിന്റെ നീളം ഞാനിതിനൊപ്പിച്ചു നോക്കട്ടെ.'' ഇതു പറഞ്ഞ് തിസ്യൂസ് അരയിലിരുന്ന വാളെടുത്ത് പ്രൊക്രസ്റ്റസിന്റെ തലയും കാലുകളും വെട്ടിമാറ്റി. തലയും കാലുമില്ലാത്ത ആ ശരീരം കൃത്യം കട്ടിലിന്റെ നീളത്തിനൊപ്പിച്ച് അതിന്മേൽ ചലനമറ്റ് കിടന്നു.

തിസ്യൂസ് തന്റെ യാത്ര പിന്നെയും തുടർന്നു. ഒരുപാട് സാഹസികമായ ആ യാത്രയ്ക്കൊടുവിൽ അയാൾ ആതൻസിലെത്തി. ഈജിയൂസ് അയാളെ സ്വീകരിച്ചു. സിംഹാസനത്തിൽ ആർത്തിപൂണ്ടു നിന്നിരുന്ന ഈജിയൂസിന്റെ മരുമക്കളുമായി ഒരു വലിയ യുദ്ധം തന്നെ നടത്തേണ്ടിവന്നു അച്ഛനും മകനും. ഒടുവിൽ തിസ്യൂസിനെ ഈജിയൂസ് ആതൻസിന്റെ രാജാവാക്കി വാഴിച്ചു.

'പ്രൊക്രസ്റ്റസിന്റെ കട്ടിൽ' പോലെ (Procrustes' bed)എന്ന ശൈലി ഈ കഥയിൽ നിന്നു വന്നതാണ്. ആളുകളെ എങ്ങനെയെല്ലാം നിർബന്ധിച്ചായാലും കാര്യങ്ങളെ ഏതുതരത്തിൽ വളച്ചൊടിച്ചായാലും ഒരാളുടെ ആഗ്രഹത്തിനനുസരിച്ച് അല്ലെങ്കിൽ ആവശ്യത്തിനനുസരിച്ച് കൊണ്ടുവരിക എന്നതാണ് ഈ ചൊല്ലിന്റെ അർഥം.



കാഴ്ചവൈകല്യമുള്ള കുട്ടികൾക്കായി തിരുവനന്തപുരത്ത് തൈക്കാടുള്ള സർക്കാർ സ്കൂളിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ സമ്മാനിക്കുന്നു.

# കൊമ്പൻവരവുണ്ടേ!

രാമചന്ദ്രൻ ആറ്റുവാശ്ശേരി



വര: രാജീവ് എൻ ടി

വര: ടി ആർ രാജേഷ്

തുമ്പിയിളക്കിക്കൊമ്പുകുലുക്കി-
ക്കൊമ്പൻ വരവുണ്ടേ!
വൻമരമൊക്കെയടിച്ചുതകർത്തും
മുൻപിൽക്കണ്ടവ കൊമ്പിൽക്കോർത്തും
അരുവിയിൽ നീന്തി മദിച്ചുകളിച്ചും
പിടിയൊടുകൂടിക്കൂത്തുപിടിച്ചും
കാട്ടിൽ മദിച്ചു നടന്നൊരുകാലം
ഉള്ളിൽത്തെളിയുമ്പോൾ
കൂച്ചുവിലങ്ങിൻ നൊമ്പരമേറ്റും
തോട്ടിയുടക്കിയ നീറ്റലിൽ നൊന്തും
ഉച്ചച്ചൂടിൽ നടന്നു തളർന്നും
കണ്ണിൻ നീറ്റലിലുറവപൊടിഞ്ഞും
നാവു വരണ്ടു തളർന്നു വലഞ്ഞും
കൊമ്പൻ വരവുണ്ടേ!

# വഴിയൊരുക്കാം മുന്നേറാം

**പീറ്റർ കുരിശിങ്കൽ**

അവരുടെ അധ്യയനം പൂർത്തിയായി. ഗുരു തന്റെ ശിഷ്യരെ അനുഗ്രഹിച്ച് യാത്രയാക്കുകയാണ്. തന്റെ പ്രിയപ്പെട്ട മൂന്നു ശിഷ്യരാണ് അധ്യയനം പൂർത്തിയാക്കി ഗുരുകുലത്തിൽ നിന്നും പുറത്തിറങ്ങുന്നത്. പഠനവിഷയങ്ങളിൽ നിപുണരാണ് മൂന്നു പേരും. ആ ബോധത്തോടെയാണ് ഗുരു അവരെ സമൂഹമധ്യത്തിലേക്ക് അയയ്ക്കുന്നത്. യാത്രയ്ക്കു മുമ്പായി ഗുരു ശിഷ്യന്മാരോടു പറഞ്ഞു. ''വിശാലമായ ലോകത്തേക്കാണ് നിങ്ങൾ പോകുന്നത്. ഞാൻ നിങ്ങൾക്കു നൽകിയ വിജ്ഞാനം പല സന്ദർഭങ്ങളിലും നിങ്ങൾക്ക് പ്രയോഗിക്കേണ്ടതായി വരും. തക്ക സമയത്ത് തക്കവിധത്തിൽ ഓരോന്നും വിദഗ്ധമായി പ്രയോഗിച്ചുകൊണ്ട് സമൂഹത്തിനും നിങ്ങൾക്കും പ്രയോജനകരമായി തീരുംവിധം വിനിയോഗിക്കുക.''

ശിഷ്യന്മാർ മൂന്നുപേരും ഗുരുവിനെ വന്ദിച്ച് യാത്രയാരംഭിച്ചു. അവർ നടന്നുനടന്ന് മുന്നോട്ടുനീങ്ങുകയാണ്. അപ്പോഴാണ് അപ്രതീക്ഷിതമായി അവരുടെ വഴിതടയപ്പെട്ടത്. ഒരു മലയിടിഞ്ഞുവീണ് ഒരു കുന്ന് രൂപപ്പെട്ടിരിക്കുകയാണ് വഴിക്കു കുറുകെ. മൂന്നുപേരും പരസ്പരം നോക്കി. എങ്ങനെ മുന്നോട്ടു പോകും? എന്തുചെയ്യും? അവർ പരസ്പരം മുഖത്തോടുമുഖം നോക്കി അല്പനേരമങ്ങനെ നിന്നു. ഓരോരുത്തരും തങ്ങളുടെ വഴിയേതെന്ന് ആലോചിക്കുകയായിരുന്നു.

അവരിലൊരാൾ ഒരു വഴി കണ്ടെത്തിയതുപോലെ പറഞ്ഞു. ''ചങ്ങാതിമാരെ, ഞാൻ തിരിച്ചുപോയി മറ്റേതെങ്കിലും വഴിയെ പോകാമെന്നു വിചാരിക്കുകയാണ്.''

ഇതുകേട്ട് രണ്ടാമൻ പറഞ്ഞു. ''ഛെ, ഛെ, അതു മണ്ടത്തരമാണ്. ഒത്തിരി വഴി ചുറ്റിക്കറങ്ങേണ്ടതായി വരും. ഏതായാലും തിരിച്ചുപോകാൻ ഞാനില്ല. നമുക്ക് ഈ കുന്നിനുമുകളിലൂടെ കയറി അപ്പുറം കടന്ന് മുന്നോട്ടു പോകാം.''

രണ്ടുപേരുടെയും അഭിപ്രായങ്ങൾ കേട്ടുനിന്ന മൂന്നാമൻ പറഞ്ഞു ''ചങ്ങാതിമാരേ, ഈ മൺകൂന തടഞ്ഞിരിക്കുന്നത് നമ്മുടെ വഴി മാത്രമല്ല. ഈ വഴി വരുന്ന എത്രയോ യാത്രക്കാരുടെ വഴി ഈ മൺകൂന മൂലം തടയപ്പെട്ടിരിക്കുകയാണ്. നമുക്ക് തിരിച്ചുപോകേണ്ട. മൺകൂന കയറിമറിയുകയും വേണ്ട. വഴിയിൽ ഇടിഞ്ഞുവീണു കിടക്കുന്ന ഈ മണ്ണു നീക്കിയാൽ നമുക്ക് മുന്നോട്ടു പോകാം. ഈ വഴി വരുന്നയാത്രക്കാർക്കും അത് സഹായകമാകും. നമ്മൾ ഈ മൺകൂന നീക്കം ചെയ്യാൻ തുടങ്ങുമ്പോൾ മറ്റുള്ളവരും നമ്മോടു ചേരും. അങ്ങനെ നമുക്കും നമ്മുടെ സഹോദരങ്ങൾക്കും മുന്നേറാനുള്ള വഴിയൊരുക്കാം.''

ഇതുപറഞ്ഞുകൊണ്ട് ആ ശിഷ്യൻ തന്റെ വലതുകരം ചങ്ങാതിമാരുടെ നേരെ നീട്ടി. മറ്റുരണ്ടുപേരും ചങ്ങാതി നീട്ടിയ കൈയിൽ മുറുകെപ്പിടിച്ചുകൊണ്ട് തങ്ങളുടെ സമ്മതം അറിയിച്ചു. ഒത്തുചേർന്ന് നന്മയിലേക്കൊരു മുന്നേറ്റം!



# വരിക്കച്ചക്ക

ഇ പി ആർ വേശാല



വരിക്കച്ചക്ക പറിച്ചുവച്ച്
പഴുത്തശേഷം മുറിച്ചെടുത്ത്
വൃത്തിയായി ചെത്തിവച്ച്
ചക്കച്ചുള ഇരിഞ്ഞെടുത്ത്
നാക്കിലയിൽ ചീന്തിയിട്ട്
ഓരോ ചീന്തും തേനിൽ മുക്കി
തിന്നുനോക്കൂ, എന്തുരസം!
ആഹാ, തിന്നാനെന്തുരസം.
കൂട്ടുകാരേ, കേട്ടപ്പോഴേ
വെള്ളമൂറി വായിലല്ലേ!

വര: ആശ ആർ





# തിരിച്ചറിവ്

## സുരേന്ദ്രൻ എഴുപുന്ന



വര: ഗോപു പട്ടിത്തറ

കുഞ്ഞിക്കിളികൾക്ക് നാടുകാണാൻ മോഹം. അവർ അമ്മയോട് അനുവാദം ചോദിച്ചു. അമ്മ സമ്മതിച്ചു. കുഞ്ഞിക്കിളികൾ പുറത്തേക്കു പറന്നു. അതാ ഒരു മരം. പഴുത്ത ഓറഞ്ചുപോലെ മനോഹരമായ പഴങ്ങൾ! ഹായ്, എന്തൊരഴക്! കുഞ്ഞിക്കിളികൾ പറന്ന് മരക്കൊമ്പിലെത്തി. ഇത്രയേറെ പഴങ്ങളുണ്ടായിട്ടും ഒരൊറ്റപ്പക്ഷിപോലും ആ മരത്തിലുണ്ടായിരുന്നില്ല.

വയറുനിറയെ പഴം തിന്നണം. കുഞ്ഞിക്കിളികൾക്കു കൊതിയായി. അവർ കുഞ്ഞിച്ചുണ്ടുകൾകൊണ്ട് പഴത്തിൽ കൊത്തി നോക്കി. പൊട്ടുന്നില്ല. പുറന്തോടിന് നല്ല കനം. വളരെ നേരം ശ്രമിച്ചപ്പോൾ തോടുപൊട്ടി. ആർത്തിയോടെ തിന്നാൻ ശ്രമിച്ചു. ഹാവൂ! എന്തൊരു കയ്പ്പ്! അൽപ്പംപോലും തിന്നാൻ കഴിയുന്നില്ല. നിരാശയോടെ അവർ മടങ്ങി.

''അനുഭവത്തിൽ നിന്നാണ് പാഠങ്ങൾ പഠിക്കുക.'' ഇതെല്ലാം കണ്ട് ദൂരെ ഇരുന്ന തള്ളപ്പക്ഷിയുടെ മനസ്സു മന്ത്രിച്ചു.

# മഹാഭാരതം

92

സുഗതകുമാരി

സഞ്ജയൻ തുടർന്നു. 'മഹാരാജാവേ, കേട്ടാലും. ഭഗവാനെ നമസ്കരിച്ച് വീണ്ടും ഓജസ്വിയും ഊർജസ്വലനുമായി തേരിൽ എഴുന്നേറ്റ് നിവർന്നുനിന്ന് ഗാണ്ഡീവം കൈയിലെടുത്ത വിജയനെക്കണ്ട് പാണ്ഡവസൈന്യം ആർത്തിരമ്പുകയായി. പാണ്ഡവരും സുഹൃത്‌രാജാക്കന്മാരുമെല്ലാം സന്തോഷത്തോടെ ഉച്ചത്തിൽ ശംഖു മുഴക്കുന്നു. അതോടൊപ്പം പെരുമ്പറകളും കൊമ്പും കുഴലുമെല്ലാം ജയഘോഷം മുഴക്കി. കുരുപാണ്ഡവ യുദ്ധംകാണാൻ ദേവന്മാരും മഹർഷികളും ആകാശദേശത്തു വന്നു തിങ്ങുന്നു. രണ്ടു സൈന്യവും കടലുപോലെ ഇളകുകയാണ്. അപ്പോഴതാ യുധിഷ്ഠിരൻ തേരിൽ നിന്നിറങ്ങുന്നു, പടച്ചട്ടയൂരി, വില്ലു താഴെവെച്ച് തൊഴുകൈയുമായി കിഴക്കോട്ട് കൗരവസേനയുടെ നേർക്ക് നടക്കുന്നു. വാദ്യഘോഷങ്ങൾ പെട്ടെന്നു നിശ്ചലമായി. ജ്യേഷ്ഠൻ ഒറ്റയ്ക്കു കാൽനടയായി പോകുന്നതുകണ്ട് അർജുനൻ സംഭ്രാന്തനായി തേരിൽനിന്നു ചാടിയിറങ്ങി പിമ്പേചെന്നു. ഭീമനും നകുല സഹദേവന്മാരും പിറകേ പാഞ്ഞെത്തി. ശ്രീവാസുദേവനും തേർവിട്ടിറങ്ങി പിന്നാലെ നടക്കുകയായി. 'ജ്യേഷ്ഠാ, എങ്ങോട്ടു പോകുന്നു? ശത്രുസേനയിലേക്കോ?' എന്ന് അർജുനൻ സംഭ്രമത്തോടെ ചോദിച്ചു. മൗനമാണ് മറുപടി. 'ചട്ടയൂരി ആയുധവും വെച്ചിട്ട് ഞങ്ങളെയുംവിട്ട് ശത്രുമധ്യത്തിലേക്കു പോകുന്നുവോ?' എന്ന് ഭീമനും 'ജ്യേഷ്ഠാ പോകരുതേ, പേടി തോന്നുന്നു' എന്ന് അനുജന്മാരും വിഷമത്തോടെ പിൻവിളി വിളിച്ചിട്ടും ഒന്നും കേൾക്കാതെ ഒന്നും മിണ്ടാതെ യുധിഷ്ഠിരൻ കിഴക്കോട്ടു നടന്ന് ശരങ്ങളും വാളുകളും കുന്തങ്ങളുമുയർത്തി നിൽക്കുന്ന ശത്രുസേനയ്ക്കു നടുവിലൂടെ ഭീഷ്മപിതാമഹ സവിധത്തിലെത്തി. ഇയാൾ എന്തു ചെയ്യാൻ പോകുന്നു എന്ന് ഇരുസേനകളും ശങ്കിക്കവേ യുധിഷ്ഠിരനതാ ഭ്രാതാക്കന്മാരോടൊത്ത് ഭീഷ്മപാദങ്ങളിൽ വീണുനമസ്കരിക്കുന്നു. കാൽപിടിച്ചുകൊണ്ട് യുധിഷ്ഠിരൻ ഭീഷ്മരോടപേക്ഷിക്കുന്നു. 'മഹാവീരനായ പിതാമഹാ, അങ്ങ് ഞങ്ങളോട് എതിർക്കുകയാണ്. യുദ്ധത്തിന് അനുമതി നൽകിയാലും, അനുഗ്രഹിച്ചാലും.'

ഭീഷ്മർ പറഞ്ഞു. 'ഉണ്ണീ, നീ എന്റെയരികിൽ വന്നില്ലായിരുന്നെങ്കിൽ ഞാൻ നിന്നെ തോറ്റുപോകട്ടേ എന്നു ശപിച്ചേനെ. എന്റെ മനസ്സിതാ തെളിഞ്ഞിരിക്കുന്നു. പോയി പടവെട്ടി ജയിക്ക്. ഞാൻ അനുഗ്രഹിക്കുന്നു. യുധിഷ്ഠിരാ, ഇനിയെന്തുവേണം നിനക്ക്?'

യുധിഷ്ഠിരൻ ചോദിച്ചു. 'പിതാമഹ, അപരാജിതനായ അങ്ങയെ പോരിൽ ജയിക്കുന്നതെങ്ങനെ? വീഴ്ത്തുന്നതെങ്ങനെ? ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?'

ഭീഷ്മർ പറഞ്ഞു. 'എന്നെ യുദ്ധത്തിൽ ജയിക്കുന്നവനെ ഞാനിനിയും കാണുന്നില്ല കുഞ്ഞേ, എനിക്ക് മരണവും അടുത്തിട്ടില്ല. നീ ഇനിയൊരിക്കൽ വരിക. നിങ്ങൾക്ക് ജയം നേരുന്നു.'



## യുദ്ധം തുടങ്ങുന്നു

പിതാമഹനെ നമസ്കരിച്ചെഴുന്നേറ്റ് യുധിഷ്ഠിരൻ ദ്രോണാചാര്യരുടെ അരികിൽച്ചെന്നു കാൽപിടിച്ചു നമസ്കരിച്ചു.

ആചാര്യൻ പറഞ്ഞു. 'യുധിഷ്ഠിരാ, നീ എന്റെയരികിൽ വന്നു വന്ദിച്ചതു നന്നായി. യുദ്ധത്തിന് മുമ്പ് നീയെന്നെ ഓർമിച്ചില്ലായിരുന്നെങ്കിൽ ഞാൻ നിന്നെ ശപിച്ചേനെ. സന്തോഷമായി. നിങ്ങൾക്ക് ഞാൻ വിജയം നേരുന്നു.'

യുധിഷ്ഠിരൻ തൊഴുതു ചോദിച്ചു. 'ആചാര്യ, അപ്രതിമനായ അങ്ങയെ പോരിൽ തോൽപ്പിക്കുന്നതെങ്ങനെ? അതിന് മാർഗമില്ലല്ലോ.'

ദ്രോണർ പറഞ്ഞു. 'പാണ്ഡവ, ഞാൻ പോരിൽ തോൽക്കുന്നവനല്ല. എന്നെ തോൽപ്പിക്കാനുള്ള മാർഗം എന്നെ കൊല്ലുക എന്നതുമാത്രമാണ്. ഞാൻ മനസ്സുമടുത്ത് ആയുധംവെച്ചാൽ മാത്രമേ എന്നെ കൊല്ലാൻ സാധിക്കൂ. പോകുവിൻ, നിങ്ങൾക്കു വിജയമുണ്ടാവട്ടേ.'

ദു:ഖിതനായ യുധിഷ്ഠിരൻ കൃപാചാര്യരെയും ശല്യരെയും ചെന്നു വന്ദിച്ച് ഭ്രാതാക്കന്മാരോടും കൃഷ്ണനോടുമൊപ്പം മടങ്ങിപ്പോ

രവേ തിരിഞ്ഞുനിന്ന് ശത്രുപക്ഷത്തെ നോക്കി ഇപ്രകാരം പറഞ്ഞു. 'നിങ്ങൾക്കാർക്കെങ്കിലും പാണ്ഡവപക്ഷത്തു ചേരണമെന്നുണ്ടെങ്കിൽ വന്നുകൊൾവിൻ! സ്വാഗതം.' ഇതുകേട്ട് ധൃതരാഷ്ട്രർക്ക് വൈശ്യസ്ത്രീയിൽ ജനിച്ച കൗരവനായ യുയുത്സു തേരോടിച്ച് പാണ്ഡവപക്ഷത്തു വന്നു നിലയായി. പുതിയ മിത്രത്തെ പാണ്ഡവ സൈന്യം പടഹമടിച്ച് എതിരേറ്റു.

പാണ്ഡവരേവരും തങ്ങളുടെ തേരുകളിൽ കയറി ആയുധം കൈയിലെടുത്തപ്പോൾ സേനാവ്യൂഹങ്ങളിൽ ഹർഷാരവമുയർന്നു. ജയഘോഷങ്ങളും സ്തുതിവചനങ്ങളും ശംഖനാദങ്ങളും നൂറുനൂറു പെരുമ്പറയൊച്ചയും ഒത്തുചേർന്നു മുഴങ്ങിയുയരവേ യുദ്ധകാഹളം മുഴങ്ങി. ആദ്യമായി ദുശ്ശാസനൻ ഭീഷ്മരെ മുൻനിർത്തിക്കൊണ്ടു മുന്നേറി ആക്രമണമാരംഭിച്ചു. അതുകണ്ട ഭീമൻ മുൻപിട്ടിറങ്ങി ഒപ്പമെത്തുന്ന പാണ്ഡവരോടും ധൃഷ്ടദ്യുമ്നനോടുമൊപ്പം പ്രത്യാക്രമണം തുടങ്ങി. ആനപ്പടതങ്ങളിലും കുതിരപ്പടതങ്ങളിലും ഏറ്റുമുട്ടി. കുതിരകളുടെ ഹേഷാരവവും മദയാനകളുടെ ചിന്നംവിളിയും ഉയരുന്നതിനിടയിൽ സിംഹത്തെപ്പോലെ കുതിച്ചു കയറുന്ന ഭീമസേനന്റെ ഉച്ചത്തിലുള്ള ഗർജനം വേറിട്ടു കേൾക്കായി. ആ അലർച്ചകേട്ട് സേനകൾ വിറച്ചുപോയി.



വര: ജയേന്ദ്രൻ

യുദ്ധകാഹളം മുഴങ്ങി. ആദ്യമായി ദുശ്ശാസനൻ ഭീഷ്മരെ മുൻനിർത്തിക്കൊണ്ടു മുന്നേറി ആക്രമണമാരംഭിച്ചു. അതുകണ്ട് ഭീമൻ മുൻപിട്ടിറങ്ങി ഒപ്പമെത്തുന്ന പാണ്ഡവരോടും ധൃഷ്ടദ്യുമ്നനോടുമൊപ്പം പ്രത്യാക്രമണം തുടങ്ങി. ആനപ്പടതങ്ങളിലും കുതിരപ്പടതങ്ങളിലും ഏറ്റുമുട്ടി. കുതിരകളുടെ ഹേഷാരവവും മദയാനകളുടെ ചിന്നംവിളിയും ഉയരുന്നതിനിടയിൽ സിംഹത്തെപ്പോലെ കുതിച്ചു കയറുന്ന ഭീമസേനന്റെ ഉച്ചത്തിലുള്ള ഗർജനം വേറിട്ടു കേൾക്കായി.

പേടിച്ചരണ്ട ആനകുതിരകൾക്കു മലമൂത്രങ്ങൾ പോയി. പെരുംകാറുപോലെ കടുംരൂപമെടുത്ത് കൗരവന്മാരെ വിറപ്പിച്ചുകൊണ്ടു മുന്നേറുന്ന ഭീമനോടൊപ്പം ശരവർഷം ചൊരിഞ്ഞുകൊണ്ട് സഹോദരന്മാരുമെത്തി. ദുര്യോധനനും ദുശ്ശാസനനും ദുർമുഖൻ, ദുസ്സഹൻ മുതലായ സോദരന്മാരും മറ്റ് രാജാക്കന്മാരും പെരുംവില്ലുകൾ കുലച്ച് പാമ്പുപോലുള്ള ബാണങ്ങൾ തൊടുത്ത് അവരെ നേരിട്ടു. അഭിമന്യുവും ദ്രൗപദീപുത്രന്മാരും ശരമാരി ചൊരിഞ്ഞു. ഇരുകൂട്ടരും പിൻവാങ്ങുന്നില്ല. സേനാനിരകൾ തെരുതെരെ വീണുതുടങ്ങി. ഇരുകൂട്ടരും ദ്രോണശിഷ്യന്മാർ, കൈക്കരുത്തും കൈവേഗവുമുള്ളവർ. വളഞ്ഞു നിവരുന്ന വില്ലുകളുടെനാദവും അമ്പുകളുടെചീറ്റലും ആകാശംപിളർക്കുമാറു കേൾക്കായി. രണ്ടു സൈന്യങ്ങളും അത്യുഗ്രമായി തങ്ങളിലേറ്റു പോരാടി. പടനിലത്തുനിന്നുയരുന്ന പൊടിപടലത്താൽ സൂര്യൻ മൂടപ്പെട്ടു. യുദ്ധം കൂടുതൽ ഘോരമായി. നൂറുകണക്കിന് യോദ്ധാക്കൾ പടക്കളത്തിൽ വീണ് മരിക്കുന്നു. അവർക്കു മുകളിലൂടെ തേരുകളും കുതിരകളും ആനകളും ഇരമ്പി മുന്നേറുന്നു. പോർവിളികളോടൊപ്പം ആർത്തനാദങ്ങൾ മുഴങ്ങുന്നു. ഗംഗാപുത്രനായ ഭീഷ്മരും അർജുനനും തീവ്രയുദ്ധം ചെയ്യുന്നുവെങ്കിലും ഇരുവരും ഇളകുന്നില്ല. സാത്യകിയും ഭോജരാജനും കൃതവർമാവുമെല്ലാം പൂത്ത മുരിക്കുമരങ്ങളെപ്പോലെ ചോരയണിഞ്ഞുനിന്നു പോരാടുകയായി. അഭിമന്യു ബൃഹൽബലന്റെ ധ്വജം മുറിച്ചെറിഞ്ഞു സൂതനെയും കൊന്നുവീഴ്ത്തി. ദുര്യോധനനും ഭീമനും ഏറെ വിശപ്പെഴുന്ന രണ്ട് സിംഹങ്ങൾപോലെ ഉഗ്രമായി പൊരുതുന്നു. ദുശ്ശാസനൻ നകുലനോടേൽക്കുന്നു. നകുലൻ ദുശ്ശാസനന്റെ കൊടിയും വില്ലുമമ്പും ചിരിച്ചുകൊണ്ട്മുറിച്ചിട്ട് ബാണങ്ങളാൽ അവന്റെ മെയ് മൂടുന്നു. യുധിഷ്ഠിരൻ ശകുനിയോട് രോഷത്തോടെ പോരാടുന്നു. തന്റെ വില്ല് ശകുനി മുറിച്ചുകളഞ്ഞപ്പോൾ ഊക്കുള്ള മറ്റൊരു വില്ലെടുത്ത് യുദ്ധം തുടരുന്നു. *(തുടരും)*

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## കുടിയിറക്കം

ശ്രീനന്ദ പി, ശ്രീവത്സം, നെല്ലോളിപ്പറമ്പ്,
ചട്ടിപ്പറമ്പ് പി ഒ, മലപ്പുറം 676504



അണ്ണാറക്കണ്ണന്റെയും കിളികളുടെയും നിലവിളി കേട്ടാണ് കുഞ്ഞിക്കിളി ഉറക്കത്തിൽ നിന്നും ഉണർന്നത്. സാധാരണ അവൾ ഉണരുന്നത് ഇവരുടെ മധുരമായ നാദം കേട്ടുകൊണ്ടാണ്. അവൾ തന്റെ കുഞ്ഞു ശരീരവും കഴുത്തും ഉപയോഗിച്ച് എന്താണ് സംഭവിക്കുന്നതെന്നറിയാൻ ആവതും ശ്രമിച്ചു. പക്ഷേ സംഭവിക്കുന്നതെന്താണെന്ന് അവൾക്കു മനസ്സിലാക്കാൻ സാധിച്ചില്ല. പരിഭ്രമിച്ചു നിൽക്കുന്ന അണ്ണാറക്കണ്ണനെക്കണ്ട് അവൾ അവനോട് ചോദിച്ചു. 'എന്താണ് സംഭവിക്കുന്നത്?' അവന്റെ മറുപടികേട്ട് അവൾ തെല്ലൊന്നുമല്ല പരിഭ്രമിച്ചത്. മറുപടി എന്താണെന്നോ? ഏതോ ഒരു ഭീകരയന്ത്രം നമ്മുടെ കാട്ടിൽ അതിക്രമിച്ചു കയറിയിരിക്കുന്നു. ആനയേക്കാൾ ഭീകരമായ ആ യന്ത്രം കാടിനെ വിറപ്പിക്കും കണക്കെ, സിംഹത്തെപ്പോലും വെല്ലുന്ന രീതിയിൽ ഗർജിക്കുന്നു. ആ യന്ത്രത്തോടൊപ്പം കുറേ മനുഷ്യരും ഉണ്ട്. അത് മരങ്ങളെല്ലാം മാന്തി നശിപ്പിക്കുകയാണ്. അതിന്റെ തുമ്പിക്കൈപ്പോലുള്ള വാലാലും കൈയാലും മൃഗങ്ങളെയും ഉപദ്രവിക്കുന്നുണ്ട്. അണ്ണാറക്കണ്ണൻ നൽകിയ വിവരണത്തിൽ നിന്ന് കുഞ്ഞിക്കിളിക്ക് മനസ്സിലായി. ആ യന്ത്രം ഒരു ജെ സി ബിയാണെന്ന്. വിവരണത്തോടൊപ്പം അവൻ അവൾക്ക് ഒരു മുന്നറിയിപ്പും നൽകി. 'നീ വേഗം ഇവിടെ നിന്ന് പൊയ്ക്കോ. ആ യന്ത്രം ഇങ്ങോട്ടാ. ഞങ്ങൾ പോവാ വേറെ കാട്ടിലേക്ക്' അൽപ്പം



വര: ഗോപു പട്ടിത്തറ

# വര



**മേഘ ആർ ഗുപ്ത, ക്ലാസ്: 8, ഹൈസ്കൂൾ, കടമ്പഴിപ്പുറം, പാലക്കാട് - 678633**



ഭയം ഉള്ളാലെ തോന്നിയെങ്കിലും തന്റെ കാടിനുവേണ്ടി മറ്റുള്ള ജീവജാലങ്ങൾക്കു വേണ്ടി പോരാടുമെന്ന ഉറച്ച തീരുമാനം അവൾ എടുത്തുകഴിഞ്ഞു. ദൃഢമായ ശബ്ദത്തിൽ അവൾ കാട്ടിലെ ജീവജാലങ്ങളോടായി പറഞ്ഞു. ''നിങ്ങൾ പോകുന്നെങ്കിൽ പൊയ്ക്കോളളൂ. പക്ഷേ നാളെ ഈ യന്ത്രം അവിടേക്കും വരും. കാടായ കാടെല്ലാം വെട്ടി നശിപ്പിക്കും. നമുക്കിതിൽ നിന്നും ഒരിക്കലും രക്ഷയുണ്ടാവില്ല. അതിനാൽ ഞാൻ ഈ യന്ത്രത്തെ നേരിടാൻ തന്നെ തീരുമാനിച്ചു.'' ധീരയായ കിളിയുടെ വാക്കുകൾ ഏവരും സ്വീകരിച്ചു. ഒന്നിച്ചു പോരാടാനായി അവർ തീരുമാനിച്ചു. അങ്ങനെ ഒരു പട സജ്ജീകരിച്ചു. മുമ്പിൽ നേതാവായി കുഞ്ഞിക്കിളി. മനുഷ്യർ സമീപിക്കുന്നതറിഞ്ഞ് അവർ മനുഷ്യരോടായി ഇങ്ങനെ വിളിച്ചുപറഞ്ഞു. ''അല്ലയോ മനുഷ്യരെ, നിങ്ങൾ വനം നശിപ്പിക്കരുത്. നിങ്ങൾ വനം നശിപ്പിച്ചാൽ അത് സ്വയം വീഴാനുള്ള കുഴി കുഴിക്കുന്നതിനു തുല്യമാണ്. അതിനാൽ നിങ്ങൾ പിന്മാറുക.'' പക്ഷേ ആർത്തി മൂത്ത മനുഷ്യർ ഇതു കേൾക്കാതെ മരം മുറിക്കുകതന്നെ ചെയ്തു. അപ്പോൾ സ്വന്തം ജീവൻ തന്നെ മറന്ന് തന്റെ കാടിനുവേണ്ടി, ജീവജാലങ്ങൾക്കുവേണ്ടി മനുഷ്യരെ അവൾ ആഞ്ഞു കൊത്താൻ തുടങ്ങി. ക്രോധത്താൽ മനുഷ്യർ യാതൊരു ദയയും കൂടാതെ അവളെ കൊന്നു. അതുകണ്ട് ദുഃഖത്തോടെ മറ്റുള്ള ജീവജാലങ്ങൾ കിളിയുടെ വാക്കു മനസ്സിലേറ്റി ആ കാടിനോട് വിടപറഞ്ഞു. അവർ കുടിയിറങ്ങി. പക്ഷേ ഇതിനെല്ലാം ഉത്തരവാദികൾ തങ്ങളെ തേടിയും ഒരു കുടിയിറക്കം കാത്തുനിൽക്കുന്നുണ്ടെന്നറിഞ്ഞില്ല. ഭൂമിയിൽ നിന്നുതന്നെയുള്ള കുടിയിറക്കം.

*(**അറിയിപ്പ്**: ഇളംതളിരിലേക്കുള്ള രചനകൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്- ന്റെ സാക്ഷ്യപത്രത്തോടൊപ്പം സ്കൂൾ അഡ്രസ്സും വച്ച് അയച്ചുതരിക)*

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 'ഹരിത' ഓഫീസായി പ്രഖ്യാപിച്ചു



ജൂൺ 5 പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രീൻ പ്രോട്ടോകോൾ ഓഫീസായി ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ പ്രഖ്യാപിച്ചു. സർക്കാർ ഓഫീസുകളിൽ ഹരിതപെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ജൂൺ അഞ്ചിന് ഇൻസ്റ്റിറ്റ്യൂട്ട് ഇത്തരമൊരു ചടങ്ങ് സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി ഓഫീസും പരിസരവും ജീവനക്കാർ വൃത്തിയാക്കുകയും ചുറ്റുവട്ടത്ത് ചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്തു. ഹരിതപെരുമാറ്റച്ചട്ടം അനുശാസിക്കുന്ന കാര്യങ്ങൾ പ്രദർശിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുകയും പ്രതിജ്ഞ ഏറ്റുചൊല്ലുകയും ചെയ്തുകൊണ്ട് ജീവനക്കാർ ഒന്നടങ്കം ഈ പരിപാടിയിൽ പങ്കാളികളായി.

ഓഫീസും പരിസരവും വൃത്തിയാക്കുക, പുനഃചക്രമണം പ്രോത്സാഹിപ്പിക്കാത്ത സ്റ്റീൽ/പിഞ്ഞാണപ്പാത്രങ്ങളുടെ ഉപയോഗം ശീലമാക്കുക, ജൈവ-അജൈവമാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുക, ക്യാരിബാഗുകളുടെ/പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം പരമാവധി കുറയ്ക്കുക തുടങ്ങി നിത്യേന പാലിക്കേണ്ട കാര്യങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ക്രിയാത്മകമായ തീരുമാനങ്ങൾ നടപ്പിലാക്കുകയുണ്ടായി. പഴകിയ ഫർണിച്ചർ, ഫയൽ, ഇ-മാലിന്യങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

'മാലിന്യമുക്തകേരളം' എന്ന ലക്ഷ്യത്തിലേക്കുള്ള സർക്കാരിന്റെ ഓരോ ചുവടുവയ്പിലും വ്യക്തികളും സ്ഥാപനങ്ങളും ഒന്നിച്ചു കൈകോർക്കുമ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിനും അതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ചാരിതാർഥ്യമുണ്ട്.


Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

ഉണ്ടാക്കാം

# ചാടും തവള

അരവിന്ദ് ഗുപ്ത


മാഗ്നറ്റും പ്ലാസ്റ്റിക് സ്ട്രോയും ഉപയോഗിച്ച് ഒരു ചാടുന്ന തവളയെ ഉണ്ടാക്കിയാലോ....



**ആവശ്യമുള്ള സാധനങ്ങൾ**

- റിംഗ് മാഗ്നറ്റുകൾ
- പ്ലാസ്റ്റിക് സ്ട്രോ
- റബ്ബർ ഫോമിന്റെ ചെറിയൊരു ഭാഗം
- തവളയുടെ രൂപം ഒട്ടിച്ചു വയ്ക്കാനായി കുറച്ചു തടിച്ച സ്ട്രോ

ഇന്നു തന്നെ ചാടുന്ന തവളയെ ഉണ്ടാക്കി നോക്കുമല്ലോ.




1 സ്ട്രോയെ റബ്ബർ ഫോമിൽ ഉറപ്പിച്ചു നിർത്തുക. കാന്തങ്ങൾ പരസ്പരം ആകർഷിക്കത്തക്കവിധം ക്രമീകരിക്കുക. അതിന്റെ മുകളിലായി തവളയെ സ്ട്രോയിലൂടെ വയ്ക്കുക.



2 ഇനി കാന്തങ്ങൾ തമ്മിൽ വികർഷിക്കത്തക്കവിധം ക്രമീകരിക്കുക.



3 ഇനി കാന്തങ്ങളെ അമർത്തിവച്ച ശേഷം തവളയെ അതിനു മേൽ വയ്ക്കുക.



4 കാന്തങ്ങളെ ഒന്നമർത്തിയ ശേഷം വിടുക. നോക്കൂ... തവള ചാടുന്നത്.



സ്ട്രോയിലൂടെ ചാടുന്ന തവളയെ നിങ്ങൾക്കും ഉണ്ടാക്കിക്കൂടേ?

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2018-20

RNI No. 20076/70 July 2018
Regd KL/TV (N)/399/2018-2020 Published on 29-06-2018 Vol:24, Issue:07, ₹20

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**
കുട്ടികളുടെ മാസിക
വില 20രൂപ

**വാർഷികവരിസംഖ്യ 200രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.